## പ്രധാനമന്ത്രി

# നരേന്ദ്ര മോദിയുടെ പ്രസംഗങ്ങൾ



"21-ാം നൂറ്റാണ്ട് ഏഷ്യയുടെയും
ഇന്ത്യയുടേതുമാണ്. വിശ്വഗുരുവായി ഇന്ത്യ
ലോകത്തെ നയിക്കും"

അവന്തി പബ്ലിക്കേഷൻസ്

"21-ാം നൂറ്റാണ്ട് ഏഷ്യയുടെയും ഇന്ത്യയുടേതുമാണ്. വിശ്വഗുരുവായി ഇന്ത്യ ലോകത്തെ നയിക്കും"

– നരേന്ദ്ര മോദി



ഭാരതത്തിന്റെ ഒരു പ്രധാനമന്ത്രി ഇത്രയും ആവേശകരമായ ഒരു ലക്ഷ്യത്തെക്കുറിച്ചു ഹൃദയത്തിന്റെ ഭാഷയിൽ സംസാരിക്കുന്നതു കേൾക്കാൻ ഞാൻ കാത്തിരുന്നത് എന്റെ പ്രായത്തോളം നീണ്ട വർഷങ്ങളാണ്. മരുഭൂമിയിൽ നിർജ്ജീവമായി കിടന്ന ഒരു വിത്തിന്റെ കണ്ണിൽ അപ്രതീക്ഷിതമായി വീണ നീർത്തുള്ളി. ഭാരതീയനായി ജനിച്ചതിൽ അഭിമാനിക്കാവുന്ന ഒരു പുതുയുഗത്തിലേയ്ക്കു നാം കൺമിഴിക്കുകയാണ്. ഉണരൂ ജനകോടികളേ.... ഈ ആഹ്വാനം ശ്രവിക്കൂ.

മാത്യൂസ് അവന്തി
പരിഭാഷകൻ,
പബ്ലിഷർ.
Ph : 9447909519
E-Mail : avantybooks@gmail.com

AVANTY PUBLICATIONS
Parambithara cross road,
Panampilly Nagar,
Ernakulam-682036, Ph: 0484-2313640

Regd. Office, P.B.614, Wilson Street
M.L. Road, Kottayam-686001
Ph: 0481-2560649

Rs.60

# പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗങ്ങൾ

**Pradhanmanthri Narendra Modiyude**
**Prasamgangal**

(Malayalam)

Reference

Translated by
Mathews Avanty
First Edition: December 2014
Layout & Typesetting: Avanty Computers
Printed at
Avanty Printers, Kottayam

Published by
AVANTY PUBLICATIONS
PB.No:614,M.L.Road
Kottayam-686 001, Kerala,
Phone: 0481-2560649, 9446430793
*Website : www.avantypublications.com*
*e-mail : avantybooks@gmail.com*

Marketing Division
Avanty Publications
Parambithara cross road, Panampilly Nagar,
Ernakulam-682036

Phone: 0484-2313640

Distributors
Avanty Publications
kottayam,ernakulam

ISBN:
**Price Rs. 60/-**

# പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗങ്ങൾ

പരിഭാഷ: എഡിറ്റിംഗ്

**മാത്യൂസ് അവന്തി**

**അവന്തി പബ്ലിക്കേഷൻസ്**



*നരേന്ദ്ര മോദി – മാതാവ്  ഹീരാബെൻ*

## പ്രസംഗങ്ങളിൽ നിന്ന്

“എന്റെ പ്രിയപ്പെട്ടവരേ, ഈ രാജ്യം നിർമ്മിക്കപ്പെട്ടിരിക്കുന്നത് രാഷ്ട്രീയനേതാക്കളാലോ ഭരണാധികാരികളാലോ ഗവൺമെന്റുകളാലോ അല്ല. ഈ രാജ്യത്തിന്റെ ശില്പികൾ നമ്മുടെ കർഷകരാണ്, നമ്മുടെ തൊഴിലാളികളാണ്,നമ്മുടെ അമ്മമാരും സഹോദരിമാരുമാണ്, നമ്മുടെ യുവജനങ്ങളാണ്.”

✪

“ഓരോ രാജ്യത്തിന്റെയും ലോകവീക്ഷണം രൂപമെടുക്കുന്നത് അതിന്റെ സംസ്കാരത്തിൽനിന്നും തത്വചിന്താപരമായ പാരമ്പര്യത്തിൽനിന്നുമാണ്. ഇന്ത്യയുടെ പൗരാണിക ജ്ഞാനം സമസ്തലോകത്തെയും ഒറ്റ കുടുംബമായി കാണുന്നു.”

✪

"നമ്മുടെ രാജ്യം ഇവിടെവരെയെത്തിയത് നമ്മുടെ ഋഷികളും വിശുദ്ധന്മാരും നമ്മുടെ ഗുരുജനങ്ങളും നമ്മുടെ ശാസ്ത്രജ്ഞന്മാരും സാമൂഹ്യപ്രവർത്തകരും തലമുറതലമുറയായി അനുഷ്ഠിച്ചുവരുന്ന കർക്കശമായ അച്ചടക്കത്തോടും സുഖവർജ്ജനത്തോടും കൂടിയ ജീവിതരീതി കൊണ്ടാണ്. രാജ്യത്തിനുവേണ്ടി ജീവിതകാലം മുഴുവൻ യത്നിച്ച ഈ മഹനീയ വ്യക്തികളും മഹാതലമുറകളും ആഴമേറിയ ആദരവിന് അർഹരാണ്."

✪

"ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്നുകൊണ്ട് ത്രിവർണ്ണപതാകയ്ക്ക് ആദരവർപ്പിക്കാൻ ഒരു ചെറു നഗരത്തിലെ പാവപ്പെട്ട കുടുംബത്തിൽ ജനിച്ച കുട്ടിക്ക് സാദ്ധ്യമായത് ഇന്ത്യൻ ഭരണഘടനയുടെ കരുത്തും പ്രാപ്തിയും ചമൽക്കാരവും കൊണ്ടാണ്. ഇതാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ കരുത്ത്."

✪

"സഹോദരീസഹോദരന്മാരേ, നാം 21-ാം നൂറ്റാണ്ടിലാണു ജീവിക്കുന്നത്. നമ്മുടെ അമ്മമാരും സഹോദരിമാരും ഇക്കാലത്തും തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ചെയ്യേണ്ടിവരുന്നതിനെക്കുറിച്ചോർത്ത് എപ്പോഴെങ്കിലും നാം വേദനിച്ചിട്ടുണ്ടോ? സ്ത്രീയുടെ അന്തസ് സൂക്ഷിക്കുക എന്നുള്ളത് സമൂഹത്തിന്റെ പൊതുവായ ഉത്തരവാദിത്വമല്ലയോ? ഗ്രാമങ്ങളിലെ സാധുക്കളായ സ്ത്രീകൾ രാത്രിക്കുവേണ്ടി കാത്തിരിക്കുന്നു; രാത്രി വരാതെ അവർക്കു വിസർജ്ജനത്തിനു പുറത്തിറങ്ങാനാവില്ല! ഈ കാത്തിരിപ്പുമൂലം എന്തുമാത്രം ശാരീരികപീഡനമായിരിക്കും സാധുസ്ത്രീകൾ അനുഭവിക്കുന്നത്! എന്തെല്ലാം രോഗാവസ്ഥകൾക്കിതു കാരണമാകും? അമ്മപെങ്ങന്മാർക്കുവേണ്ടി ശൗചാലയങ്ങൾ നിർമ്മിക്കാനെങ്കിലും നമുക്കു ക്രമീകരണങ്ങൾ ചെയ്തുകൂടേ."

✪



"രാജ്യത്തെ എല്ലാ സ്കൂളുകളിലും ടോയ്‌ലറ്റുകൾ ഉണ്ടാക്കണം; പെൺകുട്ടികൾക്കു പ്രത്യേക ശൗചാലയങ്ങളോടെ. എങ്കിൽ മാത്രമേ നമ്മുടെ പെൺമക്കൾ മദ്ധ്യവഴിയിൽ സ്കൂൾ ഉപേക്ഷിച്ചുപോകുന്ന പ്രവണത അവസാനിപ്പിക്കാൻ കഴിയൂ. നമ്മുടെ പാർലമെന്റ് അംഗങ്ങളോട് ഞാൻ അപേക്ഷിക്കുകയാണ്; നിങ്ങളുടെ പ്രത്യേക ഫണ്ട് ഒരു വർഷത്തേക്ക് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനായി ചെലവഴിച്ചാലും."

✪

"ലോകം ഒരു വിദഗ്ദ്ധതൊഴിൽ സമൂഹത്തെ തേടുകയാണിന്ന്. ചിന്തിച്ചു നോക്കൂ. നാം ഒരു മികച്ച ഡ്രൈവറെ നോക്കുന്നു; നമുക്കവനെ കിട്ടുകയില്ല. സമർത്ഥനായ ഒരു പ്ലംബറെ തേടുന്നു; അല്ലറചില്ലറ നട്ടും ബോൾട്ടും മുറുക്കാമെന്നല്ലാതെ കുറവുകളില്ലാത്ത ഒരു മിടുക്കനെ കിട്ടാൻ പോകുന്നില്ല. ഒരു പാചകവിദഗ്ധനെയാണു തേടുന്നതെങ്കിലോ, അടുപ്പിൽ തീ ഊതാൻ അറിയാവുന്ന അനേകരെത്തും; പക്ഷെ അക്കൂട്ടത്തിൽ വിദഗ്ധന്മാർ ഉണ്ടാവില്ല. തൊഴിലില്ലാപ്പട എണ്ണിയാലൊടുങ്ങാത്തതാണ്. പക്ഷെ തൊഴിൽ അറിയുന്നവർ വിരളം. നമ്മുടെ രാജ്യത്തിന്റെ വികസനം ത്വരിതപ്പെടുത്തണമെങ്കിൽ നമ്മുടെ ദൗത്യം തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കലാവണം; നമ്മുടെ രാജ്യം വിദഗ്ദ്ധ ഭാരതം ആകണം. ലോകസമൂഹത്തോട് വരൂ, ഇന്ത്യയിൽ നിർമ്മിക്കൂ എന്ന് ആഹ്വാനം ചെയ്യുമ്പോൾ തന്നെ രാജ്യത്തെ യുവജനങ്ങളോട് ഞാൻ പറയുന്നു 'Made in India' എന്ന സന്ദേശം ലോകരാജ്യങ്ങളുടെ വിദൂരസ്ഥമായ മൂലകളിൽപോലും എത്തിക്കുക എന്നതാവട്ടെ നമ്മുടെ സ്വപ്നം."

✪

“എന്റെ സഹോദരീസഹോദരന്മാരേ, ഗവൺമെന്റിലെ എന്റെ സഹപ്രവർത്തകരേ, നിങ്ങൾക്കു ഞാൻ ഉറപ്പു തരുന്നു, നിങ്ങൾ 12 മണിക്കൂർ പണിയെടുക്കുമെങ്കിൽ ഞാൻ 13 മണിക്കൂറും നിങ്ങൾ 14 മണിക്കൂർ പണിയെ ടുക്കുമെങ്കിൽ ഞാൻ 15 മണിക്കൂറും പണിയെടുക്കു മെന്ന്. എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങൾക്കിടയിൽ നില്ക്കുന്നത് പ്രധാനമന്ത്രിയായിട്ടല്ല; പ്രധാനസേവക നായിട്ടാണ്. ഞാൻ ഗവൺമെന്റ് രൂപീകരിച്ചിരിക്കുന്നത് ഭരണാധികാരിയായിട്ടല്ല; സേവകനായിട്ടാണ്.’’

✪

“പ്രിയ ദേശവാസികളെ, നാം മുന്നേറുവാനുള്ള ദൃഢ നിശ്ചയം എടുക്കാത്തിടത്തോളം, അതിനായി സ്വയം മുന്നിട്ടിറങ്ങാത്തിടത്തോളം കാലം വഴികാട്ടികളായി ആരും മുന്നോട്ടു വരികയില്ല, വിരൽത്തുമ്പിൽ പിടിച്ച് മുന്നോട്ടു നയിക്കുവാൻ ആരുമുണ്ടാവില്ല. യാത്രയുടെ ആരംഭം കുറിക്കേണ്ടത് നാം തന്നെയാണ്, മാർഗ്ഗ ദർശകർ നമുക്കുമുമ്പേ നടന്നുകൊള്ളും. റേഡിയോ എന്ന സരളമാധ്യമത്തിലൂടെ ദൂരദൂരങ്ങളിലേക്ക്, ദരിദ്ര നാരായണന്മാരുടെ ഭവനങ്ങളിലേക്ക് എനിക്ക് എത്താൻ കഴിയും, കാരണം എന്റെയും എന്റെ രാജ്യത്തിന്റെയും ശക്തി ദരിദ്രരുടെ കുടിലുകളിലാണ്, രാഷ്ട്രത്തിന്റെ ശക്തി ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്. എന്റെ രാജ്യത്തിന്റെ ശക്തി അമ്മമാരിലും സോദരിമാരിലും യുവാക്കളിലുമാണുള്ളത്, എന്റെ ദേശത്തിന്റെ ശക്തി കർഷകരിലാണ്. നിങ്ങളുടെ വിശ്വാസത്തിലും വിശ്വസ്ത തയിലും രാജ്യം മുന്നോട്ടു പോകും. ഞാനെന്റെ വിശ്വാസം വ്യക്തമാക്കുകയാണ്, നിങ്ങളുടെ ശക്തി യിൽ എനിക്കു വിശ്വാസമുണ്ട്, അതിനാൽതന്നെ ഭാരതത്തിന്റെ ഭാവിയിലും ഞാൻ വിശ്വസിക്കുന്നു.”

✪



‘‘നമ്മുടെ യുവജനങ്ങൾ ലോകജനതയ്ക്കിടയിൽ ഭാരതത്തിന്റെ മുഖമുദ്രതന്നെ മാറ്റിക്കളഞ്ഞു. മുൻപ് ലോകം നമ്മെ കണ്ടിരുന്നതെങ്ങനെയാണ്? ദുർമന്ത്ര വാദികളുടെയും പാമ്പാട്ടികളുടെയും രാജ്യമാണ് ഇന്ത്യ എന്ന് 25-30 വർഷം മുൻപുവരെപോലും ലോകം കരുതിയിരുന്നു. പക്ഷെ എന്റെ സഹോദരീസഹോദ രന്മാരേ 20-22-23 വയസ്സുള്ള അതിസമർത്ഥരായ നമ്മുടെ യുവജനങ്ങൾ കംപ്യൂട്ടർ രംഗത്തെ വൈദഗ്ദ്ധ്യം കൊണ്ട് ലോകജനതയെ അമ്പരപ്പിച്ചു കളഞ്ഞു.”

✪

“ഇന്ത്യയിൽ പ്രകൃതിയോടുള്ള ആദരവ് ആത്മീയത യുടെ അവിഭാജ്യ ഘടകമാണ്. പ്രകൃതിയുടെ ഔദാര്യങ്ങളെ ഞങ്ങൾ വിശുദ്ധമായി കാണുന്നു.”

✪

“എന്നെ ആദരിച്ചതിലൂടെ നിങ്ങൾ ഇന്ത്യയുടെ പ്രധാന സേവകന് മഹത്വത്തിന്റെ നിമിഷങ്ങൾ പ്രദാനം ചെയ്തിരിക്കുന്നു. ഇവിടെ (അമേരിക്കയിൽ) ഇതിനു മുമ്പ് പ്രതിഭാശാലികൾ നടത്തിയ പ്രകടനങ്ങളുമായി തട്ടിച്ചു നോക്കി ഒരു ‘ചായവാല’ മാത്രമായ എന്നെ വിലയിരുത്തരുതെന്ന് ഞാൻ അപേക്ഷിക്കുന്നു.”

✪

## ഭാരതഭൂമിയുടെ 68-ാം സ്വാതന്ത്ര്യദിനം

**പ്രധാനമന്ത്രി നരേന്ദ്രമോദി ചുവപ്പുകോട്ടയുടെ കൊത്തളങ്ങളിൽ നിന്നുകൊണ്ട് ഈ വിശാലഭൂമിയിലെ 125 കോടി ജനങ്ങളെ അഭിസംബോധന ചെയ്തു.**



ആ ദീർഘപ്രസംഗത്തിനൊരു വ്യത്യസ്തത ഉണ്ടായിരുന്നു.

എഴുതി തയ്യാറാക്കിയ പ്രസംഗത്തിന്റെ യാന്ത്രികമായ ശബ്ദഘോഷം ആയിരുന്നില്ല അത്. സ്വാമി വിവേകാനന്ദനെ അനുസ്മരിപ്പിക്കുന്ന ശിരോവരണം ധരിച്ച് ഇടതും വലതും തിരിഞ്ഞ്, കൈകൾ വീശിയെറിഞ്ഞ്, ശബ്ദം ഉയർത്തിയും താഴ്ത്തിയും, ചിരിയോടെ, അർദ്ധസ്മിതത്തോടെ, ഗൗരവ ഭാവത്തോടെ, ആഴമേറിയ വിഷയങ്ങൾ ബഹിർഗമിക്കുമ്പോ ഴുണ്ടാകുന്ന സ്വാഭാവിക ശരീരഭാഷയുടെ പ്രകടനത്തോടെ

നമ്മുടെ പ്രധാനമന്ത്രി തന്റെ സ്വപ്നങ്ങൾ ജനകോടികളുമായി പങ്കു വയ്ക്കുകയായിരുന്നു. ആ പ്രസംഗത്തിന്റെ തനതു പരിഭാഷ താഴെ ആരംഭിക്കുന്നു.

എന്റെ പ്രിയപ്പെട്ട ദേശീയരേ,

രാജ്യത്തിനകത്തും വിദേശങ്ങളിലുമുള്ള എല്ലാ ഇന്ത്യാക്കാരും ഇന്ന് സ്വാതന്ത്ര്യോത്സവം ആഘോഷിക്കുകയാണ്. ഈ പരിപാവനമായ സ്വാതന്ത്യോത്സവദിനത്തിൽ ഇന്ത്യയുടെ ഈ പ്രധാന ദാസൻ സമസ്ത ഭാരതീയർക്കും ആശംസകൾ അർപ്പിക്കുന്നു.

പ്രധാനമന്ത്രിയായിട്ടല്ല പ്രധാനദാസൻ ആയിട്ടാണ് ഞാൻ നിങ്ങൾക്കിടയിൽ നില്ക്കുന്നത്. എത്ര സുദീർഘമായ സംവത്സരങ്ങൾ നീണ്ടുനിന്നു നമ്മുടെ സ്വാതന്ത്ര്യ പോരാട്ടം. അനേകം തലമുറകൾ അവരുടെ ജീവിതം അടിയറവച്ചു. എണ്ണിയാലൊടുങ്ങാത്ത ജനസഞ്ചയങ്ങൾ അവരുടെ ജീവൻ ബലി നൽകി. യുവജനങ്ങളുടെ ജീവിതം ഇരുമ്പഴിക്കുപിന്നിൽ ജീർണ്ണിച്ചു തീർന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതം സമർപ്പിച്ച എല്ലാവർക്കും ബഹുമാനാദരവുകളോടെ ഞാൻ അഭിവാദ്യങ്ങളർപ്പിക്കുന്നു.

പ്രധാനമന്ത്രി നരേന്ദ്രമോദി എന്ന നിലയിലും കോടിക്കണക്കിനുള്ള ഇന്ത്യൻ ജനതയ്ക്ക് സ്വാതന്ത്ര്യദിനത്തിന്റെ ഈ പാവന മുഹൂർത്തത്തിൽ ഞാൻ ആദരവുകളർപ്പിക്കുന്നു. അതുപോലെതന്നെ ഇന്ത്യയുടെ സ്വാതന്ത്ര്യസമര പോരാട്ടത്തിൽ ജീവൻ അർപ്പിച്ച രക്തസാക്ഷികളെ സ്മരിക്കുകയും ചെയ്യുന്നു.

ഭാരതമാതാവിന്റെ ക്ഷേമത്തിനുവേണ്ടി, ദരിദ്ര ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി, അധഃസ്ഥിതരുടെയും ദളിതരുടെയും ക്ഷേമത്തിനുവേണ്ടി, നമ്മുടെ രാജ്യത്തെ ചൂഷിതരുടെയും എല്ലാ പിന്നോക്ക ജനതയുടെയും ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാമെന്ന് ഭയഭക്തിപൂർവ്വം നാം



പ്രതിജ്ഞ ചെയ്യുമ്പോൾ ഈ സ്വാതന്ത്ര്യദിനം ഒരു മഹോത്സവമായി മാറുന്നു.

എന്റെ പ്രിയപ്പെട്ട ദേശീയരേ, ദേശസ്വഭാവത്തെ നവീകരിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമുള്ള അവസരമാണ് ദേശീയോത്സവങ്ങൾ. മഹനീയമായ ഈ ദേശീയോത്സവം നമ്മെ പ്രചോദിപ്പിക്കുന്നു; നമ്മുടെ സ്വഭാവം കൂടുതൽ നവീകരിക്കപ്പെടുന്ന തലത്തിലുള്ള ജീവിതം നയിക്കുമെന്ന് സ്വയം പ്രതിജ്ഞ ചെയ്യാൻ; നമ്മുടെ രാജ്യത്തിനുവേണ്ടി സ്വയം സമർപ്പിക്കുമെന്ന്, നമ്മുടെ എല്ലാ പ്രവൃത്തികളും രാജ്യതാല്പര്യം എന്ന പരമലക്ഷ്യവുമായി ഘടിപ്പിക്കപ്പെടുമെന്ന്; അങ്ങനെ പ്രതിജ്ഞ ചെയ്യുമ്പോൾ മാത്രമേ ഇന്ത്യയെ പുതിയ ഉയരങ്ങളിലെത്തിക്കാനുള്ള പ്രചോദനത്തിന്റെ മഹോത്സവമായി ഈ ദേശീയോത്സവം മാറുകയുള്ളൂ.

എന്റെ പ്രിയപ്പെട്ടവരേ, ഈ രാജ്യം നിർമ്മിക്കപ്പെട്ടിരിക്കുന്നത് രാഷ്ട്രീയനേതാക്കളാലോ ഭരണാധികാരികളാലോ ഗവൺമെന്റുകളാലോ അല്ല. ഈ രാജ്യത്തിന്റെ ശില്പികൾ നമ്മുടെ കർഷകരാണ്, നമ്മുടെ തൊഴിലാളികളാണ്,നമ്മുടെ അമ്മമാരും സഹോദരിമാരുമാണ്, നമ്മുടെ യുവജനങ്ങളാണ്.

> *കൃഷീവലന്റെ കുടിലിൽനിന്ന്, മുക്കുവന്റെയും ചെരിപ്പുകുത്തിയുടെയും തൂപ്പുകാരന്റെയും കുടിലിൽ നിന്ന് നവഭാരതം ഉയരട്ടെ. കടകളിൽനിന്നും കമ്പോളങ്ങളിൽ നിന്നും വ്യവസായശാലകളിൽനിന്നും അവളുയരട്ടെ. വനങ്ങളിൽനിന്നും ഉപവനങ്ങളിൽനിന്നും കുന്നുകളിൽനിന്നും മലകളിൽനിന്നും അവളുദിച്ചുപൊങ്ങട്ടെ. - സ്വാമി വിവേകാനന്ദൻ*

നമ്മുടെ രാജ്യം ഇവിടെവരെയെത്തിയത് നമ്മുടെ ഋഷികളും വിശുദ്ധന്മാരും നമ്മുടെ സംഗീതജ്ഞരും നമ്മുടെ ഗുരുജനങ്ങളും നമ്മുടെ ശാസ്ത്രജ്ഞന്മാരും സാമൂഹ്യ

പ്രവർത്തകരും തലമുറതലമുറയായി അനുഷ്ഠിച്ചുവരുന്ന കർക്കശമായ അച്ചടക്കത്തോടും സുഖവർജ്ജനത്തോടും കൂടിയ ജീവിതരീതി കൊണ്ടാണ്. രാജ്യത്തിനുവേണ്ടി ജീവിതകാലം മുഴുവൻ യത്നിച്ച ഈ മഹനീയ വ്യക്തികളും മഹാതലമുറകളും ആഴമേറിയ ആദരവിന് അർഹരാണ്.

ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്നുകൊണ്ട് ത്രിവർണ്ണപതാകയ്ക്ക് ആദരവർപ്പിക്കാൻ ഒരു ചെറുനഗരത്തിലെ പാവപ്പെട്ട കുടുംബത്തിൽ ജനിച്ച കുട്ടിക്ക് സാദ്ധ്യമായത് ഇന്ത്യൻ ഭരണഘടനയുടെ കരുത്തും പ്രാപ്തിയും ചമൽക്കാരവും കൊണ്ടാണ്. ഇതാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ കരുത്ത്. നമ്മുടെ ഭരണഘടനാ ശില്പികളിൽനിന്നു പിൻതുടർച്ചാവകാശമായി നമുക്കു ലഭിച്ച വിലതീരാത്ത പൈതൃകസ്വത്താണ് നമ്മുടെ ഭരണഘടന. ഞാൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, ചുവപ്പുകോട്ടയിൽ നിന്നുകൊണ്ട് എല്ലാ ഭരണഘടനാ ശില്പികൾക്കും പ്രണാമങ്ങളർപ്പിക്കുന്നു.

സഹോദരീസഹോദരന്മാരേ, സ്വാതന്ത്ര്യാനന്തരം നാം ഇവിടെ എത്തിനില്ക്കുന്നതിനു കാരണമായത് എല്ലാ പ്രധാനമന്ത്രിമാരുടെയും എല്ലാ ഗവൺമെന്റുകളുടെയും സംസ്ഥാന ഗവൺമെന്റുകളുടെപോലും സംഭാവന കൊണ്ടാണ്. ആധുനിക ഭാരതത്തെ ഈ ഉന്നതിയിൽ എത്തിക്കുവാനും ഇത്രയും മഹത്വം പ്രദാനം ചെയ്യുവാനും യത്നിച്ച എല്ലാ മുൻ ഗവൺമെന്റുകൾക്കും പ്രധാനമന്ത്രിമാർക്കും എന്റെ ആദരവും കൃതജ്ഞതയും പ്രകാശിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

പൗരാണികമായ സാംസ്കാരിക പാരമ്പര്യത്തിലാണ് നമ്മുടെ രാജ്യത്തിന്റെ അസ്തിവാരം പണിയപ്പെട്ടിരിക്കുന്നത്. അന്ന് വേദകാലത്ത് നാം പഠിച്ചതും പിൻചൊന്നതും നാം ഓർമ്മയിൽ സൂക്ഷിച്ചിരിക്കുന്നതുമായ ഒരു മന്ത്രമുണ്ട്. അതു





നമ്മുടെ തൊഴിൽ സംസ്കാരത്തെ സൂചിപ്പിക്കുന്നതാണ് "സംഘച്ഛധ്വം സംവദത്വം സംവോമനാംസി ജാനതാം"

നാം ഒരുമിച്ചു നടക്കുന്നു, നാം ഒരുമിച്ചു നീങ്ങുന്നു, നാം ഒന്നായി ചിന്തിക്കുന്നു. നാം ഒന്നായി പ്രതിജ്ഞ ചെയ്യുകയും നാം ഒരുമിച്ച് ഈ രാജ്യത്തെ മുമ്പോട്ടു നയിക്കുകയും ചെയ്യുന്നു.

പ്രധാനമന്ത്രി നരേന്ദ്രമോദി ഈ അടിസ്ഥാന മന്ത്രത്തെ സ്വാംശീകരിച്ചതുകൊണ്ട് 125 കോടി ജനങ്ങൾ രാജ്യത്തെ മുമ്പോട്ടു നയിച്ചു. പുതിയ ഗവൺമെന്റിന്റെ പാർലമെന്റ് സമ്മേളനം പര്യവസാനിച്ചത് ഇന്നലെ മാത്രമാണ്.

ഇന്ന്, അഭിമാനപൂർവ്വം ഞാൻ പറയുന്നു, പാർലമെന്റ് സമ്മേളനം നമ്മുടെ ചിന്തകളെയാണ് പ്രതിഫലിപ്പിച്ചത്. അത് നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പ്രതിഫലനവും

ആയിരുന്നു. ഭൂരിപക്ഷത്തിന്റെ ബലത്തിൽ മുന്നേറാൻ നാം ആഗ്രഹിക്കുന്നില്ല. അതിനു നമുക്കു താല്പര്യവുമില്ല. അതിശക്തമായ സർവ്വസമ്മതത്തിന്റെ ബലത്തിൽ മുന്നേറാനാണ് നാം ആഗ്രഹിക്കുന്നത്.

എല്ലാ പാർട്ടികളെയും പ്രതിപക്ഷത്തെയും ഒപ്പം കൂട്ടി തോളോടു തോൾ ചേർന്ന് യത്നിച്ചപ്പോൾ നമുക്ക് കീഴ്ക്കട-നടപ്പില്ലാത്ത വിജയം നേടാൻ കഴിഞ്ഞു. എന്നാൽ ഈ നേട്ടത്തിന്റെ അംഗീകാരം പ്രധാനമന്ത്രിക്കു മാത്രമുള്ളതല്ല; ഭരണകർത്താക്കൾക്കു മാത്രമുള്ളതല്ല; അത് പ്രതിപക്ഷ നേതാക്കൾക്കും പ്രതിപക്ഷത്തെ എല്ലാ അംഗങ്ങൾക്കുംകൂടി അവകാശപ്പെട്ടതാകുന്നു. ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്ന് അഭിമാനപൂർവ്വം എല്ലാ പാർലമെന്റ് അംഗങ്ങളെയും ഞാൻ പ്രണമിക്കുന്നു; എല്ലാ രാഷ്ട്രീയ പാർട്ടികളെയും ഞാൻ പ്രണമിക്കുന്നു. ഇന്നലെ അവസാനിച്ച പാർലമെന്റ് സമ്മേളനത്തിൽ അവരുടെ ശക്തമായ പിന്തുണകൊണ്ട് രാജ്യപുരോഗതി ലക്ഷ്യംവച്ചുള്ള പല തീരുമാനങ്ങളും എടുക്കുവാൻ കഴിഞ്ഞു.

സഹോദരീസഹോദരന്മാരേ, ഞാനൊരു ഡൽഹി നിവാസിയല്ല; ഇവിടെ ഞാനൊരു പരദേശിയാണ്. ഈ സ്ഥലത്തിന്റെ ഭരണനിർവ്വഹണത്തെക്കുറിച്ചോ കർമ്മപദ്ധതിയെക്കുറിച്ചോ എനിക്കറിവുണ്ടായിരുന്നില്ല. ഈ സ്ഥലത്തെ പ്രമാണിവർഗ്ഗങ്ങൾക്കിടയിൽ ഞാൻ അന്യനായിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടുമാസംകൊണ്ട് എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് അന്യനായിരിക്കെത്തന്നെ അകത്തെയാൾ എന്നൊരു മാനസികനില എനിക്കുണ്ടായി. ഇതൊരു രാഷ്ട്രീയ വേദിയല്ല; ദേശീയ നയം വിളംബരം ചെയ്യപ്പെടുന്ന വേദിയാകുന്നു ഇത്. അതുകൊണ്ടുതന്നെ എന്റെ വീക്ഷണങ്ങൾ രാഷ്ട്രീയ കാഴ്ചപ്പാടോടെ വിലയിരുത്തപ്പെടാൻ പാടില്ല.


നമ്മുടെ രാജ്യത്തെ ഈ ദൂരമത്രയും എത്തിച്ച എല്ലാ മുൻമന്ത്രിമാരെയും ഭരണകർത്താക്കളെയും പ്രണമിക്കുന്നതായി മുൻപുതന്നെ ഞാൻ പറഞ്ഞിട്ടുള്ളതാണ്. എന്നാൽ ഇനി ഞാൻ പറയാൻ പോകുന്ന മറ്റുചില കാര്യങ്ങൾ രാഷ്ട്രീയ കാഴ്ചപ്പാടോടെ കാണാൻ പാടില്ല. പരദേശി വികാരത്തോടെ ഡൽഹിയിലെത്തിയെങ്കിലും ഡൽഹിയുടെ ആന്തരികജീവിതത്തിൽ ലയിച്ചശേഷം കാണാൻ കഴിഞ്ഞ കാഴ്ച എന്നെ അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഒരു മുഖ്യ ഭരണകൂടത്തിനു കീഴിൽ ഡസൻകണക്കിനു ചെറുഭരണകൂടങ്ങൾ ഒരേ സമയം സർവ്വസ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുന്നു. അവയ്ക്കിടയിൽ ഐക്യമില്ലായ്മയും കലഹവും നിലനില്ക്കുന്നു. ഒരേ ഭരണകൂടത്തിന്റെതന്നെ രണ്ടു വകുപ്പുകൾ പരസ്പരം പോരടിക്കുകയും സുപ്രീം കോടതിയെ സമീപിച്ച് മറ്റൊരു വകുപ്പിനു മേൽ വിജയം നേടാൻ ശ്രമിക്കുകയും ചെയ്യുന്നു. ഒരേ രാജ്യത്തെ ഭരണ വകുപ്പുകൾക്കിടയിലെ ഈ ശത്രുതാഭാവം, അനൈക്യം എന്നെ അത്ഭുതപ്പെടുത്തി. ഈ അവസ്ഥ തുടർന്നുകൊണ്ട് രാജ്യത്തെ എങ്ങനെ പുരോഗതിയിലേയ്ക്കു നയിക്കാൻ കഴിയും! അതുകൊണ്ടാണ് പുരോഗതിയുടെ പാതയിൽ വിലങ്ങടിച്ചു നില്ക്കുന്ന ഇത്തരം ജീർണ്ണിച്ച ഭിത്തികളെ ഇടിച്ചു നിരത്താൻ ഞാൻ ആരംഭിച്ചത്. പെറുക്കിക്കൂട്ടി ചേർക്കപ്പെട്ട കൂട്ടായ്മയായിട്ടല്ലാതെ നൈസർഗ്ഗികമായ അസ്തിത്വമുള്ള, ഒരേ തരം ജീവകോശങ്ങളാൽ സൃഷ്ടിക്കപ്പെട്ട, ഐകമത്യത്തോടെ എല്ലാം ഒരേ ലക്ഷ്യത്തിലേക്കു മാർഗ്ഗദർശനം ചെയ്യപ്പെട്ട, ഒരു മനസ്സ് മാത്രമുള്ള, ഒരേയൊരു ആന്തരിക ശക്തിയാൽ നയിക്കപ്പെടുന്ന ഭരണകൂടമുണ്ടാക്കാൻ ഞാൻ ശ്രമിക്കുന്നത് അതുകൊണ്ടാണ്.

*ഒരു ദൃഷ്ടാന്തമെടുക്കുക. എന്തുകൊണ്ടു നാലുകോടി ഇംഗ്ലീഷുകാർ ഇവിടുത്തെ മുപ്പതുകോടി ജനങ്ങളെ അടക്കി ഭരിക്കുന്നു? മനശ്ശാസ്ത്രപരമായ സമാധാന മെന്ത്? ആ നാലു കോടി തങ്ങളുടെ മനശ്ശക്തി ഒരുമിച്ചു കൂട്ടുന്നു. അനന്തമായ സാമർത്ഥ്യം അതിൽനിന്നുണ്ടാ കുന്നു. മുപ്പതു കോടിയുള്ള നിങ്ങൾക്കോ, ഓരോരു ത്തർക്കും വേറെ വേറെ മനസ്സാണ്. അതുകൊണ്ട് ഭാരതത്തിന്റെ ഭാവി ഉജ്ജ്വലമാക്കിത്തീർക്കണമെങ്കിൽ അതിനുള്ള രഹസ്യം സംഘടനയാണ്, ശക്തി സംഭരണ മാണ്, ഇച്ഛാശക്തികളുടെ സമവായമാണ്.*

*– സ്വാമി വിവേകാനന്ദൻ*

പുരോഗതിയെന്ന ഒരേയൊരു ലക്ഷ്യത്തിലേക്കു രാജ്യത്തെ നയിക്കുമെന്നു നമുക്കു പ്രതിജ്ഞ ചെയ്യാം. ആ ലക്ഷ്യത്തിലേക്ക് നീങ്ങാൻ വേണ്ട എല്ലാ കരുത്തും നമുക്കുണ്ട്. ഏതാനും ദിവസം മുൻപ്മുതൽ വർത്തമാനപത്രങ്ങളിൽ നിറയെ വാർത്തകൾ കാണുന്നു; മോദിജിയുടെ സർക്കാർ വന്നു, ഉദ്യോഗസ്ഥന്മാർ ഓഫീസുകളിൽ യഥാസമയം എത്തുന്നു, ഓഫീസുകൾ നിശ്ചിതസമയത്തു തുറക്ക പ്പെടുന്നു, ജനങ്ങൾക്കവിടെ കൃത്യസമയത്ത് എത്താൻ കഴി യുന്നു. ഇന്ത്യയിലെ ദേശീയ ദിനപത്രങ്ങളും ടി വി മാധ്യമ ങ്ങളും ഈ വാർത്ത പ്രാമുഖ്യത്തോടെ വഹിക്കുന്നത് ഞാൻ ശ്രദ്ധിക്കുന്നു.

എനിക്കു പക്ഷേ ദുഃഖമാണു തോന്നുന്നത്. ഭരണ കൂടത്തിന്റെ തലവൻ എന്ന നിലയിൽ എല്ലാം യഥാസമയം ചലിച്ചുതുടങ്ങി എന്നറിയുമ്പോൾ, ശുചിത്വദൗത്യം ജനമനസ്സു കളിലേക്കു സംക്രമിച്ചു തുടങ്ങി എന്നറിയുമ്പോൾ എനിക്കു സന്തോഷം തോന്നേണ്ടതാണ്. എന്റെ ദുഃഖകാരണം ഞാൻ പരസ്യമായി പറയട്ടെ; സർക്കാർ ഉദ്യോഗസ്ഥർ യഥാസമയം ഓഫീസിൽ എത്തുന്നു എന്നുള്ളത് എങ്ങനെയാണൊരു വാർത്തയാകുന്നത്? അതൊരു വാർത്തയാകുന്നെങ്കിൽ



ഏതൊരു അധഃപതിച്ച കുഴിയിലായിരുന്നു നാം വീണിരുന്നത്! ഭരണകൂടങ്ങൾ മുൻപ് എങ്ങനെയാണു ചലിച്ചിരുന്നത് എന്നതിന് ഇതല്ലേ പ്രകടമായ തെളിവ്? ഇന്ന് ദശലക്ഷ ക്കണക്കിന് ഭാരതീയരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കേണ്ട ആഗോളമത്സരവേദിയിൽ നമുക്കു വിട്ടുവീഴ്ചകളുണ്ടാവില്ല. 'അങ്ങനെ സംഭവിച്ചു ഇങ്ങനെ സംഭവിച്ചു' എന്നുള്ള നില യിൽ ഒഴിഞ്ഞുമാറി പോകാനും രാജ്യത്തിനാവില്ല.

ജനകോടികളുടെ ഉൽക്കർഷേച്ഛയെ സഫലമാക്കു ന്നതിന് ഭരണയന്ത്രത്തെ കൂടുതൽ മൂർച്ചയുള്ളതാക്കേണ്ട തുണ്ട്. കൂടുതൽ കൃത്യതയുള്ളത്, ജീവസ്സുറ്റത് ആക്കേ ണ്ടതുണ്ട്. ആ ലക്ഷ്യത്തോടെയാണ് നാം യത്നിക്കുന്നത്.

എന്റെ പ്രിയപ്പെട്ട ദേശീയരേ, ഞാൻ ഡൽഹിയിലെ ത്തിയിട്ട് അധികകാലമായിട്ടില്ല. പക്ഷെ നിങ്ങൾക്കു ഞാൻ ഉറപ്പുതരുന്നു, ഭരണകൂടത്തിലെ സേവകർ ഒക്കെയും കാര്യ പ്രാപ്തിയുള്ളവരാണ്. ശിപായി മുതൽ കാബിനറ്റ് സെക്രട്ടറി വരെ ഓരോരുത്തരും കഴിവുള്ളവരാണ്, കരുത്തുള്ളവരാണ്, പരിചയസമ്പന്നരാണ്. ആ കരുത്ത്, ഓരോ ജീവകോശ ത്തിലും നിദ്രാധീനമായി കിടക്കുന്ന ആ കരുത്ത് ഒന്നു തട്ടി യുണർത്താനാണു ഞാൻ ശ്രമിക്കുന്നത്. ഉണർത്തപ്പെട്ട ആ കരുത്തിനെ ഒന്ന് ഏകീഭവിപ്പിച്ച് മഹാശക്തിയാക്കി രാജ്യ ക്ഷേമത്തിലേക്കുള്ള ഗമനം ത്വരിതഗതിയിലാക്കാനാണു ഞാൻ യത്നിക്കുന്നത്. തീർച്ചയായും അതു ഞാൻ ചെയ്തി രിക്കും. ആ ലക്ഷ്യത്തിൽ എത്തുമെന്ന് എന്റെ ദേശീയർക്ക് ഉറപ്പുതരാൻ ഞാൻ ആഗ്രഹിക്കുന്നു, നാം തീർച്ചയായും അവിടെ എത്തുകതന്നെ ചെയ്യും. മെയ് 16-ന് എനിക്കതു പറയാൻ കഴിയുമായിരുന്നില്ല. പക്ഷെ രണ്ടു രണ്ടര മാസത്തെ അനുഭവപരിചയംകൊണ്ട് ത്രിവർണ്ണ പതാകയെ സാക്ഷി നിർത്തി ഞാൻ പറയുന്നു, ഇതു സാദ്ധ്യമാണ്, നാം ലക്ഷ്യം നേടുകതന്നെ ചെയ്യും.

സഹോദരീസഹോദരന്മാരേ, നമുക്കൊരു ദേശീയ സ്വഭാവം ഉണ്ടോ എന്നും നമുക്കു സ്വാതന്ത്ര്യം നേടിത്തന്ന ആ മഹാവ്യക്തികളുടെ സ്വപ്നത്തിലുണ്ടായിരുന്നതുപോലെ ഒരു ഭാരതത്തെ സൃഷ്ടിക്കാൻ നമുക്കു കടമയുണ്ടോ എന്നും ഗൗരവമായി ചിന്തിക്കേണ്ട സമയം ആഗതമായിരിക്കുന്നു.

സഹോദരീസഹോദരന്മാരേ, ഒരു പൂർണ്ണദിവസത്തെ ജോലി കഴിഞ്ഞ് വൈകുന്നേരം, തന്റെ നടപടികൾ രാജ്യത്തെ പാവങ്ങളെ സഹായിക്കാനുതകുന്നതായിരുന്നോ അല്ലയോ എന്നും തന്റെ പ്രവൃത്തികൾ രാജ്യത്തിന്റെ പൊതു താല്പര്യത്തെ സംരക്ഷിക്കാനുതകുന്നതായിരുന്നോ അല്ലയോ എന്നും ആത്മപരിശോധനയ്ക്കു വിധേയമാക്കാറുണ്ട് എന്ന് നിങ്ങളിലാർക്കെങ്കിലും എന്നോടു പറയാൻ കഴിയുമോ? 125 കോടി വരുന്ന ജനസഞ്ചയത്തിന്റെ മുദ്രാ വാക്യം 'ജീവിതത്തിലെ ഓരോ ചുവടും രാജ്യതാല്പര്യത്തിനുവേണ്ടി' എന്ന് ആണോ അല്ലയോ?

> *ഇന്നിപ്പോൾ ഭാരതത്തിനുവേണ്ടതു വിലാപമല്ല, സ്വല്പം ബലമാണ്. സിരകൾക്കു കരുത്തിയറ്റുക: ഇരുമ്പിന്റെ മാംസ പേശികളും ഉരുക്കിന്റെ സിരാതന്തുക്കളുമാണ് നമുക്കു വേണ്ടത്. നാം വേണ്ടത്ര കരഞ്ഞിരിക്കുന്നു. ഇനി കരച്ചിൽ വേണ്ട. നമുക്കു വേണ്ടത് ആണുങ്ങളെ വാർത്തെടുക്കുന്ന മതങ്ങളും സിദ്ധാന്തങ്ങളും വിദ്യാഭ്യാസവുമാണ്. നമുക്കാണുങ്ങളാവുക.*
>
> *- സ്വാമി വിവേകാനന്ദൻ*

നിർഭാഗ്യവശാൽ ഇന്ന് നാം എത്തിയിരിക്കുന്ന അവസ്ഥ എന്താണെന്നു പറയാം.

നിങ്ങൾ ഒരു കർമ്മപദ്ധതിയുമായി ആരേയെങ്കിലും സമീപിച്ചു എന്നിരിക്കട്ടെ. അയാളുടെ ചോദ്യം ആരംഭിക്കുന്നത് ഇങ്ങനെയായിരിക്കും. 'ഇതിൽ എനിക്കെന്താണു കാര്യം? എനിക്കെന്തു കിട്ടും?' അതിൽ വ്യക്തിപരവും തൽക്ഷണം ലഭിക്കുന്നതുമായ നേട്ടങ്ങളൊന്നുമില്ലെന്നു ബോദ്ധ്യപ്പെടുന്ന





നിമിഷം അയാൾ പറയും 'ഇതിനുവേണ്ടി ഞാനെന്തിനുമെനക്കെടണം?'

എല്ലാം സ്വകാര്യ നേട്ടങ്ങൾക്കുവേണ്ടി മാത്രമുള്ളതല്ലെന്നും രാജ്യതാല്പര്യങ്ങൾക്കുവേണ്ടി ചിലതൊക്കെയുണ്ട് എന്നും തിരിച്ചറിയുംവിധം നമ്മുടെ ദേശീയ സ്വഭാവം നവീകരിക്കപ്പെടേണ്ടതുണ്ട്. എനിക്കെന്തു കിട്ടും ഞാൻ എന്തിനുമെനക്കെടണം എന്ന മനോഭാവത്തിൽനിന്ന് നാം ഉയരണം. ഞാൻ രാജ്യതാല്പര്യത്തിനുവേണ്ടിയാണ്, ഈ മേഖലയിൽ ഞാൻ മുമ്പേനടക്കും എന്നുചിന്തിച്ചു തുടങ്ങണം. ഈ മനോഭാവം പറഞ്ഞുപറഞ്ഞ് വീണ്ടുംപറഞ്ഞ് തുള്ളിതുള്ളിയായി മനസ്സിൽ വീഴ്ത്തി ഉറപ്പിക്കണം.

സഹോദരീ സഹോദരന്മാരേ, ഈ രാജ്യത്തു നടക്കുന്ന ബലാൽസംഗങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ അപമാനഭാരം കൊണ്ടു നമ്മുടെ തല കുനിഞ്ഞുപോകുന്നു. ഓരോ സംഭവം കഴിയുമ്പോഴും ആളുകൾ വ്യത്യസ്തമായ വാദപ്രതിവാദങ്ങളുമായി പുറത്തു വരുന്നു. ചിലർ മനഃശാസ്ത്ര

വിശകലനവുമായിട്ടാണു വരുന്നത്. പക്ഷെ, പ്രിയ സഹോദരീ സഹോദരന്മാരേ, ഈ വേദിയിൽ നിന്നുകൊണ്ട് ഈ നാട്ടിലെ അച്ഛനമ്മമാരോട് ഞാനൊന്ന് ചോദിക്കട്ടെ; നിങ്ങൾക്ക് 10–12 വയസ്സ് പ്രായമുള്ള പെൺകുട്ടിയുണ്ടെങ്കിൽ നിങ്ങൾ എപ്പോഴും ജാഗ്രതയോടെയിരിക്കും. അവർ എവിടെ പോകുന്നു എപ്പോൾ മടങ്ങിവരും എന്നിങ്ങനെ നൂറു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കും. എത്തിയാലുടൻ വിവരം അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യും. എന്നാൽ സ്വന്തം പുത്രന്മാരോട് 'നീ എവിടെ പോകുന്നുവെന്നോ എന്തിനു പോകുന്നുവെന്നോ ആരാണു നിന്റെ സുഹൃത്തെന്നോ' ചോദിക്കാനുള്ള ധൈര്യം നിങ്ങളിൽ എത്ര പേർക്കുണ്ട്. ഓരോ ബലാൽസംഗക്കാരനും ആരുടെയെങ്കിലും പുത്രനാണെന്നോർക്കുക. അവനും അച്ഛനമ്മമാരുണ്ട്; പുത്രിമാരുടെമേൽ നിങ്ങൾ ചുമത്തുന്ന നിയന്ത്രണങ്ങൾ പുത്രന്മാരുടെമേലും ചുമത്തുവാൻ ധൈര്യം കാട്ടുക. എന്റെ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നിയമം അതിന്റെ കർക്കശമായ വഴികൾ സ്വീകരിക്കും, ശക്തമായ നടപടികൾ എടുത്തിരിക്കും. പക്ഷെ എല്ലാ അച്ഛനമ്മമാർക്കും സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിൽ ഉത്തരവാദിത്വങ്ങളുണ്ടെന്നു മറക്കാതിരിക്കുക.

> *'അഹിംസയാണ് സത്യം, നമ്മയെ എതിർക്കരുത്' എന്നതെല്ലാം മഹത്തായ തത്വങ്ങൾ തന്നെ. എന്നിരുന്നാലും ശാസ്ത്രം വിധിക്കുന്നത് ആരെങ്കിലും നിന്റെ ചെകിട്ടത്തടിച്ചാൽ അതിനു തക്കവണ്ണം പകരം വീട്ടിയില്ലെങ്കിൽ 'നീ ഒരു മുഴുത്ത പാപി എന്നാണ്.' കൊല്ലാൻ വന്നവൻ ബ്രാഹ്മണൻ തന്നെ ആയാലും അയാളെ കൊല്ലുന്നതിൽ പാപമില്ലെന്ന് മനു പറയുന്നു.*
>
> *"ഗുരും വാ ബാലവൃദ്ധൗ വാ ബ്രാഹ്മണം വാ ബഹുശ്രുതം*
> *ആതതായിനമായാന്തം ഹന്യാദേവാവിചാരയൻ"*
>
> *മനു. 8/350*
>
> *- സ്വാമി വിവേകാനന്ദൻ.*



തോളിൽ തോക്കുംചാരി നടന്ന് നിരപരാധികളെ കൊല്ലുന്ന യുവാക്കൾ മാവോയിസ്റ്റുകളാണെന്നോ തീവ്രവാദികളാണെന്നോ ആരെങ്കിലും എന്നോടു പറയുന്ന പക്ഷം അവരോട് എനിക്കു പറയുവാനുള്ളത് ഈ മാവോയിസ്റ്റുകളും തീവ്രവാദികളും ഒക്കെ ആരുടെയെങ്കിലും പുത്രന്മാരാണ് എന്നുള്ളതാണ്. അത്തരം അച്ഛനമ്മമാർ 'നിങ്ങൾ എന്തിനു തലതിരിഞ്ഞ വഴി സ്വീകരിക്കുന്നു' എന്ന് മക്കളോട് ഒരിക്കലെങ്കിലും ചോദിച്ചിരുന്നുവോ? ഓരോ മാതാപിതാക്കളും ഈ ഉത്തരവാദിത്വം ശിരസ്സാ വഹിക്കേണ്ടതുണ്ട്. തന്റെ വഴി-തെറ്റിയ മകൻ നിരപരാധികളെ കൊല്ലാൻ ലാക്കുനോക്കി നടക്കുകയാണെന്ന് ഓരോ അച്ഛനും അറിയണം. മാത്രമല്ല ഇത്തരം പുത്രന്മാർ സ്വയം സേവിക്കുന്നതിനോ തന്റെ കുടുംബത്തെയോ രാജ്യത്തെയോ സേവിക്കുന്നതിനോ കഴിവുള്ളവരല്ല. നിങ്ങൾ ആരുതന്നെ ആയാലും അതു നിങ്ങളുടെ അച്ഛനമ്മമാരുടെ കാരണത്താലാണ്.

ഈ പവിത്രഭൂമിയിൽ ചോര തെറിപ്പിക്കുന്ന തോക്കിനു പകരം നിങ്ങൾ തോളിൽ ചാരുന്നതു കലപ്പയാണെങ്കിൽ ഈ ഭൂമി എത്ര ഹരിതാഭമായി തീരുമായിരുന്നു. ഇനിയെത്രനാൾ ഈ മണ്ണിൽ നാം ചോര വീഴ്ത്തും; ഇനിയെത്രനാൾ നിരപരാധികളുടെ ജീവനെടുക്കും; ഇതുവരെ ചെയ്ത ഇത്തരം പ്രവൃത്തികൾകൊണ്ട് എന്തു നേട്ടമാണ് ഉണ്ടായത്? ഹിംസയുടെ വഴികളിലൂടെ ഇതുവരെ നാം ഒന്നും നേടുകയുണ്ടായിട്ടില്ല.

സഹോദരീസഹോദരന്മാരേ, ഈയിടെ ഞാൻ നേപ്പാളിൽ പോകുകയുണ്ടായി. സമസ്തലോകവും ശ്രദ്ധിക്കുന്നതിനുവേണ്ടി ചിലതൊക്കെ ഞാൻ അവിടെ പറഞ്ഞു. ഹിംസയുടെ മാർഗ്ഗംതന്നെ പിന്തുടരുകയായിരുന്നു അശോക ചക്രവർത്തി. അദ്ദേഹം എത്ര യുദ്ധങ്ങൾ നടത്തി. ഒടുവിൽ

ചോരക്കാഴ്ചകൾ കണ്ടുമടുത്ത് അതിന്റെ നിരർത്ഥകത തിരിച്ചറിഞ്ഞ് ശ്രീബുദ്ധന്റെ പാത സ്വീകരിച്ചു. നേപ്പാളിൽ ഒരു കാലമുണ്ടായിരുന്നു, യുവജനത ഹിംസയുടെ പാത തിരഞ്ഞെടുത്ത് അതുവഴി സഞ്ചരിച്ചിരുന്ന കാലം. പക്ഷെ ഇന്ന് അതേ യുവജനത അവരുടെ ഭരണഘടനയ്ക്കുവേണ്ടി കാത്തിരിക്കുകയാണ്. അവരോടു കൂട്ടുചേർന്നിരുന്ന ആളുകൾ ഭരണഘടന രൂപകല്പന ചെയ്യുന്നതിൽ വ്യാപൃത രായിരിക്കുന്നു. ആയുധത്തിൽനിന്നു പുസ്തകത്തിലേക്കു മടങ്ങുന്നതിന്റെ ഉത്തമ ഉദാഹരണമായി നേപ്പാളിനെ ചൂണ്ടിക്കാട്ടാം. അതുവഴി ലോകത്തിലുള്ള സമസ്ത യുവ ജനതയ്ക്കും അക്രമം വെടിയാനുള്ള പ്രചോദനമായി നേപ്പാളിനു മാറാം.

സഹോദരീസഹോദരന്മാരേ, ലോകത്തിനൊരു സന്ദേശം നൽകാൻ നേപ്പാളിനു കഴിയുമെങ്കിൽ എന്തുകൊണ്ട് ഇന്ത്യയ്ക്കതു കഴിയുകയില്ല? അക്രമമാർഗ്ഗത്തോടു വിട പറയു ന്നതും സാഹോദര്യത്തിലേക്കു മടങ്ങുന്നതും കാലത്തിന്റെ വിളിയാണെന്നറിയുക.

> *എന്റെ നാട്ടിൽ ഒരു പട്ടിയെങ്കിലും വിശന്നു പട്ടിണി കിടക്കുന്ന കാലത്തോളം ഞാൻ സ്വർഗ്ഗത്തിൽ പോലും പോകാൻ ആഗ്രഹിക്കുന്നില്ല. ജനസാമാന്യത്തെ അവഗണിച്ചതാണ് നാം ചെയ്ത ദേശീയപാപം. അതാണ് നമ്മുടെ അധഃപതന കാരണം. നമ്മുടെ ജനസാമാന്യ ത്തിനു നല്ല വിദ്യാഭ്യാസവും ഭക്ഷണവും രക്ഷയും ലഭിക്കുന്നതുവരെ രാഷ്ട്രീയംകൊണ്ടു പ്രയോജന മൊന്നുമില്ല. നമ്മുടെ മുദ്രാവാക്യം സാമാന്യ ജനതയെ, അവരുടെ മതത്തെ വ്രണപ്പെടുത്താതെ ഉദ്ധരിക്കുക യെന്നതാവണം. എന്റെ നാട്ടിലെ പട്ടിപോലും ഭക്ഷണം കിട്ടാതെ, നോക്കാനാളില്ലാതെ കഷ്ടപ്പെടുകയാണെങ്കിൽ ആ നാട്ടിലെ മതം, ജനങ്ങളെ ഭരിക്കുന്ന മതം മതമേയല്ല, മറ്റെന്തോ ആണെന്നുവരും .- സ്വാമി വിവേകാനന്ദൻ*



സഹോദരീസഹോദരന്മാരേ, ഒന്നല്ലെങ്കിൽ മറ്റൊരു കാരണത്താൽ കാലങ്ങളായി നമുക്കിടയിൽ സാമുദായിക പിരിമുറുക്കമുണ്ട്. രാജ്യവിഭജനത്തിലേക്കുതന്നെ നയിക്ക പ്പെട്ടത് ഈ പിരിമുറുക്കമാണ്. സ്വാതന്ത്ര്യലബ്ധിക്കു ശേഷവും ജാതി വ്യവസ്ഥയുടെയും വർഗ്ഗീയതയുടെയും വിഷം നമുക്കിടയിൽ വ്യാപിക്കുന്നു. ഈ തിന്മ എത്രനാൾ തുടരും? ഇതുകൊണ്ട് ലാഭമുണ്ടാക്കുന്നതാരാണ്? ഇത്തരം ഒരുപാട് പോരാട്ടങ്ങൾ നാം നടത്തിക്കഴിഞ്ഞു. ധാരാളംപേർ മൃതിപ്പെട്ടു. തിരിഞ്ഞുനോക്കൂ, എന്റെ സുഹൃത്തുക്കളേ, തിരിച്ചറിയൂ, വ്യർത്ഥമായ ഈ പോരാട്ടംകൊണ്ട് ആരും ഒന്നും നേടിയിട്ടില്ലെന്ന്. ഭാരതാംബയുടെമേൽ ദുഷ്കീർത്തി വീണു, അത്രമാത്രം. അതുമാത്രമാണ് നമ്മുടെ നേട്ടം! അതുകൊണ്ട് സമസ്ത ജനങ്ങളോടും ഞാൻ അപേക്ഷിക്കുകയാണ്, നമുക്കിടയിൽ പടരുന്ന വിഷം ജാതിവ്യവസ്ഥയുടെയോ വർഗ്ഗീയതയുടെയോ പ്രാദേശികവാദത്തിന്റെയോ സാമൂഹ്യ -സാമ്പത്തിക അടിസ്ഥാനത്തിലുള്ള വിവേചനത്തിന്റെയോ ആകട്ടെ, അത് നമ്മുടെ പുരോഗതിയുടെ പാതയിൽ തടസ്സ ങ്ങളായി വിലങ്ങടിച്ചു നില്ക്കുകയേയുള്ളൂ. അതുകൊണ്ട് അടുത്ത 10 വർഷത്തേക്ക് ഇത്തരം എല്ലാ പ്രവണതകൾക്കും എതിരെ നമുക്കു സ്വയമൊരു നിരോധനാജ്ഞ പ്രഖ്യാപിക്കാം. അങ്ങിനെ എല്ലാ പിരിമുറുക്കങ്ങളിൽനിന്നും മുക്തമാക്കപ്പെട്ട സമൂഹമായി നമുക്കു മുമ്പോട്ട് ത്വരിതഗമനം ചെയ്യാം. ഏകത, സമാധാനം, സൗമനസ്യം, സാഹോദര്യം എന്നീ മഹനീയ ഗുണങ്ങൾകൊണ്ട് എത്ര പ്രചണ്ഡമായ ഊർജ്ജം സമാഹരിക്കാൻ കഴിയുമെന്ന് നമുക്കു നോക്കാം; ഒരിക്കൽ മാത്രം നമുക്കിത് പരീക്ഷണവിധേയമാക്കാം. എന്റെ പ്രിയപ്പെട്ട ദേശീയരേ എന്റെ വാക്കുകൾ വിശ്വസിക്കൂ; ഞാൻ ഉറപ്പിച്ചു പറയുന്നു, നാളിതുവരെ ചെയ്ത സകല പാപങ്ങളെയും



വർജ്ജിക്കുക; പാപത്തിന്റെ പാത ഉപേക്ഷിക്കുക, സൗമനസ്യ ത്തിന്റെയും സാഹോദര്യത്തിന്റെയും പാത സ്വീകരിക്കുക. അങ്ങനെ നമ്മുടെ രാജ്യത്തെ പുരോഗതിയിലേയ്ക്കു നയിക്കു മെന്ന് നമുക്കു പ്രതിജ്ഞ ചെയ്യാം. നമുക്കതു ചെയ്യാൻ കഴിയുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

സഹോദരീസഹോദരന്മാരേ, ശാസ്ത്രപുരോഗതി യിലൂടെ ആധുനികതയിലേക്കുയർന്നു എന്നൊരു ബോധം നമ്മുടെയൊക്കെ മനസ്സിലുണ്ട്. പക്ഷെ സത്യത്തിൽ എന്താണു നാം ചെയ്തത്. നമ്മുടെ രാജ്യത്തെ ലിംഗാനു-പാതം എങ്ങനെ നില്ക്കുന്നു എന്ന് നാം എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? 1000 ആൺകുട്ടികൾക്ക് 940 പെൺകുട്ടികൾ എന്ന നിരക്കിലാണ് ലിംഗാനുപാതം. സമൂഹത്തിലെ ഈ അസന്തുലിതാവസ്ഥയ്ക്കു കാരണം ആരാണ്? ദൈവമല്ല എന്നുള്ളത് ഉറപ്പ്. അമ്മയുടെ ഗർഭപാത്രത്തിൽ വളരുന്ന പെൺഭ്രൂണത്തിന്റെ തുടിക്കുന്ന ജീവൻ കശക്കിയെറിഞ്ഞ് കാശുണ്ടാക്കാൻ നോക്കരുതെന്ന് ഡോക്ടർമാരോട് ഞാൻ



അപേക്ഷിക്കുന്നു. പുത്രനെ സ്വപ്നംകണ്ട് കുരുന്നു പുത്രിയുടെ ജീവൻ ബലി കൊടുക്കരുതെന്ന് അമ്മ പെങ്ങന്മാരോട് ഞാൻ അപേക്ഷിക്കുന്നു. വാർദ്ധക്യദശയിൽ പുത്രൻ പരിചരിക്കുമെന്ന പ്രലോഭനത്താൽ പെൺമക്കളെ ബലികഴിക്കാൻ മാതാപിതാക്കൾ തയ്യാറായേക്കാം. പക്ഷെ പൊതുജീവിതത്തിൽ ധാരാളം ഇടപെട്ടിട്ടുള്ളതിന്റെ അനുഭവത്തിൽ ഞാൻ പറയട്ടെ 5 ആൺമക്കളുള്ള കുടുംബം; ഓരോ പുത്രന്മാർക്കും വെവ്വേറെ ബംഗ്ലാവ്; ഒന്നിലേറെ കാറുകൾ; പക്ഷെ മാതാപിതാക്കൾ വൃദ്ധാശ്രമങ്ങളിലും വയോജനകേന്ദ്രങ്ങളിലും ജീവിക്കാൻ നിർബന്ധിതരാക്കപ്പെട്ടു. ഇത്തരം കുടുംബങ്ങളെ ഞാൻ നേരിൽ കണ്ടിട്ടുള്ളതാണ്. മറ്റൊരിടത്ത് സന്തതികളായി ഒരേയൊരു പുത്രി മാത്രമുള്ള കുടുംബം. ആ പുത്രി തന്റെ സ്വപ്നങ്ങൾക്കെല്ലാം വിടപറഞ്ഞ്, അവിവാഹിതയായി, വൃദ്ധമാതാപിതാക്കളെ അവരുടെ ജീവിതകാലമത്രയും പരിചരിക്കുന്നു. ലിംഗാനുപാതത്തിലെ ഈ അസമാനത പെൺഭ്രൂണഹത്യ എന്ന സാമൂഹ്യതിന്മയി ലേക്കാണു വിരൽ ചൂണ്ടുന്നത്. എത്ര പാപപങ്കിലവും മലിനവുമായ മനസ്സാണ് 21-ാം നൂറ്റാണ്ടിനുള്ളത്.? ഈ പാപങ്ങളിൽനിന്നെല്ലാം നമുക്കു സ്വാതന്ത്ര്യം നേടാം. ഈ സ്വാതന്ത്ര്യദിന മഹോത്സവം നമുക്കു തരുന്ന സന്ദേശം അതാണ്.

ഈയിടെ കോമൺവെൽത്ത് ഗെയിംസ് സംഘടിപ്പിക്ക പ്പെട്ടുവല്ലോ. ഇന്ത്യൻ സ്പോർട്സ് താരങ്ങൾ നമ്മുടെ രാജ്യത്തെ മഹത്വപൂർണ്ണമാക്കി. 64 മെഡലുകളാണ് അവർ ജയിച്ചടക്കിയത്. എന്നാൽ അതിൽ 29-ഉം പെൺകുട്ടി കളായിരുന്നു. അവരെക്കുറിച്ച് നമുക്കഭിമാനംകൊള്ളാം. അവർക്കുവേണ്ടി കയ്യടിക്കാം. പെൺകുട്ടികളും ഭാരതത്തിന്റെ പ്രശസ്തിക്കും മഹത്വത്തിനും വേണ്ടി സംഭാവന ചെയ്യുന്നു. അവരെ നമുക്ക് അംഗീകരിക്കാം; ഒപ്പം കൂട്ടാം; തോളോടു

തോൾ ചേർത്ത് നിർത്താം. അങ്ങനെ നമ്മുടെ സാമൂഹ്യ ജീവിതത്തിലേക്ക് നുഴഞ്ഞു കയറിയിട്ടുള്ള തിന്മകളിൽനിന്നു നമുക്കു മോചിതരാകാം. അതുകൊണ്ട്, നമ്മുടെ ദേശീയ സാമൂഹ്യ സ്വഭാവം അതാണെന്നറിഞ്ഞുകൊണ്ട് ആ വഴി നമുക്കു പിന്തുടരാം.

> *ഇരുമ്പുകൊണ്ടുള്ള മാംസപേശികളും ഉരുക്കു കൊണ്ടുള്ള ഞരമ്പുകളും അവയ്ക്കുള്ളിൽ ഇടിവാൾ തീർത്ത വസ്തു കൊണ്ടുള്ള മനസ്സുമാണ് എനിക്കാവശ്യം. ശക്തി, പൗരുഷം, ക്ഷാത്രവീര്യം, ബ്രഹ്മ തേജസ്സ് -ആശയും അഴകുമുള്ള നമ്മുടെ കുട്ടികൾക്ക് ഇതെല്ലാമുണ്ട്. - സ്വാമി വിവേകാനന്ദൻ*

സഹോദരീസഹോദരന്മാരേ, രാജ്യത്തെ മുന്നോട്ടു നയിക്കണമെങ്കിൽ രണ്ടു വഴികളേയുള്ളൂ. വികസനമാണ് ഒന്ന്. ഉത്തമ ഭരണനിർവ്വഹണമാണ് രണ്ടാമത്തെ വഴി. വികസനവും ഉത്തമ ഭരണ നിർവ്വഹണവും; ഈ രണ്ടു മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ടേ നമുക്കു മുന്നേറാനാകൂ. ഉത്തമ ഭരണനിർവ്വഹണത്തേക്കുറിച്ചു പറയുന്നതിനിടെ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒരാളോട് അയാളുടെ ജോലിയെക്കുറിച്ച് ഞാൻ ചോദിച്ചപ്പോൾ ആ ജോലി (Job) ഞാൻ ചെയ്യുന്നു എന്നുപറഞ്ഞു. എന്നാൽ അതേ ചോദ്യം സർക്കാർ ജോലി ചെയ്യുന്ന ഒരാളോടു ചോദിച്ചപ്പോൾ ആ സേവനം (Service) ഞാൻ ചെയ്യുന്നു എന്നാണു പറഞ്ഞത്. രണ്ടു പേരും പ്രതിഫലം പറ്റുന്നു. ഒരാൾക്കത് ജോലിയും മറ്റേയാൾക്ക് സേവനവും ആകുന്നു. ഗവൺമെന്റ് സർവ്വീസിലുള്ള എല്ലാ സഹോദരീസഹോദരന്മാരോടും ഞാൻ ചോദിക്കട്ടെ, സേവനം (Service) എന്ന വാക്കിന്റെ കരുത്ത്, അതിന്റെ വ്യക്തിത്വം നഷ്ടപ്പെട്ടു പോയോ? സർക്കാർ സർവ്വീസിലുള്ള ആളുകൾ ജോലി ചെയ്യുന്നില്ല. അവർ സേവനമാണു ചെയ്യുന്നത്. ഈ മനോഭാവത്തെ നമുക്കൊന്നു നവീകരിക്കേണ്ടതാവശ്യമാണ്. നവീകരിക്കപ്പെട്ട ഈ മനോഭാവം



നമ്മുടെ ദേശീയ സ്വഭാവമാകണം. ഈ പന്ഥാവിലൂടെ നമുക്കു മുമ്പോട്ടു നീങ്ങണം.

സഹോദരീസഹോദരന്മാരേ, ഈ രാജ്യത്തെ പൗരന്മാർ രാജ്യക്ഷേമത്തിനുവേണ്ടി ചുവടുകൾ വയ്ക്കുമോ ഇല്ലയോ? ചിന്തിച്ചുനോക്കൂ. ഈ രാജ്യത്തെ 125 കോടി ജനങ്ങൾ മുമ്പോട്ടു ചുവടുവച്ചിരിക്കും. ജനാധിപത്യമെന്ന വാക്കിന്റെ അർത്ഥം ഒരു ഗവൺമെന്റിനെ തെരഞ്ഞെടുക്കുന്നതിൽ പരിമിതപ്പെടുന്നില്ല. ജനകോടികളുടെ പ്രതീക്ഷകളും ഉൽക്കർഷേച്ഛയും യാഥാർത്ഥ്യമാക്കുന്നതിനായി ഗവൺമെന്റുമായി തോളു ചേർന്നുനിന്ന് 125 കോടി പൗരജനങ്ങൾ പ്രവർത്തിക്കുന്നു. ഇതാണ് ജനാധിപത്യത്തിന്റെ യഥാർത്ഥ അർത്ഥം.

പൊതുജനങ്ങളുമായി നമുക്ക് പങ്കാളിത്തം ഉണ്ടാക്കേണ്ടതുണ്ട്. പൊതു- സ്വകാര്യ പങ്കാളിത്തത്തിൻ കീഴിൽ വേണം നമുക്ക് മുന്നേറാൻ. ജനങ്ങളുടെ ഭാഗഭാഗിത്വത്തോടെ വേണം നമുക്കു മുന്നേറാൻ. പക്ഷെ ദയവായി പറയൂ, എന്തുകൊണ്ടാണ് നമ്മുടെ കർഷകർ ആത്മഹത്യ ചെയ്യുന്നത്? ഒരു കർഷകൻ പലിശയ്ക്കു പണം കൊടുക്കുന്നവനിൽനിന്ന് വായ്പ വാങ്ങുന്നു, പക്ഷെ അതു തിരിച്ചുകൊടുക്കാൻ കഴിയുന്നില്ല. കർഷകൻ അയാളുടെ മകളുടെ വിവാഹാവശ്യത്തിനാണ് പണം പലിശയ്ക്കെടുത്തത്. തിരിച്ചു കൊടുക്കാൻ കഴിയാതിരുന്ന വായ്പ അയാളുടെ ജീവിതമാകെ ദുരിതപൂർണ്ണമാക്കുന്നു. അയാൾ ആത്മഹത്യയിൽ അഭയം തേടുന്നു. ഈ പാവം കർഷകരുടെ കുടുംബത്തെ ആരു രക്ഷിക്കും?

സഹോദരീസഹോദരന്മാരേ, ഈ സ്വാതന്ത്ര്യ മഹോത്സവത്തിന് ഞാൻ എത്തിയത് ഒരു പദ്ധതി ആരംഭിക്കാനുള്ള പ്രതിജ്ഞയുമായിട്ടാണ്. 'പ്രധാൻമന്ത്രി ജൻ-ധൻ യോജന' എന്നാണ് ആ പദ്ധതിയുടെ പേര്. ഈ രാജ്യത്തെ

പരമദരിദ്രരായ പൗരന്മാരെ ബാങ്ക് അക്കൗണ്ടിന്റെ സൗകര്യ ങ്ങളുമായി ബന്ധിപ്പിക്കാൻ ഈ പദ്ധതിയിലൂടെ ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്ത് ദശലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് മൊബൈൽ ഫോണുകളുണ്ട്; പക്ഷെ ബാങ്ക് അക്കൗണ്ടില്ല. ഈ രംഗസംവിധാനം മാറിയേ മതിയാകൂ. രാജ്യത്തിന്റെ സാമ്പത്തിക വിഭവങ്ങൾ ദരിദ്രന്റെ സുസ്ഥി തിക്കായി ഉപയോഗിക്കപ്പെടണം. ഇന്ന് ഇവിടെനിന്ന് മാറ്റം ആരംഭിക്കട്ടെ. ഈ 'യോജന'യിലൂടെ ഒരു ജാലകം തുറക്കു കയാണ്. പ്രധാൻമന്ത്രി ജൻ-ധൻ യോജനയിലൂടെ ബാങ്ക് അക്കൗണ്ട് എടുത്തിട്ടുള്ള പൗരന് ഒരു ഡെബിറ്റ് കാർഡ് ലഭിച്ചിരിക്കും. ഈ ഡെബിറ്റ് കാർഡിലൂടെ ഓരോ ദരിദ്ര കുടുംബത്തിനും ഒരുലക്ഷം രൂപയുടെ ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. അപകടമോ അത്യാഹിതമോ നേരി ടേണ്ടിവരുമ്പോൾ ഇത്തരം കുടുംബങ്ങൾക്ക് ഒരുലക്ഷം രൂപയുടെ ഇൻഷ്വറൻസ് സംരക്ഷണം വലിയ ആശ്വാസമായി ത്തീരുന്നു.

> *എന്റെ ചുണക്കുട്ടികളേ, നിങ്ങളൊക്കെ വൻകാര്യങ്ങൾ ചെയ്യാൻ പിറന്നവരാണെന്ന വിശ്വാസം നിങ്ങൾക്കു വേണം. നിങ്ങൾ നായ്ക്കുട്ടികളുടെ കുര കേട്ടു ഭയപ്പെട രുത്. ഇടിത്തീ വീണാൽ പോലും ഭയപ്പെടരുത്. എഴുന്നേ ൽക്കൂ. പ്രവർത്തിക്കൂ. - സ്വാമി വിവേകാനന്ദൻ*

എന്റെ സഹോദരീസഹോദരന്മാരേ, യുവജനങ്ങളുടെ രാജ്യമാണു നമ്മുടേത്. ഈ രാജ്യത്തെ ജനങ്ങളിൽ 65% പേരും 35 വയസ്സിൽ താഴെ മാത്രം പ്രായമുള്ളവരാണ്. ഇത്രയും യുവജനസമ്പത്തുള്ള ഒരു രാജ്യവും ഭൂമുഖത്തില്ല. ഈ യുവജനസമ്പത്തിന്റെ മൂല്യം രാജ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് എന്നെങ്കിലും നാം ചിന്തിച്ചിട്ടുണ്ടോ? ലോകം ഒരു വിദഗ്ദ്ധതൊഴിൽ സമൂഹത്തെ തേടുകയാണിന്ന്. ചിന്തിച്ചു നോക്കൂ. നാം ഒരു മികച്ച


ഡ്രൈവറെ നോക്കുന്നു; നമുക്കവനെ കിട്ടുകയില്ല. സമർത്ഥ നായ ഒരു പ്ലംബറെ തേടുന്നു; അല്ലറചില്ലറ നട്ടും ബോൾട്ടും മുറുക്കാമെന്നല്ലാതെ കുറവുകളില്ലാത്ത ഒരു മിടുക്കനെ കിട്ടാൻ പോകുന്നില്ല. ഒരു പാചകവിദഗ്ധനെയാണു തേടുന്ന തെങ്കിലോ, അടുപ്പിൽ തീ ഊതാൻ അറിയാവുന്ന അനേക രെത്തും; പക്ഷെ അക്കൂട്ടത്തിൽ വിദഗ്ധന്മാർ ഉണ്ടാവില്ല. തൊഴിലില്ലാപ്പട എണ്ണിയാലൊടുങ്ങാത്തതാണ്. പക്ഷെ തൊഴിൽ അറിയുന്നവർ വിരളം. നമ്മുടെ രാജ്യത്തിന്റെ വികസനം ത്വരിതപ്പെടുത്തണമെങ്കിൽ നമ്മുടെ ദൗത്യം തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കലാവണം; നമ്മുടെ രാജ്യം വിദഗ്ദ്ധ ഭാരതം ആകണം.

നമ്മുടെ രാജ്യത്തെ ദശലക്ഷക്കണക്കിനു യുവാക്കൾ തൊഴിൽ വൈദഗ്ദ്ധ്യം നേടണം. അവരെ പ്രാപ്തരാക്കു ന്നതിനുള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങളുടെ ശൃംഖല രാജ്യമൊട്ടാകെ ഉയർന്നു വരണം. ഇതുവരെ പഠിച്ചു പിന്തുടർന്ന പഴയ വഴികളിലൂടെയല്ല യുവജനത ഭാവിയിലേക്കു ചുവടുകൾ വയ്ക്കേണ്ടത്. നമ്മുടെ ഭാരതത്തെ ആധുനിക രാജ്യങ്ങളുടെ നിരയിലേക്കുയർത്തുന്നതിൽ തൊഴിൽ വിദഗ്ദ്ധരുടെ ഈ വമ്പൻ സേനയ്ക്കു വലിയ സംഭാവനകൾ ചെയ്യാൻ കഴിയും. ഭൂമുഖത്ത് ഏതു രാജ്യത്തു ചെന്നാലും ഭാരതീയന്റെ തൊഴിൽ വൈദഗ്ദ്ധ്യം പ്രശംസിക്കപ്പെടണം. ഒരു ദ്വിമുഖ വികസന പദ്ധതിയുമായി വേണം നമുക്ക് ലോക സമൂഹത്തിലേക്ക് ഇരച്ചുകയറാൻ. തൊഴിൽ ദാതാക്കളുടെ ഒരു മഹാസമൂഹത്തെത്തന്നെ ഈ യുവജനസാഗരത്തിൽ നിന്നു രൂപപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ തൊഴിൽരംഗം സൃഷ്ടിക്കാൻ പ്രാപ്തരല്ലാത്തവരും അഥവാ അതിനുള്ള അവസരം ലഭിക്കാത്തവരുമായ യുവജനങ്ങൾ താന്താങ്ങളുടെ കഠിനാദ്ധ്വാനംകൊണ്ടും കൈവേലയുടെ നൈപുണ്യംകൊണ്ടും ലോകത്തിലെ ഏതു രാജ്യത്തുമുള്ള

യുവജനസമൂഹത്തിൽ ഉന്നത ശീർഷരായി നില്ക്കുകയും ലോകജനതയുടെ ഹൃദയം കവരുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇത്തരമൊരു യുവസമൂഹത്തെ സൃഷ്ടിക്കാനുള്ള കഴിവ് നമുക്കാർജ്ജിക്കേണ്ടതുണ്ട്. എന്റെ സഹോദരീസഹോദരന്മാരേ, വൈദഗ്ദ്ധ്യവികസനം എന്ന ദൃഢപ്രതിജ്ഞയെടുത്തുകൊണ്ടാണ് ഞാൻ നില്ക്കുന്നത്. അതിവേഗത്തിൽ ഈ ലക്ഷ്യം പൂർത്തീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്റെ സഹോദരീസഹോദരന്മാരേ, ലോകം ഒരു മഹാപരിവർത്തനത്തിനു വിധേയമായിക്കഴിഞ്ഞിരിക്കുന്നു. ലോകസമ്പദ്ഘടനതന്നെ മാറിയിരിക്കുന്നു. ചലനാത്മകമല്ലാത്ത ഒരു മൂലയിൽ പ്രാക്തനചിന്തകളുമായി തനിച്ചിരുന്ന് ഭാരതത്തിന്റെ ഭാവി നിശ്ചയിക്കാൻ നമുക്കു കഴിയുകയില്ല. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുവേണം നമ്മുടെ നീക്കങ്ങൾ രൂപപ്പെടുത്താൻ. തദനുസരണം ഗവൺമെന്റ് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്, ബജറ്റിൽ ചില പ്രഖ്യാപനങ്ങളും നടത്തിയിട്ടുണ്ട്. ഈ മഹാരാജ്യത്തെ ജനങ്ങളോട്, ലോകമെമ്പാടും പടർന്നു കയറിയിട്ടുള്ള ശക്തരായ ഇന്ത്യൻ സമൂഹത്തോട് ഞാൻ ആഹ്വാനം ചെയ്യുന്നു, നമ്മുടെ യുവജനസമൂഹത്തിന് കൂടുതൽ കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകണമെങ്കിൽ ഉല്പാദനമേഖലയെ കൂടുതൽ ശക്തിപ്പെടുത്തിയേ മതിയാകൂ. കയറ്റുമതിയും ഇറക്കുമതിയും തമ്മിൽ സമതുലിതാവസ്ഥ ഉണ്ടാകണമെങ്കിൽ ഉല്പാദനമേഖല ശക്തി പ്രാപിക്കണം. യുവജനതയുടെ കാര്യക്ഷമതയും കരഗതമാക്കിയ വിദ്യാഭ്യാസവും ഉപയുക്തമാക്കണമെങ്കിൽ നാം ഉല്പാദന മേഖലയെ ശക്തിപ്പെടുത്തണം. ഈ ലക്ഷ്യപ്രാപ്തിക്ക് ഹിന്ദുസ്ഥാൻ അതിന്റെ സർവ്വശക്തിയും ഉപയോഗിക്കണം. കൂടാതെ ലോകശക്തികളേയും നാം ക്ഷണിക്കുകയാണ്.



*നമ്മുടെ മാതൃഭൂമിക്കുവേണ്ടത് ഉത്സാഹവും ശാസ്ത്രീയ ബുദ്ധിയുമാണ്. നമുക്ക് മഹത്തായ ഉത്സാഹം വേണം. അമന്ദമായ ഊർജ്ജസ്വലത വേണം. അനന്തമായ കർമ്മശക്തി വേണം. സ്ത്രൈണഭാവം കൊണ്ടു കാര്യമില്ല. ഉത്സാഹിയായ പുരുഷസിംഹത്തെ ലക്ഷ്മി ഉപാശ്രയിക്കും. പുറകോട്ട് നോക്കേണ്ട. മുന്നോട്ട് മുന്നോട്ട്! അനന്തമായ കർമ്മ ശക്തി. അനന്തമായ ഉത്സാഹം, അനന്തമായ ധൈര്യം, അനന്തമായ ക്ഷമ. എങ്കിലേ മഹാകാര്യങ്ങൾ സാധിക്കാനാവൂ.*

*- സ്വാമി വിവേകാനന്ദൻ*

അതുകൊണ്ട് ചുവപ്പുകോട്ടയുടെ ഈ കൊത്തളത്തിൽ നിന്ന് സർവ്വലോകജനതയോടും ഞാൻ അപേക്ഷിക്കുകയാണ്; വരൂ, ഇന്ത്യയിൽ നിർമ്മിക്കൂ. ഏതു ലോകരാജ്യത്തു വേണമെങ്കിലും വില്പന നടത്തിക്കൊള്ളൂ, പക്ഷെ നിർമ്മിക്കുന്നത് ഇന്ത്യയിലാവട്ടെ. നമുക്കു വൈദഗ്ദ്ധ്യമുണ്ട്, പ്രതിഭയുണ്ട്, അച്ചടക്കമുണ്ട്, നിശ്ചയദാർഢ്യമുണ്ട്. വരൂ ഇന്ത്യയിൽ വന്നു നിർമ്മിക്കൂ എന്ന് ലോകത്തോടു നമുക്കു ആഹ്വാനം ചെയ്യുകയും അതിനുള്ള അവസരം ഇവിടെയുണ്ട് എന്നു വിളംബരം ചെയ്യുകയും ചെയ്യേണ്ടതുണ്ട്. ഇലക്ട്രി-ക്കൽ മുതൽ ഇലക്ട്രോണിക്സ് വരെ, വരൂ, ഇന്ത്യയിൽ വന്നു നിർമ്മിക്കൂ. മോട്ടോർ വാഹനങ്ങൾ മുതൽ മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ വരെ, വരൂ, ഇന്ത്യയിൽ വന്നു നിർമ്മിക്കൂ. പ്ലാസ്റ്റിക് ഉല്പന്നമോ, പേപ്പറോ ആകട്ടെ വരൂ ഇന്ത്യയിൽ വന്നു നിർമ്മിക്കൂ. അന്തർവാഹിനിയോ ശൂന്യാകാശ വാഹനമോ ആകട്ടെ വരൂ, ഇന്ത്യയിൽ വന്നു നിർമ്മിക്കൂ. നമ്മുടെ ഈ രാജ്യം മഹാശക്തമാണ്; ഈ രാജ്യത്തേക്കു ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

എന്റെ സഹോദരീസഹോദരന്മാരേ, ഈ രാജ്യത്തെ യുവജനസമൂഹത്തോട് പ്രത്യേകിച്ച് ചെറുകിട വ്യവസായ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന യുവാക്കളോട്, സാങ്കേതിക



വിദ്യാഭ്യാസമേഖലയിൽ പണിയെടുക്കുന്ന യുവാക്കളോട് ഞാൻ ആഹ്വാനം ചെയ്യുന്നു, 'ഇന്ത്യയിൽ നിർമ്മിക്കുക.' ലോകസമൂഹത്തോട് വരൂ, ഇന്ത്യയിൽ നിർമ്മിക്കൂ എന്ന് ആഹ്വാനം ചെയ്യുമ്പോൾ തന്നെ രാജ്യത്തെ യുവജനങ്ങളോട് ഞാൻ പറയുന്നു 'Made in India' എന്ന സന്ദേശം ലോകരാജ്യങ്ങളുടെ വിദൂരസ്ഥമായ മൂലകളിൽപോലും എത്തിക്കുക എന്നതാവട്ടെ നമ്മുടെ സ്വപ്നം. രാജ്യത്തെ സേവിക്കണമെങ്കിൽ ഭഗത്സിംഗിനെപ്പോലെ തൂക്കിലേറ്റപ്പെടണമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ജയ് ജവാൻ ജയ് കിസാൻ എന്ന മുദ്രാവാക്യം ലാൽ ബഹാദൂർ ശാസ്ത്രി വിളംബരപ്പെടുത്തിയതാണ്. ഒരു സൈനികൻ ഭാരതമാതാവിനെ സംരക്ഷിക്കുന്നതിന് അതിർത്തിയിൽ ബലികഴിക്കപ്പെടുന്നു.



അതുപോലെതന്നെ ഭാരത മാതാവിന്റെ ധാന്യക്കലവറകൾ നിറച്ചുകൊണ്ട് കർഷകൻ അവളെ സേവിക്കുന്നു. രാജ്യത്തിന്റെ ധാന്യഅറകൾ നിറയ്ക്കുകയെന്നതാണ് ഏറ്റവും ഉന്നതവും ഉദാത്തവുമായ രാജ്യസേവനം; അത് നമ്മുടെ കർഷകർ ചെയ്യുന്നു. ഇതാണ് ലാൽ ബഹാദൂർ ശാസ്ത്രിയുടെ മുദ്രാവാക്യത്തിന്റെ അർത്ഥം.

*പർവ്വതത്തിനൊത്ത പ്രതിരോധങ്ങളെ തട്ടിത്തകർത്തുകൊണ്ടു മുന്നേറാൻ തക്ക ഇച്ഛാശക്തിയുണ്ടോ നിങ്ങൾക്ക്? കയ്യിൽ വാളുമായി സമസ്തലോകവും നിങ്ങൾക്കെതിരായി അണിനിരന്നാൽപ്പോലും ശരിയെന്നു തോന്നുന്നതു പ്രവർത്തിക്കാൻ ധൈര്യമുണ്ടോ നിങ്ങൾക്ക്? കളത്രപുത്രാദികൾ തന്നെ എതിരായാലും മാനധനാദികൾ നശിച്ചാലും നിങ്ങൾ ആ വിശ്വാസങ്ങളെ മുറുകെ പിടിച്ചുകൊണ്ടു നില്ക്കുമോ? പതറാതെ ധീരമായി ലക്ഷ്യത്തിലേക്കു യാത്രതുടരുമോ? അതാണറിയേണ്ടത്. - സ്വാമി വിവേകാനന്ദൻ*

സഹോദരീസഹോദരന്മാരേ എന്റെ യുവജനങ്ങൾക്കു മുന്നിൽ അവരുടെ ശ്രദ്ധയ്ക്കുവേണ്ടി ഒരു ചോദ്യം ഞാൻ വയ്ക്കുകയാണ്. നിങ്ങൾ ഇവിടെ ഉണ്ടായിരുന്നിട്ടും എന്തുകൊണ്ട് കൊച്ചുകൊച്ച് സാമഗ്രികൾപോലും നമുക്ക് ഇറക്കുമതി ചെയ്യേണ്ടിവരുന്നു? എന്റെ രാജ്യത്തെ യുവജനതയ്ക്ക് ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. എന്തൊക്കെ ഉല്പന്നങ്ങളാണ് ഭാരതം ഇറക്കുമതി ചെയ്യുന്നതെന്ന് അവർ ഗവേഷണം നടത്തട്ടെ; തുടർന്ന് അതിൽ ഒരു ഉല്പന്നമെങ്കിലും കുടിൽ വ്യവസായത്തിലൂടെയോ അതിസൂക്ഷ്മ വ്യവസായ യൂണിറ്റിലൂടെയോ നിർമ്മിക്കുമെന്നും ഭാവിയിൽ ആ ഉല്പന്നത്തിന്റെ ഇറക്കുമതി ആവശ്യമായി വരുത്തുകയില്ലെന്നും പ്രതിജ്ഞ ചെയ്യട്ടെ. ഇങ്ങനെയൊരു മുന്നേറ്റത്തിലൂടെ അത്തരം ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ നമുക്കു കഴിയുന്ന അവസ്ഥയിൽ എത്താൻ കഴിയും. ഇന്ത്യയിലെ

ദശലക്ഷങ്ങളായ യുവജനങ്ങൾ ഓരോരുത്തരും ഒരൊറ്റ ഉല്പന്നമെങ്കിലും ഇന്ത്യയിൽ നിർമ്മിക്കുമെന്നു പ്രതിജ്ഞ ചെയ്യുന്ന പക്ഷം നമുക്ക് പൂർണ്ണ കയറ്റുമതി രാജ്യമായി മാറാൻ കഴിയും. എന്നാൽ എന്റെ പ്രിയപ്പെട്ട യുവസംരംഭകരേ, നിങ്ങളോടു ഞാൻ പറയുന്നു, നിർമ്മാണത്തിന്റെ രണ്ടു ഘടകങ്ങളിലെങ്കിലും നിങ്ങൾ വിട്ടുവീഴ്ചയ്ക്കു തയ്യാറാ കരുത്. സീറോ ഡിഫക്ട് (Zero defect) എന്നും സീറോ എഫക്ട് (Zero effect) എന്നും അതിനു ഞാൻ ചുരുക്കപ്പേരു പറയട്ടെ. സീറോ ഡിഫക്ട് എന്നു വച്ചാൽ നാം കയറ്റുമതി ചെയ്യുന്ന യാതൊരു ഉല്പന്നവും നിലവാരം കുറഞ്ഞത് അല്ലെങ്കിൽ കേടുപാടുള്ളത് എന്നീ കാരണങ്ങളാൽ തിരിച്ചയയ്ക്കപ്പെടരുത്. രണ്ടാമതു പറഞ്ഞത് പരിസ്ഥിതി ആഘാതത്തെക്കുറിച്ചാണ്. നാം കയറ്റുമതി ചെയ്യുന്ന ഉല്പന്നങ്ങൾ ദോഷകരമായ പരിസ്ഥിതി ആഘാതം സൃഷ്ടി ക്കുന്നവയാകരുത്. ഉല്പാദന രംഗത്ത് ഈ പ്രതിജ്ഞയോടെ മുന്നേറിയാൽ നമുക്കു ലക്ഷ്യങ്ങൾ കീഴടക്കാമെന്ന് എനിക്ക് ഉറച്ച ശുഭാപ്തി വിശ്വാസമുണ്ട്.

> *നിങ്ങളുടെ മാതൃഭൂമിക്കു വീരാത്മാക്കളെ ആവശ്യമുണ്ട്; വീരന്മാരാകുവിൻ. പാറപോലെ ഉറച്ചു നില്ക്കുക. സത്യം സർവ്വദാ വിജയിക്കും. ഭാരതത്തിനു വേണ്ടത് അതിന്റെ ധമനികളിൽ പുതു വീര്യം ഉണർത്താൻ പര്യാപ്തമായ ഒരു വൈദ്യുത മഹാഗ്നിയാണ്.*
> *- സ്വാമി വിവേകാനന്ദൻ*

നമ്മുടെ യുവജനങ്ങൾ ലോകജനതയ്ക്കിടയിൽ ഭാരതത്തിന്റെ മുഖമുദ്രതന്നെ മാറ്റിക്കളഞ്ഞു. മുൻപ് ലോകം നമ്മെ കണ്ടിരുന്നതെങ്ങനെയാണ്? ദുർമന്ത്രവാദികളുടെയും പാമ്പാട്ടികളുടെയും രാജ്യമാണ് ഇന്ത്യ എന്ന് 25 – 30 വർഷം മുൻപുവരെ പോലും ലോകം കരുതിയിരുന്നു. പക്ഷെ എന്റെ സഹോദരീ സഹോദരന്മാരേ 20-22-23 വയസ്സുള്ള



അതിസമർത്ഥരായ നമ്മുടെ യുവജനങ്ങൾ കംപ്യൂട്ടർ രംഗത്തെ വൈദഗ്ദ്ധ്യംകൊണ്ട് ലോകജനതയെ അമ്പരപ്പിച്ചു കളഞ്ഞു. ഇന്ത്യയ്ക്കു പുതിയൊരു മുഖമുദ്ര നൽകുന്നതിൽ ഇൻഫർമേഷൻ ടെക്നോളജി മേഖലയിലെ വിദഗ്ദ്ധർ പുതിയൊരു പന്ഥാവു തന്നെ വെട്ടിത്തുറന്നു. ഇത്രയും ശക്തി നമുക്കുണ്ടെങ്കിൽ എന്താണ് നമ്മുടെ രാജ്യത്തെക്കുറിച്ച് നമുക്ക് ചിന്തിച്ചു കൂടാത്തത്. ആകയാൽ നമ്മുടെ സ്വപ്നം ഇനിമേൽ 'ഡിജിറ്റൽ ഇന്ത്യ' എന്നാവട്ടെ. ഡിജിറ്റൽ ഇന്ത്യ എന്നു ഞാൻ പറയുമ്പോൾ അത് വരേണ്യവർഗ്ഗത്തെ ഉദ്ദേശിച്ചല്ല, പാവപ്പെട്ടവരെ കരുതിയാണ്. ഇന്ത്യയിലെ വിദൂരമായ ഗ്രാമങ്ങളെപോലും ഇന്റർനെറ്റ് ശൃംഖലകൊണ്ടു ബന്ധിപ്പിക്കാൻ കഴിഞ്ഞാൽ ഗ്രാമാന്തരങ്ങളിലെ പാവപ്പെട്ട കുട്ടികൾക്ക് എത്ര ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം കൊടുക്കാൻ നമുക്കു കഴിയും. അതുപോലെതന്നെ ഡോക്ടർ മാരുടെ സേവനം ലഭ്യമല്ലാത്ത ഗ്രാമങ്ങളിൽ ടെലി മെഡിസിൻ, വീഡിയോ കോൺഫ്രൻസിങ് രീതിയിൽ മെഡിക്കൽ സൗകര്യങ്ങളെത്തിക്കാൻ നമുക്കു കഴിയും.

ഇന്ത്യൻ പൗരന്മാരുടെ കയ്യിൽ മൊബൈൽ ഫോണു കളുണ്ട്; അവർക്ക് മൊബൈൽ കണക്ഷനുണ്ട്. പക്ഷെ മൊബൈലിലൂടെ ഭരണനിർവ്വഹണം എന്ന ആശയത്തി ലേക്കു നീങ്ങാൻ നമുക്കു കഴിയുമോ? ഓരോ സാധു മനുഷ്യനും മൊബൈലിലൂടെ തന്റെ ബാങ്ക് അക്കൗണ്ട് ഓപ്പറേറ്റു ചെയ്യാൻ കഴിയുന്ന, ഗവൺമെന്റിൽനിന്നു തന്റെ അനേകം ആവശ്യങ്ങൾ ചോദിച്ചു വാങ്ങാൻ കഴിയുന്ന, അപേക്ഷകൾ മൊബൈലിലൂടെ സമർപ്പിക്കാൻ കഴിയുന്ന, എല്ലാ ബിസ്സിനസുകളും മൊബൈലിലൂടെ ചെയ്യാൻ കഴിയുന്ന ഒരവസ്ഥ ഉണ്ടാകണമെങ്കിൽ നാം ഡിജിറ്റൽ ഇന്ത്യ എന്ന ആശയത്തിലേക്ക് നീങ്ങിയേ മതിയാകൂ. ഇപ്പോൾ ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ വൻതോതിൽ നാം

ഇറക്കുമതി ചെയ്യുകയാണ്. ടെലിവിഷൻ, മൊബൈൽ ഫോൺ, ഐ പാഡുകൾ അങ്ങനെ എല്ലാം ഇറക്കുമതി ചെയ്യപ്പെടുകയാണെന്നറിയുമ്പോൾ സുഹൃത്തുക്കളേ നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. പെട്രോളിയം ഉല്പന്നങ്ങൾ, എണ്ണ, ഡീസൽ, പെട്രോൾ തുടങ്ങിയവ ഇറക്കുമതി ചെയ്യാതിരിക്കാനാകില്ല. എന്നാൽ ഇതിനു തൊട്ടുതാഴെ നില്ക്കുന്നത് ഇലക്ട്രോണിക്സ് ഉല്പന്നങ്ങളുടെ ഇറക്കുമതിയാണ്. ഡിജിറ്റൽ ഇന്ത്യ എന്ന സ്വപ്നത്തിലൂടെ നാം മുന്നോട്ടു പോകുകയും ഇലക്ട്രോണിക്സ് ഉല്പന്നങ്ങളുടെ നിർമ്മാണം ഇവിടെ ആരംഭിക്കുകയും ആ മേഖലയിലെങ്കിലും നാം സ്വയംപര്യാപ്തത നേടുകയും ചെയ്താൽ നമ്മുടെ പൊതു ഖജനാവിന് അതുമൂലമുണ്ടാകുന്ന നേട്ടം എത്ര വലുതായിരിക്കുമെന്നോ! ഡിജിറ്റൽ ഇന്ത്യ എന്ന ആശയവുമായി മുന്നേറുമ്പോൾ നാം എത്തിച്ചേരുന്നത് 'ഇ-ഭരണനിർവ്വഹണം' എന്ന അന്തിമലക്ഷ്യത്തിലാണ്.

'ഇ-ഭരണനിർവ്വഹണം' എന്നാൽ അനായാസ ഭരണനിർവ്വഹണം, കാര്യക്ഷമമായ ഭരണനിർവ്വഹണം, ചെലവു ചുരുങ്ങിയ ഭരണനിർവ്വഹണം എന്നൊക്കെയാണ്. രാജ്യത്തെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയാണ് റയിൽവേ എന്ന് ഒരിക്കൽ നാം പറഞ്ഞിരുന്നു. അന്ന് അതു ശരിയുമായിരുന്നു. എന്നാൽ ഞാൻ പറയുന്നു, ഇന്ന് രാജ്യത്തെ ഓരോ പൗരനേയും പരസ്പരം ബന്ധിപ്പിക്കുന്ന ചങ്ങല ഇൻഫർമേഷൻ ടെക്നോളജിയാണ് എന്ന്. അതുകൊണ്ടുതന്നെ ഡിജിറ്റൽ ഇന്ത്യയുടെ സഹായത്താൽ ഏകത്വം എന്ന മന്ത്രം നാം തിരിച്ചറിയേണ്ടതുണ്ട്. ഇതെല്ലാമായി നാം മുന്നോട്ടു പോകുന്ന പക്ഷം ഡിജിറ്റൽ ഇന്ത്യയ്ക്ക് ലോകരാഷ്ട്രങ്ങൾക്കു മുമ്പിൽ സമാനപദസ്ഥനായി നില്ക്കാനുള്ള പ്രബലശക്തിയുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ യുവജനങ്ങൾക്ക് അത്രയും കാര്യപ്രാപ്തിയുണ്ട്, അവർക്ക് ഇതൊരവസരമാകുന്നു.



*ബാലിശമാംവിധം അന്യനെ ആശ്രയിക്കുക എന്നത് ദേശീയ സ്വഭാവമായി തീർന്നിരിക്കുന്നു. ഭക്ഷണം വായിലേയ്ക്കു കൊണ്ടു ചെന്നാൽ വിഴുങ്ങുവാൻ എല്ലാവരും തയ്യാറാണ്. ചിലർക്ക് അതൊന്നു കീഴോട്ടു തള്ളിക്കൊടുത്താലും കൊള്ളാം. സ്വാശ്രയശീലമില്ലെങ്കിൽ നിങ്ങൾ ജീവിക്കാനർഹിക്കുന്നില്ല.*

*- സ്വാമി വിവേകാനന്ദൻ*

സഹോദരങ്ങളേ, നമുക്ക് വിനോദസഞ്ചാര മേഖലയും പുഷ്ടിപ്പെടുത്തേണ്ടതുണ്ട്. ദരിദ്രരിൽ ദരിദ്രരായവർക്ക് വിനോദസഞ്ചാരം തൊഴിൽ നൽകുന്നു. പൊരിക്കച്ചവടക്കാരനും മുറുക്കു വില്പനക്കാരനും ചായവാലയും ഓട്ടോറിക്ഷാ ഡ്രൈവറും വിനോദസഞ്ചാരമേഖലകൊണ്ടു വരുമാനമുണ്ടാക്കുന്നു. ചായക്കച്ചവടക്കാരനെക്കുറിച്ചു പറയുമ്പോൾ അവർ എന്റെ സ്വന്തക്കാരാണെന്നുള്ള തോന്നൽ മനസ്സിൽ തെളിയുന്നു. നമ്മുടെ രാജ്യത്ത് വിനോദ സഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് ഒരു വലിയ തടസ്സമുണ്ട്. അത് നമുക്കുചുറ്റും ചിതറിക്കിടക്കുന്ന മാലിന്യമാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇത്രയും വർഷങ്ങൾക്കു ശേഷവും 21-ാം നൂറ്റാണ്ടിലെ ഒന്നരപതിറ്റാണ്ടിനു ശേഷവും ചീഞ്ഞുനാറുന്ന മാലിന്യങ്ങൾക്കു നടുവിൽ നാം ജീവിക്കേണ്ടതുണ്ടോ? ഗവൺമെന്റ് രൂപീകരണത്തിനുശേഷം ഞാൻ ആദ്യം ചെയ്തത് ശുചീകരണ ദൗത്യമാണ്. ഒരു പ്രധാന മന്ത്രിയുടെ ദൗത്യമാണോ മാലിന്യം തൂക്കൽ എന്ന് ജനങ്ങൾ അത്ഭുതപ്പെട്ടിട്ടുണ്ടാകും. ഒരു പ്രധാനമന്ത്രി ഇത്രയും തുച്ഛമായ പണിക്കിറങ്ങരുതായിരുന്നു എന്നു ചിന്തിച്ചവരുണ്ടാകാം. എനിക്കിതു വളരെ വലിയ ജോലിയാകുന്നു. നമ്മുടെ രാജ്യത്തിന് ശുചിത്വം നേടാൻ കഴിയുകയില്ലേ? ഇനി ചുറ്റുപാടും മാലിന്യം വലിച്ചെറിയുകയില്ലെന്ന് നമ്മുടെ രാജ്യത്തെ 125 കോടി ആളുകളും തീരുമാനിക്കുന്ന പക്ഷം

ഏതു ലോകശക്തിക്കാണ് നമ്മുടെ ഗ്രാമങ്ങളിലും നഗരങ്ങളിലും മാലിന്യം വലിച്ചെറിയാൻ കഴിയുക? ഇത്രയും നമുക്കു പ്രതിജ്ഞ ചെയ്തുകൂടേ?

സഹോദരങ്ങളേ, 2019-ൽ വരാൻ പോകുന്നത് മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികമാണ്. അദ്ദേഹത്തിന്റെ ജന്മവാർഷികം നമുക്കെങ്ങനെ ആഘോഷിക്കാൻ കഴിയും? ഇത്രയും വലിയൊരു രാജ്യത്തിന് ലോകത്തിനു മുൻപിൽ മഹത്വം നേടിത്തന്ന മഹാത്മാഗാന്ധിക്ക് എന്താണു നമുക്കു കൊടുക്കാനുള്ളത്? മഹാത്മാഗാന്ധിക്ക് ശുചിത്വബോധം അദ്ദേഹത്തിന്റെ ഹൃദയത്തോടൊട്ടി നിന്നിരുന്നു. നമ്മുടെ ഗ്രാമത്തിൽ, നഗരത്തിൽ, തെരുവിൽ, സ്കൂൾ, അമ്പല, ആശുപത്രി പരിസരങ്ങളിൽ മാലിന്യത്തിന്റെ ഒരു തുണ്ടുപോലും വലിച്ചെറിയുകയില്ലെന്ന് നമുക്കു പ്രതിജ്ഞ ചെയ്തുകൂടേ? അങ്ങനെ ചെയ്താൽ 2019 ആകുമ്പോൾ എത്ര ശുചിയായിരിക്കും നമ്മുടെ രാജ്യം! എന്നാലിത് ഗവൺമെന്റിനെക്കൊണ്ടുമാത്രം സാധ്യമാകുന്ന കാര്യമല്ല; അതിന് ബഹുജനപങ്കാളിത്തം വേണം. അതുകൊണ്ടു നമുക്കിത് ഒരുമിച്ചു ചെയ്യാം.

*അനേകലക്ഷങ്ങൾ പട്ടിണിയിലും അജ്ഞതയിലും ആണ്ടു കിടക്കുന്നിടത്തോളം കാലം, അവരുടെ ചെലവിൽ (പ്രയത്ന ഫലത്താൽ) അഭ്യസ്തവിദ്യനായിട്ടും അവർക്കുവേണ്ടി ഒരു കാര്യവും ചെയ്യാത്ത ഓരോരുത്തനേയും ജനദ്രോഹിയെന്നു ഞാൻ മുദ്ര കുത്തും.*

*- സ്വാമി വിവേകാനന്ദൻ*

സഹോദരീസഹോദരന്മാരേ, നാം 21-ാം നൂറ്റാണ്ടിലാണു ജീവിക്കുന്നത്. നമ്മുടെ അമ്മമാരും സഹോദരിമാരും ഇക്കാലത്തും തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ചെയ്യേണ്ടിവരുന്നതിനെക്കുറിച്ചോർത്ത് എപ്പോഴെങ്കിലും നാം വേദനിച്ചിട്ടുണ്ടോ? സ്ത്രീയുടെ അന്തസ് സൂക്ഷിക്കുക



എന്നുള്ളത് സമൂഹത്തിന്റെ പൊതുവായ ഉത്തരവാദിത്വമല്ലയോ? ഗ്രാമങ്ങളിലെ സാധുക്കളായ സ്ത്രീകൾ രാത്രിക്കു വേണ്ടി കാത്തിരിക്കുന്നു; രാത്രി വരാതെ അവർക്കു വിസർജ്ജനത്തിനു പുറത്തിറങ്ങാനാവില്ല! ഈ കാത്തിരിപ്പു മൂലം എന്തുമാത്രം ശാരീരികപീഡനമായിരിക്കും സാധു സ്ത്രീകൾ അനുഭവിക്കുന്നത്! എന്തെല്ലാം രോഗാവസ്ഥകൾക്കിതു കാരണമാകും? അമ്മപെങ്ങന്മാർക്കുവേണ്ടി ശൗചാലയങ്ങൾ നിർമ്മിക്കാനെങ്കിലും നമുക്കു ക്രമീകരണങ്ങൾ ചെയ്തുകൂടേ. സോദരങ്ങളേ, ചിലരെങ്കിലും ഇപ്പോൾ ചിന്തിക്കുന്നുണ്ടാകും ആഗസ്റ്റ് 15 പോലെ ഒരു മഹാദിവസം വലിയ കാര്യങ്ങളല്ലേ പറയേണ്ടത് എന്ന്.

സോദരരേ, വലിയ കാര്യങ്ങൾ പറയുന്നതിൽ അതിന്റെ പ്രാധാന്യമുണ്ട്. പ്രഖ്യാപനങ്ങൾ നടത്തുന്നതിലും പ്രാധാന്യമുണ്ടെന്നു പറയാതെ വയ്യ. പക്ഷെ ചിലപ്പോഴെങ്കിലും പ്രഖ്യാപനങ്ങൾ കേൾക്കുന്നവരുടെ മനസ്സിൽ പ്രതീക്ഷയുടെ നാമ്പുകൾ മുളച്ചേക്കാം. പക്ഷെ പ്രതീക്ഷകൾ പൂവണിയില്ലെന്നു തിരിച്ചറിയുമ്പോൾ അവർ നൈരാശ്യത്തിന്റെ അഴുക്കുചാലിൽ മുങ്ങിത്താഴുന്നു. അതുകൊണ്ടാണ് നമ്മുടെ ദൃഷ്ടിപഥത്തിലുള്ള, നമുക്കു പ്രാപ്തമാക്കാവുന്ന കാര്യങ്ങളെക്കുറിച്ചുമാത്രം ഞാൻ പറയുന്നത്. സോദരരേ, ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നിന്നുകൊണ്ടു ശുചിത്വത്തെക്കുറിച്ചും ശൗചാലയങ്ങൾ നിർമ്മിക്കേണ്ടതിനെപ്പറ്റിയും പ്രധാനമന്ത്രി പറയുന്നതുകേട്ട് നിങ്ങൾ ആശ്ചര്യപ്പെടുന്നുണ്ടാകും.

സോദരരേ, എന്റെ പ്രസംഗം എങ്ങനെ വിമർശിക്കപ്പെടുമെന്നും ജനങ്ങൾ എങ്ങനെ കണക്കിലെടുക്കുമെന്നും എനിക്കറിയില്ല. പക്ഷെ ഒന്നു പറയട്ടെ, ഞാനെന്റെ ഹൃദയം കൊണ്ടാണ് സംസാരിക്കുന്നത്. ഒരു പാവപ്പെട്ട കുടുംബത്തിൽനിന്നാണ് ഞാൻ വന്നത്. ദാരിദ്ര്യവും ദുഃഖവും ഞാൻ

ഏറെ കണ്ടിട്ടുണ്ട്. പാവങ്ങളെയും നാം കണക്കിലെടുക്കേണ്ടതുണ്ട്. അത് അവർക്ക് ശുചിത്വം നൽകിക്കൊണ്ടാവട്ടെ. ആയതിനാൽ ശുചിത്വഭാരതം എന്ന സംഘടിത പ്രവർത്തനം ഈ വർഷം ഒക്ടോബർ 2- ന് ഞാൻ ആരംഭിക്കുകയാണ്. അത് നാല് വർഷം തുടരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇന്നുതന്നെ ആ പ്രവർത്തനത്തിന്റെ ആരംഭം കുറിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാജ്യത്തെ എല്ലാ സ്കൂളുകളിലും ടോയ്‌ലറ്റുകൾ ഉണ്ടാക്കണം; പെൺകുട്ടികൾക്കു പ്രത്യേക ശൗചാലയങ്ങളോടെ. എങ്കിൽ മാത്രമേ നമ്മുടെ പെൺമക്കൾ മദ്ധ്യവഴിയിൽ സ്കൂൾ ഉപേക്ഷിച്ചു പോകുന്ന പ്രവണത അവസാനിപ്പിക്കാൻ കഴിയൂ. നമ്മുടെ പാർലമെന്റ് അംഗങ്ങളോട് ഞാൻ അപേക്ഷിക്കുകയാണ്; നിങ്ങളുടെ പ്രത്യേക ഫണ്ട് ഒരു വർഷത്തേക്ക് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനായി ചെലവഴിച്ചാലും. ഗവൺമെന്റിന്റെ ബഡ്ജറ്റ് തുക ടോയ്‌ലറ്റ് നിർമ്മാണത്തിനായി ഉപയോഗിക്കൂ. സംഘടിത വ്യവസായ സമൂഹത്തോടും ഞാൻ അപേക്ഷിക്കുന്നു, സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനു മുൻഗണന കൊടുത്തുകൊണ്ട് നിങ്ങളുടെ സാമൂഹ്യബാദ്ധ്യതാ ഫണ്ടുകൾ ചെലവഴിച്ചാലും. സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഒരു വർഷത്തിനുള്ളിൽ ഈ ലക്ഷ്യങ്ങൾ നേടാനാകും. അടുത്ത വർഷം ആഗസ്റ്റ് 15-ന് നമുക്കു പ്രഖ്യാപിക്കാനാവും, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റുകൾ ഇല്ലാത്ത ഒരു സ്കൂൾ പോലും ഈ രാജ്യത്തില്ല എന്ന്.

സോദരരേ നാം ഒരു സ്വപ്നം ലക്ഷ്യമാക്കിയാണ് മുന്നേറുന്നതെങ്കിൽ നമുക്കത് യാഥാർത്ഥ്യമാക്കാൻ കഴിയും. ഇന്ന് ഒരു പ്രധാനകാര്യംകൂടി നിങ്ങളോടു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് നമ്മുടെ പാർലമെന്റ് അംഗങ്ങൾക്ക് അവർ ആഗ്രഹിക്കുന്ന പല കാര്യങ്ങളും ചെയ്യാൻ





അവസരം ലഭിക്കാറില്ല. അവർക്ക് താല്പര്യങ്ങൾ സ്വയം വെളിപ്പെടുത്താൻ കഴിയും; ഗവൺമെന്റിന് എഴുതാം; മെമ്മോറാണ്ടം നൽകാം; പ്രക്ഷോഭണം നടത്താം; എങ്കിൽപോലും അവർക്കു സ്വന്തമായി എന്തെങ്കിലും ചെയ്യാൻ അവസരം ലഭിച്ചു എന്നുവരികയില്ല.

*സൈന്യാധിപൻ മുൻപന്തിയിലേക്കു വരികയും മരണത്തെ നേരിടുകയും ചെയ്തെങ്കിലല്ലാതെ അണികളിലെ പടയാളികൾ ആത്മാർത്ഥമായി പൊരുതുകയില്ല. എല്ലാ തുറകളിലും ഇതുശരിയാണ്. സൈന്യാധിപൻ സ്വന്തം ശിരസ്സ് ബലി ചെയ്യണം. ഒരാദർശത്തിനു വേണ്ടി നിങ്ങൾക്ക് സ്വജീവിതം ബലിയർപ്പിക്കാമോ? എന്നാലേ നിങ്ങൾ ഒരു നേതാവാകൂ. എന്നാൽ ആവശ്യമായ യാതൊരു ത്യാഗവും ചെയ്യാതെ നമുക്കെല്ലാം നേതാക്കന്മാരാകണമെന്നുണ്ട്. ഫലം ശൂന്യം. ആരും നമ്മുടെ വാക്കു കേൾക്കുന്നില്ല. - സ്വാമി വിവേകാനന്ദൻ*

ഇന്നൊരു പുതിയ ആശയവുമായി ഞാൻ വന്നിരിക്കുന്നു. പ്രധാനമന്ത്രിയുടെയും മറ്റനേകം നേതാക്കളുടെയും പേരിൽ ഒട്ടനവധി പദ്ധതികൾ നമ്മുടെ രാജ്യത്തുണ്ട്. എന്നാൽ പാർലമെന്റംഗങ്ങളുടെ പേരിലുള്ള ഒരു പദ്ധതിയാണ് ഞാൻ

പ്രഖ്യാപിക്കുന്നത്; 'സൻസാദ് ആദർശ് ഗ്രാം യോജന.' നമുക്കു ചില മാനദണ്ഡങ്ങൾ നിശ്ചയിക്കാം. ഓരോ പാർലമെന്റംഗത്തെയും ഞാൻ വ്യഗ്രതപ്പെടുത്തുന്നു. സ്വന്തം നിയോജകമണ്ഡലത്തിൽ 3000 മുതൽ 5000 വരെ ജനസംഖ്യ വരുന്ന ഒരു ഗ്രാമം നിങ്ങൾ തിരഞ്ഞെടുക്കുക. മാനദണ്ഡങ്ങൾ സ്വീകരിക്കുന്നത് സമയം, സ്ഥലസൗകര്യം, ആ പ്രദേശത്തിന്റെ ചുറ്റുപാടുകൾ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും. അതുപോലെതന്നെ ആരോഗ്യാവസ്ഥ, ശുചിത്വം, അന്തരീക്ഷം, ഹരിതാവസ്ഥ എന്നിങ്ങനെ നിരവധി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പാർലമെന്റംഗവും അവരുടെ നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുത്ത ഗ്രാമം 2016-ഓടെ ഒരു മാതൃകാ ഗ്രാമമാക്കി മാറ്റുക. ഇത്രയുമെങ്കിലും നമുക്കു ചെയ്തുകൂടേ? ഇത്രയുമെങ്കിലും നാം ചെയ്യേണ്ടതല്ലേ? ഒരു രാഷ്ട്രം നിർമ്മിക്കാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ ആരംഭിക്കേണ്ടത് ഗ്രാമങ്ങളിൽ നിന്നാണ്. ഇതൊരു പുതിയ പദ്ധതി ആയതുകൊണ്ടാണ് ലക്ഷ്യം നേടുന്നതിന് 2016 വരെ സമയം നിശ്ചയിച്ചത്. 2016-ൽ ഈ ലക്ഷ്യം നേടിക്കഴിഞ്ഞ് 2 ഗ്രാമങ്ങൾകൂടി ഓരോ പാർലമെന്റംഗവും ഇത്തരം മാതൃകാഗ്രാമങ്ങളായി തിരഞ്ഞെടുക്കട്ടെ. 2019-ലെ പൊതുതെരഞ്ഞെടുപ്പിനു മുൻപ് പൂർത്തീകരിക്കാവുന്ന വിധം വേണം ലക്ഷ്യം നിശ്ചയിക്കാൻ. 2019-ലെ പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ഓരോ പാർലമെന്റംഗവും 5 മാതൃകാഗ്രാമങ്ങളുടെ പൂർത്തീകരണം അവരുടെ സേവനകാലത്തു തീർക്കുന്നതായി ലക്ഷ്യമിടട്ടെ.

ഇപ്രകാരം ഒരു മാതൃകാഗ്രാമമെങ്കിലും ദത്തെടുക്കുവാൻ രാജ്യസഭാംഗങ്ങളെയും ഞാൻ പ്രചോദിപ്പിക്കുന്നു. അങ്ങനെ ഇന്ത്യയിലെ ഒരു ജില്ലയിൽ ഒരു മാതൃകാഗ്രാമം രൂപം കൊള്ളുമ്പോൾ ചുറ്റുപാടുള്ള ഗ്രാമങ്ങളും ആ മാതൃക



സ്വീകരിച്ച്, അതിന്റെ ചുവടുപിടിച്ച് നീങ്ങാൻ നിർബന്ധിതമാകും. നമുക്കൊരു മാതൃകാഗ്രാമം സൃഷ്ടിക്കാം; എല്ലാ ക്രമീകരണങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുള്ള ഒരു മാതൃകാഗ്രാമം.

ജയപ്രകാശ് നാരായൺജിയുടെ ജന്മദിനമാണ് ഒക്ടോബർ 11. ആ ദിവസം പാർലമെന്റംഗങ്ങൾക്കുള്ള മാതൃകാഗ്രാമപദ്ധതിയുടെ പൂർണ്ണരൂപരേഖ പാർലമെന്റംഗങ്ങൾക്കു മുൻപിലും സംസ്ഥാന ഗവൺമെന്റുകൾക്കു മുൻപിലും ഞാൻ സമർപ്പിക്കുന്നതാണ്. ഓരോ സംസ്ഥാനത്തും ഈ പദ്ധതിയുടെ സാധ്യതയുടെ അടിസ്ഥാനത്തിൽ നിയമസഭാംഗങ്ങളെക്കൊണ്ടും ഓരോ മാതൃകാഗ്രാമങ്ങൾ ദത്തെടുപ്പിക്കുവാൻ സംസ്ഥാന സർക്കാരുകളെ ഞാൻ പ്രചോദിപ്പിക്കുന്നതാണ്. ഓരോ പാർലമെന്റംഗവും ഓരോ നിയമസഭാ സാമാജികനും അവരുടെ നിയോജക മണ്ഡലത്തിൽ എല്ലാം തികഞ്ഞ ഒരു മാതൃകാഗ്രാമം സൃഷ്ടിക്കുന്നത് നിങ്ങൾക്കു സങ്കല്പിക്കാനാകും. ഇന്ത്യയുടെ എല്ലാ കോണുകളിലും അത്തരം ഓരോ തികഞ്ഞ ഗ്രാമം. സമീപ ഗ്രാമങ്ങളും അതിന്റെ മാതൃക പിന്തുടർന്ന് പരിവർത്തന വിധേയമാകുന്നു എന്ന ലക്ഷ്യത്തിലേക്ക് നാം ശീഘ്ര പ്രയാണം ചെയ്യുന്നു. അതിനാൽ സൻസാദ് ആദർശ്ഗ്രാം യോജനയ്ക്കുകീഴിൽ നിന്നുകൊണ്ട് നമുക്കു പ്രയാണം തുടരാം.

എന്റെ സോദരരേ, നമ്മുടെ ഗവൺമെന്റ് ചുമതലയേറ്റപ്പോൾ മുതൽ എല്ലാ വാർത്താമാധ്യമങ്ങളിലും തുടർചർച്ചകൾ കാണുന്നുണ്ട്, പ്ലാനിംഗ് കമ്മിഷന്റെ ഭാവിയെക്കുറിച്ച്. പ്ലാനിംഗ് കമ്മിഷൻ രൂപീകരിച്ചത് അത് രൂപീകരിക്കപ്പെട്ട കാലത്തെ സാഹചര്യങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. തുടർവർഷങ്ങളിൽ രാജ്യവളർച്ചയ്ക്ക് അത്

അതിന്റേതായ രീതിയിലുള്ള സംഭാവനകൾ ചെയ്തിട്ടുണ്ട്. അതിൽ എനിക്കഭിമാനമുണ്ട്. അതിനെ ഞാൻ ആദരിക്കുന്നു. എന്നാൽ രാജ്യത്ത് ഇന്ന് നിലനില്ക്കുന്ന സാഹചര്യങ്ങൾ വ്യത്യസ്തമാണ്. ആഗോള സാഹചര്യങ്ങളും മാറിയിരിക്കുന്നു. സാമ്പത്തിക പ്രക്രിയകളുടെ സാധ്യതാതലം ഇന്നു വളരെ വിശാലമാക്കപ്പെട്ടിരിക്കുന്നു. വികസനത്തിന്റെ കേന്ദ്ര ബിന്ദു ഇന്ന് സംസ്ഥാന സർക്കാരുകളാണ്. അത് നല്ലൊരു സൂചനയായി ഞാൻ കാണുന്നു. ഭാരതത്തെ അഭിവൃദ്ധിയിലേക്കു നയിക്കണമെങ്കിൽ സംസ്ഥാനങ്ങൾ പുരോഗതി പ്രാപിക്കണം.

> *സാഹചര്യങ്ങളനുസരിച്ച് സാമം, ദാനം, ഭേദം, ദണ്ഡം എന്നീ ചതുരുപായങ്ങളിൽകൂടി ശത്രുവിനെ തോല്പിച്ച് ലോകമനുഭവിക്കുക. അപ്പോൾ നീ ധാർമ്മികനാകും. അതിനു പകരം കണ്ടവരുടെയെല്ലാം തൊഴി കൊണ്ടു വീണുരുണ്ട് മാനവുംകെട്ട് ജുഗുപ്സാവഹമായി ജീവിക്കുകയാണെങ്കിൽ അതുതന്നെയാണ് ഇഹത്തിലും പരത്തിലുമുള്ള സാക്ഷാൽ നരകം.*
>
> *– സ്വാമി വിവേകാനന്ദൻ*

കഴിഞ്ഞ 60 വർഷങ്ങളിലേക്കാളേറെ ഇന്ത്യയുടെ ഫെഡറൽ സംവിധാനം (സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും ചേർന്നു നില്ക്കുന്ന ഒരു യൂണിറ്റ് എന്ന അവസ്ഥ) ഇന്ന് പ്രസക്തമാണ്. ഈ ഫെഡറൽ സംവിധാനത്തെ ശക്തിപ്പെടുത്തണമെങ്കിൽ, അതിനെ ചലനാത്മകമാക്കണമെങ്കിൽ, വികസനത്തിന്റെ പൂർവ്വാർജ്ജിത മാർഗ്ഗമാക്കണമെങ്കിൽ പ്രധാനമന്ത്രിയും മുഖ്യമന്ത്രിമാരും ഉൾപ്പെടുന്ന ഒരു ടീം ഉണ്ടായിരിക്കണം. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഒരു ഏകോപിത സംഘം അഗ്രേഗമിക്കണം. ഇങ്ങനെ ചെയ്യണമെങ്കിൽ, ഈ ചലനാത്മക പ്രക്രിയയിൽ പ്ലാനിംഗ് കമ്മിഷന്റെ സ്ഥാനം എന്താണെന്ന് നാം



ചിന്തിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ചുവപ്പു കോട്ടയുടെ കൊത്തളത്തിൽ നിന്ന് ഞാൻ പറയുന്നു, പ്ലാനിംഗ് കമ്മിഷൻ വളരെ പഴഞ്ചനായ ഒരു വ്യവസ്ഥയാണ്. അതിനെ പുനരുജ്ജീവിപ്പിച്ചേ മതിയാകൂ; അതിനെ അടിമുടി പരിവർത്തനവിധേയമാക്കിയേ മതിയാകൂ. ചിലപ്പോൾ ഒരു പഴഞ്ചൻ വീട് പുതുക്കുന്നതിന് ഏറെ പണം ചിലവഴിക്കേണ്ടി വന്നേക്കാം, എങ്കിൽ പോലും നമുക്കൊരു തൃപ്തി കിട്ടിയെന്നു വരികയില്ല. അധികം താമസിയാതെ നാം ചിന്തിക്കും ഈ ഭവനം അടിമുടി മാറ്റി പുതിയ ഒരെണ്ണം പണിയുകയായിരുന്നല്ലോ നല്ലത് എന്ന്. ആയതിനാൽ കുറഞ്ഞൊരു സമയത്തിനിടെ പ്ലാനിംഗ് കമ്മിഷന്റെ സ്ഥാനത്ത് നാം മറ്റൊരു സ്ഥാപനമുണ്ടാക്കും; പുതിയ രൂപരേഖയുള്ള, പുതിയ ഘടനയുള്ള, പുതിയ ശരീരവും ആത്മാവും സൃഷ്ടിപരമായ ചിന്തകളുമുള്ള പുതിയ ദിശാബോധമുള്ള, പൊതു-സ്വകാര്യ പങ്കാളിത്തത്തെക്കുറിച്ചും വിഭവങ്ങളുടെ പരമോൽകൃഷ്ടമായ (Optimum) ഉപയോഗത്തെക്കുറിച്ചും രാജ്യത്തെ യുവജനശക്തിയുടെ ഉപയോഗത്തെക്കുറിച്ചും വികസന വഴികൾ ആരായുന്നതും സംസ്ഥാന സർക്കാരുകളുടെ ഉൽക്കർഷേച്ഛയെ പ്രചോദിപ്പിക്കുന്നതും ആയ ഒരു സ്ഥാപനം പ്ലാനിംഗ് കമ്മിഷനു പകരം രൂപീകരിക്കപ്പെടും.

സോദരരേ, ഇന്ന്, ഈ ആഗസ്റ്റ് 15 മഹർഷി അരവിന്ദന്റെ ജന്മദിനം കൂടിയാണ്. മഹർഷി അരവിന്ദൻ ഒരു വിപ്ലവകാരി ആയിരിക്കെത്തന്നെ യോഗാ ഗുരുവിന്റെ പദവിയിലേക്കു പരിവർത്തനപ്പെടുകയുണ്ടായി. ഭാരതത്തിന്റെ ഭാവിയെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞു- ഭാരതത്തിന്റെ ആത്മീയ പാരമ്പര്യവും മഹാജ്ഞാനശക്തിയും ലോകക്ഷേമത്തിന് വളരെ പ്രധാനമായ പങ്കുവഹിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്.

ഋഷി മുനിമാരുടെയും സന്യാസിമാരുടെയും മൊഴികളിൽ എനിക്ക് കടുത്ത വിശ്വാസമുണ്ട്. അതുകൊണ്ടാണ് ചുവപ്പുകോട്ടയുടെ കൊത്തളത്തിൽ നില്ക്കുമ്പോൾ സ്വാമി വിവേകാനന്ദന്റെ മൊഴികൾ എനിക്കോർക്കാൻ കഴിയുന്നത്. സ്വാമിജി പറഞ്ഞു. 'ഭാരതാംബ വീണ്ടും ഒരിക്കൽ ഉണരുന്നത് എന്റെ ദൃഷ്ടിക്കുമുൻപിൽ കാണാൻ എനിക്കു കഴിയുന്നു. ലോകഗുരുവിന്റെ പദവിയിലേക്ക് ഭാരതാംബ ഉയർത്തപ്പെടും. മനുഷ്യരാശിയുടെ ക്ഷേമത്തിന് ഓരോ ഭാരതീയനും താന്താങ്ങളുടെ സേവനം ചെയ്തിരിക്കും. ഭാരതത്തിന്റെ ആത്മീയ ജ്ഞാനമെന്ന ഈ പൈതൃകസ്വത്ത് ലോകനന്മയ്ക്ക് ഉപയുക്തമാകും.'

*ഇവിടെയാണ് ആദ്യമായി മനുഷ്യന്റെ പ്രകൃതിയിലേയ്ക്കും ആന്തരലോകത്തിലേയ്ക്കുമുള്ള അന്വേഷണങ്ങൾ ആരംഭിച്ചത്. ഇവിടെയാണ് ആദ്യമായി ആത്മാവ് അനശ്വരമാണെന്നും സർവ്വ നിയന്താവായ ജഗദീശ്വരനുണ്ടെന്നും, പ്രകൃതിയിലും മനുഷ്യനിലും സർവ്വാന്തര്യാമിയായ ഈശ്വരൻ സ്ഥിതിചെയ്യുന്നുണ്ടെന്നുമുള്ള തത്വങ്ങൾ ആവിർഭവിച്ചത്. ഇവിടെയത്രേ ധർമ്മത്തിന്റെയും ദർശനത്തിന്റെയും പരമോച്ചാദർശങ്ങൾ പരമകാഷ്ഠ പ്രാപിച്ചിരിക്കുന്നത്. ആദ്ധ്യാത്മികതയുടേയും തത്വജ്ഞാനത്തിന്റേയും തുടരെ തുടരെയുള്ള വേലിയേറ്റത്തിൽ ലോകത്തെ ആമഗ്നമാക്കിയതും ഈ നാടു തന്നെയാണ്. - സ്വാമി വിവേകാനന്ദൻ*

സുഹൃത്തുക്കളേ, സ്വാമിജിയുടെ വാക്കുകൾ ഒരിക്കലും അസത്യമാകില്ല. സ്വാമിജിയുടെ വാക്കുകൾ, ഭാരതം ലോകഗുരു പദവിയിൽ അവരോധിക്കപ്പെടുന്ന ആ സ്വപ്നം, അത് സാക്ഷാത്കരിക്കാനുള്ള ചുമതല നമ്മിൽ അർപ്പിതമാണ്. പ്രകൃതിയുടെ ഔദാര്യങ്ങളാൽ അനുഗൃഹീതമായ, കാര്യശേഷിയുള്ള യുവജനങ്ങളുടെ ഈ രാജ്യത്തിന് വരും ദിവസങ്ങളിൽ ലോകത്തിനു വേണ്ടി ഏറെ കാര്യങ്ങൾ ചെയ്യാനുണ്ടാകും.



സോദരരേ, നമ്മുടെ വിദേശനയം വളരെയേറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. ഇന്ത്യയുടെ വിദേശനയം ബഹുമുഖമായിരിക്കണമെന്ന് ഞാൻ സത്യമായി വിശ്വസിക്കുന്നു. പക്ഷെ ഒരു പ്രധാന കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നാം നമ്മുടെ സ്വാതന്ത്ര്യത്തിനു വേണ്ടി എങ്ങനെയാണു പോരാടിയത്? നാം ഒന്നിച്ചു നിന്നു പോരാടി. അന്നു നാം വേർപെട്ടു നില്ക്കുകയായിരുന്നില്ല. നാം ഒന്നായിരുന്നു. ഏതെങ്കിലും ഗവൺമെന്റ് നമ്മോടൊപ്പം ഉണ്ടായിരുന്നോ? എന്തെങ്കിലും ആയുധം ഉണ്ടായിരുന്നോ? ഒരു ഗാന്ധി, ഒരു സർദാർ പിന്നെ ലക്ഷക്കണക്കിനു സമര ഭടന്മാർ, മറുവശത്ത് ഒരു മഹാ സാമ്രാജ്യവും. ഒടുവിൽ ആ സാമ്രാജ്യത്തിനെതിരായ സമരം നാം വിജയിച്ചില്ലേ! വിദേശശക്തികളെ നാം തോല്പിച്ചില്ലേ! ഇന്ത്യ വിട്ടുപോകുവാൻ അവരെ നാം നിർബന്ധിതരാക്കിയില്ലേ. നമ്മുടെ പിതാക്കന്മാരാണ്, മുൻഗാമികളാണ് ഈ മഹാശക്തി കാട്ടിയതെന്നോർക്കണം. നമ്മുടെ മുൻതലമുറയ്ക്ക് ആയുധബലമില്ലാതെ, ഒരു ഗവൺമെന്റില്ലാതെ, വിഭവശേഷിയില്ലാതെ ഒരു മഹാസാമ്രാജ്യശക്തിയെ തുരത്താമെങ്കിൽ, എന്തുകൊണ്ട് എന്റെ സോദരരേ നമുക്കും നമ്മുടെ നാട്ടിലെ ദാരിദ്ര്യം തുടച്ചു നീക്കിക്കൂടാ? പട്ടിണി നിർമ്മാർജ്ജനം ചെയ്യാൻ നമുക്കു കഴിയുകയില്ലെന്നുണ്ടോ? 125 കോടി വരുന്ന എന്റെ ദേശീയരേ, ദാരിദ്ര്യം ഉച്ചാടനം ചെയ്യുമെന്ന് നമുക്കിന്നു പ്രതിജ്ഞ ചെയ്യാം. ഇന്ത്യയിൽ നിന്ന് ദാരിദ്ര്യത്തെ തുടച്ചുമാറ്റുന്നതു സ്വപ്നം കണ്ടുകൊണ്ട് നമുക്കു നീങ്ങാം. നമ്മുടെ അയൽ രാജ്യങ്ങളും ഈ പ്രശ്നംകൊണ്ടു പീഡിതരാണ്. എന്തുകൊണ്ട് എല്ലാ സാർക് (SAARC) രാജ്യങ്ങൾക്കും ഒരുമിച്ചു നിന്ന് പദ്ധതികൾ രൂപീകരിക്കുകയും പോരാടുകയും ചെയ്തുകൂടാ? കൊല്ലുകയും ചാകുകയും ചെയ്യുന്നതിനുപകരം ഒരുമിച്ചുനിന്ന് ഒരു ലക്ഷ്യത്തിനുവേണ്ടി പോരാടുമ്പോൾ

തോന്നുന്ന ജീവബോധം എത്ര ആശ്ചര്യജനകമാണെന്ന് ഒരിക്കലെങ്കിലും നമുക്കറിയേണ്ടതല്ലേ?

*വിജ്ഞാനം മറ്റേതു നാട്ടിലും ചെല്ലുന്നതിനുമുമ്പ് പാർപ്പുറപ്പിച്ച പ്രാചീന ഭൂമിയാണ് ഭാരതം! ആദ്ധ്യാത്മികതയുടെ പ്രചണ്ഡ പ്രവാഹത്തെ ഭൗതികതലത്തിൽ പ്രതിനിധീകരിക്കുകയാണോ എന്നു തോന്നുമാറ് പ്രവഹിക്കുന്ന സമുദ്ര തുല്യങ്ങളായ നദികളുടെ ഭാരതം! നിത്യനായ ഹിമവാൻ തന്റെ മഞ്ഞണിഞ്ഞ കിരീടം ധരിച്ച ഗിരി ശിഖരങ്ങൾ വഴി സ്വർഗ്ഗത്തിന്റെ രഹസ്യങ്ങളിലേക്ക് ഉറ്റുനോക്കി നില്ക്കുന്ന ഭാരതം! ഭൂമുഖത്തുജീവിച്ചിട്ടുള്ള മഹാത്മാക്കളിലേറ്റവും മഹാന്മാരുടെ പാദസ്പർശമേറ്റു പവിത്രമായ മണ്ണാണിത്! - സ്വാമി വിവേകാനന്ദൻ*

സിദ്ധാർത്ഥന്റെ ജീവിതത്തിലെ സംഭവങ്ങൾ അരങ്ങേറിയ നാടാണിത്. സഹോദരന്മാരിൽ ഒരാൾ അരയന്നത്തെ അമ്പെയ്തു വീഴ്ത്തി; മറ്റേയാൾ അരയന്നത്തെ വീണ്ടെടുത്ത് അതിനെ രക്ഷിക്കുന്നതിനായി അമ്പ് ഊരിയെടുത്തു. തർക്കം മൂത്തു. അരയന്നം ആരുടേത്? കൊലയാളിയുടേതോ രക്ഷകന്റെയോ? അമ്മ പറഞ്ഞു. അരയന്നം അതിനെ രക്ഷിച്ച ആളിന്റേതാണ്. കൊലയാളിക്കല്ല, രക്ഷകനാണ് കൂടുതൽ ശക്തി. ആ സിദ്ധാർത്ഥനാണ് പിന്നീട് ബുദ്ധനായി മാറിയത്. അതുകൊണ്ടാണ് അയൽ രാജ്യങ്ങളിൽ നിന്ന് ഞാൻ സഹകരണം പ്രതീക്ഷിക്കുന്നത്. ഒരുമിച്ച് കൂട്ടായ്മയോടെ ദാരിദ്ര്യത്തിനെതിരെ പോരാടി സാർക് രാജ്യങ്ങളോടൊപ്പം നിന്ന് നമ്മുടെ പ്രാധാന്യം വർദ്ധിപ്പിക്കുകയും ലോകത്തിലെ ഒരു മികച്ച ശക്തിയായി നമുക്ക് ഉദിച്ചുയരുകയും ചെയ്യാം.

സാർക് രാജ്യങ്ങളിലെ എല്ലാ പ്രതാപശാലികളും ഗവൺമെന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു. അതു ശുഭകരമായ ഒരു തുടക്കം തന്നെ. നേപ്പാളും ഭൂട്ടാനും ഞാൻ സന്ദർശിക്കുകയുണ്ടായി.

സോദരരേ, ഇന്ന്, ഈ ആഗസ്റ്റ് 15-ന്, രാജ്യത്തിനു വേണ്ടി എന്തെങ്കിലും ചെയ്യുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം.



രാജ്യത്തിന് ഉപയോഗമുള്ളവരായി നമുക്കു മാറാം. രാജ്യത്തെ മുന്നോക്കം നയിക്കുമെന്ന പ്രതിജ്ഞയോടെ നമുക്കു നീങ്ങാം. എന്റെ സഹോദരീസഹോദരന്മാരേ, ഗവൺമെന്റിലെ എന്റെ സഹപ്രവർത്തകരേ, നിങ്ങൾക്കു ഞാൻ ഉറപ്പു തരുന്നു, നിങ്ങൾ 12 മണിക്കൂർ പണിയെടുക്കുമെങ്കിൽ ഞാൻ 13 മണിക്കൂറും നിങ്ങൾ 14 മണിക്കൂർ പണിയെടുക്കുമെങ്കിൽ ഞാൻ 15 മണിക്കൂറും പണിയെടുക്കുമെന്ന്. എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങൾക്കിടയിൽ നില്ക്കുന്നത് പ്രധാനമന്ത്രിയായിട്ടല്ല; പ്രധാനസേവകനായിട്ടാണ്. ഞാൻ ഗവൺമെന്റ് രൂപീകരിച്ചിരിക്കുന്നത് ഭരണാധികാരിയായിട്ടല്ല; സേവകനായിട്ടാണ്.

*ഗ്രീക്കുരാജ്യമുണ്ടാകുന്നതിനുമുമ്പ്, റോമാരാജ്യം സങ്കല്പിക്കപ്പെടുന്നതിനു മുമ്പ്, ആധുനിക യൂറോപ്യൻമാരുടെ സാക്ഷാൽ മുതുമുത്തപ്പൻമാർ നീലച്ചായം പൂശി കാട്ടിൽ അലഞ്ഞുകൊണ്ടിരുന്നപ്പോൾ, ഇവിടെ കർമ്മണ്യത നടമാടിയിരുന്നു. അതിനും മുമ്പ്, ചരിത്രം എഴുതി തുടങ്ങാത്തപ്പോൾ, കേട്ടുകേൾവിക്കുപോലും എത്തിനോക്കാൻ ധൈര്യലേശമില്ലാത്ത ആ ഇരുണ്ട ഭൂതകാലത്തിൽ, അന്നു മുതൽ ഇന്നുവരെ, ആശയങ്ങൾ വഴിക്കുവഴി ഈ ഭൂമിയിൽ നിന്നു ബഹിർഗമിച്ചിട്ടുണ്ട്. പക്ഷെ അതിലെ ഓരോ വാക്കും വരദാനത്തിന്റെ അകമ്പടിയോടുകൂടിയാണ് ഉച്ചരിക്കപ്പെട്ടത്. ലോകരാഷ്ട്രങ്ങൾക്കിടയിൽ നാം ഒരിക്കലും അന്യരെ കീഴടക്കുന്നവരല്ല. ആ അനുഗ്രഹം നമ്മുടെ ശിരസ്സിലുണ്ട്.*

*- സ്വാമി വിവേകാനന്ദൻ*

എന്റെ സോദരരേ ഞാൻ നിങ്ങൾക്കുറപ്പു തരുന്നു, ഈ രാജ്യത്തിനൊരു ഭാഗധേയമുണ്ട്. വിവേകാനന്ദസ്വാമി പറഞ്ഞതുപോലെ ലോകക്ഷേമത്തിനായി പ്രവർത്തിക്കാനാണ് നാം വിധിക്കപ്പെട്ടിരിക്കുന്നത്. ഇന്ത്യ പിറന്നിരിക്കുന്നത്, ഹിന്ദുസ്ഥാൻ പിറന്നിരിക്കുന്നത് ഈ ഭാഗധേയം നിവൃത്തിയാക്കുന്നതിനാണ്. ഭാരതാംബയെ കാത്തു രക്ഷിക്കുന്ന എല്ലാ സുരക്ഷാ സൈനികരുടെയും സഹായ സൈനികരുടെയും

(Paramilitary) അർപ്പണബോധത്തെക്കുറിച്ച്, ബലിദാനത്തെക്കുറിച്ച്, ഓർത്ത് ഞാൻ ഒരിക്കൽക്കൂടി അഭിമാനം കൊള്ളുന്നു. സോദരരേ, ഒരിക്കൽക്കൂടി ഞാൻ ഓർമ്മിപ്പിക്കട്ടെ; സ്വാതന്ത്ര്യത്തിനു നാം കൊടുക്കേണ്ടി വരുന്ന വില സദാ ജാഗ്രത ആണ്. നമ്മുടെ പട്ടാളം ജാഗ്രതയിലാണ്. രാജ്യം പുതിയ ഉയരങ്ങൾ തേടുമ്പോൾ നാമും ജാഗ്രതയിലായിരിക്കണം. ഈ ദൃഢനിശ്ചയത്തോടെ നമുക്കു മുന്നോട്ടു കുതിക്കാം.

മഹാശക്തിയോടെ എന്നോടൊപ്പം ഉറക്കെ വിളിക്കൂ; ഭാരത് മാതാ കീ ജയ്, ഭാരത് മാതാ കീ ജയ്, ഭാരത് മാതാ കീ ജയ്, ജയ്ഹിന്ദ്, ജയ്ഹിന്ദ്, ജയ്ഹിന്ദ്, വന്ദേമാതരം, വന്ദേമാതരം, വന്ദേമാതരം.

(15/08/2014)

✪



# യുണൈറ്റഡ് നേഷൻസ് ജനറൽ അസംബ്ലിയിൽ നരേന്ദ്രമോദിയുടെ പ്രസംഗം



മിസ്റ്റർ പ്രസിഡണ്ട്, സമുന്നതരായ പ്രതിപുരുഷന്മാരേ, യുണൈറ്റഡ് നേഷൻസ് ജനറൽ അസംബ്ലിയുടെ 69-ാം സമ്മേളനത്തിന്റെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടതിൽ അങ്ങയ്ക്ക് എന്റെ അഭിനന്ദനങ്ങൾ. ഇന്ത്യയുടെ പ്രധാനമന്ത്രി എന്ന നിലയിൽ ആദ്യമായി അങ്ങയെ അഭിസംബോധന ചെയ്യാൻ കഴിഞ്ഞത് ഒരു വലിയ ബഹുമതിയായി ഞാൻ കാണുന്നു. ഇന്ത്യൻ ജനതയുടെ പ്രത്യാശകളെയും പ്രതീക്ഷകളെയും കുറിച്ചുള്ള ബോധത്തോടുകൂടിയാണ് ഞാൻ ഇവിടെ നില്ക്കുന്നത്. 125 കോടി വരുന്ന ഇന്ത്യൻ ജനതയിൽ നിന്ന് ലോകം എന്തു പ്രതീക്ഷിക്കുന്നു എന്നതിനെക്കുറിച്ചും

എനിക്കു ബോദ്ധ്യമുണ്ട്. മനുഷ്യ രാശിയുടെ 1/6 നെ ഉൾക്കൊള്ളുന്നതാണ് ഇന്ത്യൻ ജനത. ചരിത്രത്തിൽ അപൂർവ്വമായി മാത്രം കാണുന്ന ധൃതഗതിയിലുള്ള സാമ്പത്തികവും സാമൂഹ്യവുമായ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ.

*മനുഷ്യനെ മാത്രമല്ല, അതിനപ്പുറം കടന്ന് മൃഗങ്ങളെയും സസ്യജാലങ്ങളെക്കൂടിയും ഉൾക്കൊള്ളുമാറ് മാനവഹൃദയം വികസിച്ചത് ഇവിടെയാണ്. ഇവിടെ മാത്രമാണ്. ഉത്തുംഗവും അനന്തവുമായി വളർന്ന ഇവിടുത്തെ മാനവഹൃദയത്തിൽ ഏറ്റവും വലിയ ദൈവം മുതൽ കൊച്ചു മണൽത്തരി വരെ, ഉച്ചമായതും നീചമായതും ഒരുപോലെ സ്ഥാനം പിടിക്കുന്നു. പ്രപഞ്ചത്തെ അവിച്ഛിന്നമായ അസ്തിത്വമെന്ന രൂപത്തിൽ പഠിച്ച്, അതിന്റെ നാഡിമിടിപ്പ് അവന്റെ സ്വന്തം നാഡിമിടിപ്പ് തന്നെയാണെന്ന് മനുഷ്യാത്മാവ് സാക്ഷാത്കരിച്ചത് ഇവിടെയാണ്. ഇവിടെ മാത്രമാണ്.- സ്വാമി വിവേകാനന്ദൻ*

ഓരോ രാജ്യത്തിന്റെയും ലോകവീക്ഷണം രൂപമെടുക്കുന്നത് അതിന്റെ സംസ്കാരത്തിൽനിന്നും തത്വചിന്താപരമായ പാരമ്പര്യത്തിൽനിന്നുമാണ്. ഇന്ത്യയുടെ പൗരാണിക ജ്ഞാനം സമസ്തലോകത്തേയും ഒറ്റ കുടുംബമായി കാണുന്നു. കാലാതീതമായ ഈ ചിന്താ പ്രവാഹം ഇന്ത്യക്കു തന്നത് ബഹുപാർശികത്വത്തിലുള്ള (Multi-lateral) അചഞ്ചലമായ വിശ്വാസമാണ്. ഇന്ന്, ഞാനിവിടെ നില്ക്കുമ്പോൾ, ലോകം ഈ മഹാകൂട്ടായ്മയിൽ അർപ്പിച്ചിട്ടുള്ള പ്രത്യാശകളെക്കുറിച്ചും എനിക്കു ബോദ്ധ്യമുണ്ട്. അസാധാരണമായൊരു കാഴ്ചപ്പാട്, പങ്കുവയ്ക്കപ്പെട്ട ഭാഗധേയത്തെക്കുറിച്ചുള്ള തിരിച്ചറിവ്, അതുകൊണ്ടാണ് ലോകസമാധാനത്തിനും സുരക്ഷയ്ക്കും മനുഷ്യാവകാശങ്ങൾക്കും സാമ്പത്തിക വികസനത്തിനും വേണ്ടി ഈ മഹത്തായ സംഘടന കെട്ടിപ്പടുക്കാൻ നാം ഇവിടെ കൂടിച്ചേർന്നിരിക്കുന്നത് എന്ന പാവനമായ വിശ്വാസം എന്നെ സ്തബ്ധനാക്കുന്നു. അന്ന് 51-ൽ നിന്നാരംഭിച്ച് ഇന്ന്



193-ൽ എത്തിനില്ക്കുന്ന പരമാധികാര രാഷ്ട്രങ്ങളുടെ കൂട്ടായ്മ. കഴിഞ്ഞ ആറ് പതിറ്റാണ്ടുകളിൽ യുദ്ധങ്ങൾ അവസാനിപ്പിക്കാനും സംഘർഷങ്ങൾ തടയുന്നതിനും സമാധാന സംസ്ഥാപനത്തിനും വിശക്കുന്നവർക്കു ഭക്ഷണമെത്തിക്കുന്നതിനും ഈ ഹരിതഗ്രഹത്തെ, നമ്മുടെ ഭൂമിയെ, വിനാശത്തിൽനിന്നു രക്ഷിക്കുന്നതിനും കുഞ്ഞുങ്ങൾക്കു കൂടുതൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടി നമ്മൾ നടത്തിയ ദൗത്യങ്ങൾ ഏറെ വിജയം കണ്ടു. 1948 മുതൽ യു.എൻ. നടത്തിയ 69 സമാധാന സംരക്ഷണ ദൗത്യങ്ങളിലൂടെ സുരക്ഷാഭടന്റെ ഹെൽമറ്റിന്റെ നീലനിറം സമാധാനത്തിന്റെ നിറമായി മാറി. തെക്കൻ ഏഷ്യയിലും അഫ്ഗാനിസ്ഥാനിലും ഉൾപ്പെടെ സമസ്തലോകത്തും ജനാധിപത്യത്തിന്റെ വൻതിരയിളക്കം നടന്നുകൊണ്ടിരിക്കുകയാണ്. ജനാധിപത്യത്തിലൂടെ ഐക്യത്തിലേക്കും ഏകതയിലേക്കുമുള്ള ലോക സംക്രമണത്തിന്റെ ചരിത്ര മുഹൂർത്തത്തിലാണ് നാമിന്ന്. ജനാധിപത്യപരവും സമാധാനപൂർണ്ണവുമായ ഭാവിക്കു വേണ്ടിയുള്ള ആഴമേറിയ അഭിലാഷം അക്രമചിന്തകൾക്കു മുകളിൽ ശക്തിയാർജ്ജിക്കുമെന്ന് അഫ്ഗാനിസ്ഥാൻ കാട്ടിത്തരുന്നു. കലാപങ്ങളിൽനിന്ന് ജനാധിപത്യത്തിലേക്കും സമാധാനത്തിലേക്കും നേപ്പാൾ നീങ്ങിക്കഴിഞ്ഞു. ഭൂട്ടാനിൽ യുവജനാധിപത്യം വികസ്വരമാകുന്നു. പശ്ചിമേഷ്യയിലും ഉത്തരാഫ്രിക്കയിലും ജനാധിപത്യശബ്ദത്തിന് ഇടം നേടുക സാദ്ധ്യമാണെന്ന് ടുണീഷ്യയിലെ വിജയം നമ്മെ വിശ്വസിപ്പിക്കുന്നു. സ്ഥിരതയ്ക്കും പുരോഗതിക്കും വേണ്ടിയുള്ള പുതുചലനം ആഫ്രിക്കയിൽ ദൃശ്യമാകുന്നു. സുസ്ഥിരതയിൽനിന്നും സമാധാനത്തിൽനിന്നും ഉയർന്നു വരുന്ന, മുൻപെങ്ങുമുണ്ടായിട്ടില്ലാത്ത അഭിവൃദ്ധി ഏഷ്യയിലും പുറത്തും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ലാകത്തിന്റെ സന്തുലിതാവസ്ഥയ്ക്ക് മുഖ്യകാരണമായേക്കാവുന്ന, ഉപയോഗിക്കപ്പെടാത്ത

ഊർജ്ജശേഷിയുടെ ബൃഹത് ശേഖരമുള്ള ലാറ്റിൻ അമേരിക്കൻ ഭൂഖണ്ഡം സുസ്ഥിരതയിലേക്കും അഭിവൃദ്ധിയിലേക്കുമുള്ള കൂട്ടപ്രയാണത്തിൽ എത്തിക്കൊണ്ടിരിക്കുന്നു.

*യവനരുടെ പെരുമ്പറ മുന്നേറുമ്പോൾ ഭൂമി വിറകൊണ്ട കാലമുണ്ടായിരുന്നു. എന്നാൽ യവനരുടെ ആ പ്രാചീന രാജ്യം പറയാനൊരു കഥ ബാക്കി വയ്ക്കാതെ ഭൂമുഖത്തു നിന്ന് മാഞ്ഞുകളഞ്ഞു. ഇഹ ലോകത്തിൽ അഭികാമ്യമായ എന്തിനും മുകളിൽ റോമൻ കഴുകൻ പാറിപ്പറന്ന കാലമുണ്ടായിരുന്നു. റോമിന്റെ നാമം ശ്രവിച്ച മാത്രയിൽ ഭൂമി പ്രകമ്പനം കൊണ്ടിരുന്നു. എന്നാൽ ഇന്നോ, ആ കാപ്പിറ്റോളിയൻ കുന്നുകൾ നാശത്തിന്റെ കൂമ്പാരമാണ്. സീസർചക്രവർത്തിമാർ ചെങ്കോൽ പിടിച്ചിടത്ത് ചിലന്തി വല കെട്ടുന്നു. അതുപോലെ കീർത്തി നേടിയ പല രാഷ്ട്രങ്ങളും ഭൂതലത്തിൽ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തു. ആഹ്ളാദത്തിമിർപ്പും പ്രാബല്യവായ്പും അതോടൊപ്പം ക്രൂരതനിറഞ്ഞ രാഷ്ട്രജീവിതവും അവർ സ്വല്പനേരം ആസ്വദിച്ചു. അടുത്ത നിമിഷത്തിൽ ജലനിരപ്പിലെ കൊച്ചോളങ്ങളെന്നപോലെ പൊങ്ങുകയും മായുകയും ചെയ്തു. ഇങ്ങനെ ആ രാഷ്ട്രങ്ങൾ മാനവരാശിയുടെ മേൽ തന്താങ്ങളുടെ മുദ്രപതിപ്പിച്ചിട്ടുണ്ട്. എന്നാൽ നാം ഇന്നും ജീവിക്കുന്നു - സ്വാമി വിവേകാനന്ദൻ*

ഇന്ത്യ അതിന്റെ വികസനത്തിന് സമാധാനവും സ്ഥിരതയുമുള്ള പരിതസ്ഥിതി ആഗ്രഹിക്കുന്നു. ഒരു രാഷ്ട്രത്തിന്റെ ഭാഗധേയം അയൽരാജ്യങ്ങളുമായി ബന്ധപ്പെട്ടാണു കിടക്കുന്നത്. അതുകൊണ്ടാണ് എന്റെ ഗവൺമെന്റ് അവളുടെ അയൽക്കാരുമായുള്ള സഹകരണത്തിനും സൗഹാർദ്ദത്തിനും പരമോന്നത മുൻഗണന നൽകിയത്. അതിൽ പാകിസ്ഥാനും ഉൾപ്പെടുന്നു. സൗഹൃദവും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനായി തീവ്രവാദത്തിന്റെ നിഴലിലല്ലാതെ, സമാധാനപൂർണ്ണമായ അന്തരീക്ഷത്തിൽ പാകിസ്ഥാനുമായി ഗൗരവമുള്ള ഉഭയകക്ഷി ചർച്ചകൾ നടത്താൻ ഞാൻ തയ്യാറാണ്. പക്ഷെ അതിനുള്ള സമുചിതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള



ഉത്തരവാദിത്വം പാകിസ്ഥാൻ ഗൗരവമായി ഏറ്റെടുക്കണം. രണ്ടു രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നപരിഹാരത്തിന്റെ പുരോഗതിക്കുള്ള വഴി ഈ ന്യായസഭയ്ക്കു മുൻപിൽ പരാതിപ്പെടലല്ല. പകരം ഇന്ന് ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നത് ജമ്മു കാശ്മീരിലെ ജലപ്രളയത്തിന്റെ ഇരകൾ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ചാണ്. ഇന്ത്യയിൽ ഞങ്ങൾ വൻതോതിലുള്ള പ്രളയ ദുരിതാശ്വാസനടപടികൾ സംഘടിപ്പിക്കുകയും പാകിസ്ഥാൻ കയ്യടക്കിയിട്ടുള്ള കാശ്മീർ ഭാഗത്ത് സഹായം എത്തിക്കാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. വികസ്വര ലോകത്തിന്റെ ഭാഗമാണ് ഇന്ത്യ. എങ്കിലും തുണ ആവശ്യമുള്ളവർക്ക് ഞങ്ങളുടെ വിഭവശേഷി അനുവദിക്കുന്നിടത്തോളം സഹായം കൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. വലിയ പരിവർത്തനങ്ങളുടെയും മാറ്റങ്ങളുടെയും കാലമാണിത്. സമീപകാല ചരിത്രത്തിൽ ഒരിടത്തും കണ്ടിട്ടില്ലാത്ത പിരിമുറുക്കങ്ങൾക്കും കലാപങ്ങൾക്കും ലോകം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. വൻ യുദ്ധങ്ങൾ എങ്ങും ഇല്ലായിരിക്കാം. പക്ഷേ സംഘർഷങ്ങളും പിരിമുറുക്കങ്ങളും എങ്ങും പ്രകമ്പനം കൊള്ളുന്നു. യഥാർത്ഥ സമാധാനം എങ്ങും അന്യമായിരിക്കുന്നു. ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം ജനജീവിതം ആശങ്കാഭരിതമാക്കുന്നു. ഏഷ്യാ- പസഫിക് മേഖല ഒട്ടാകെ, അതിന്റെ ഭാവി നിർണ്ണയിക്കുന്ന, സമുദ്രയാത്രാസുരക്ഷിതത്വം സംബന്ധിച്ച് ഇന്നും ഉൽക്കണ്ഠാഭരിതമാണ്. പുതിയ വിഭജനങ്ങളുടെ പ്രതിസന്ധികളെ യൂറോപ്പ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. പടിഞ്ഞാറൻ ഏഷ്യയിൽ ഉഗ്രവാദം വളരുന്നു. അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്ന ഭീകരവാദത്തിന്റെ ഭീഷണിയെ നമ്മുടെ മേഖലയും തുടർച്ചയായി അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നു. ഭീകര പ്രവർത്തനവും ആരോഗ്യരംഗത്തെ പ്രതിസന്ധികളും ഇരട്ട ആപത്തുകളായി ആഫ്രിക്കയെ തുറിച്ചുനോക്കുന്നു. ഭീകരവാദം

പുതിയ നാമവും രൂപവും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ചെറുതും വലുതും തെക്കും വടക്കും കിഴക്കും പടിഞ്ഞാറും യാതൊരു ലോകരാഷ്ട്രങ്ങളും ഭീകരതയുടെ ഭീഷണിയിൽ നിന്നു മോചിതരല്ല. ഈ ഭീകരശക്തികൾക്കെതിരെ സംയുക്തമായി, അന്തർദ്ദേശീയമായി പൊരുതാൻ നാം യത്നിക്കുകയാണോ അതോ നമ്മുടെ രാഷ്ട്രീയത്താൽ, നമ്മുടെ പ്രാദേശികതയാൽ പാദബന്ധിതരാണോ നമ്മൾ, അതോ നയോപായത്തിന്റെ ഭാഗമായി ഒരു ഉപകരണമായി നാം ഭീകരതയെ ഉപയോഗിക്കുകയാണോ?

സമീപത്തും വിദൂരത്തുമുള്ള രാജ്യങ്ങളെ ഒരുപോലെ ദോഷകരമായി ബാധിക്കുന്ന പശ്ചിമേഷ്യയിലെ ഭീകരതയുടെ പുനരുജ്ജീവനത്തിനെതിരെ പോരാടാനുള്ള യത്നങ്ങളെ നാം സ്വാഗതം ചെയ്യുന്നു. മേഖലയിലുള്ള എല്ലാ രാജ്യങ്ങളുടെയും പിൻതുണ ഈ യത്നത്തിനുണ്ടാകണം. ഇന്ന് സമുദ്രങ്ങളും ശൂന്യാകാശവും സൈബർ സ്പെയ്സും അഭിവൃദ്ധിക്കുള്ള ഉപകരണമായി മാറുമ്പോൾതന്നെ സംഘർഷത്തിന്റെ അരങ്ങായും ഇതൊക്കെ മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കാനുള്ള ഒരു അന്തർദ്ദേശീയ ഉടമ്പടിയുടെ ആവശ്യം എക്കാലത്തേക്കാളുമധികം ഇപ്പോൾ ശക്തമാണ്. പരസ്പരാശ്രിതത്വമുള്ള ഒരു ലോകത്തെക്കുറിച്ച് നാം സംസാരിക്കുമ്പോൾ രാഷ്ട്രങ്ങളെന്ന നിലയിൽ നാം കൂടുതൽ ഐക്യപ്പെടുമോ? വ്യത്യസ്ത അംഗസംഖ്യകളുള്ള 'ജി.' കളായി (Group) ഇപ്പോഴും നാം പ്രവർത്തിക്കുന്നു. ഇന്ത്യയും പല ഗ്രൂപ്പുകളിൽ ഇടപെടുന്നുണ്ട്. ജി-1 എന്ന പേരിലോ ജി. 'എല്ലാം' (All) എന്ന പേരിലോ എത്രമാത്രം പ്രവർത്തിക്കാൻ നമുക്കു കഴിയും? ഒരു വശത്ത് നമ്മുടെ ഭാഗധേയങ്ങൾ പരസ്പര ബന്ധിതമാണെന്നു പറയുമ്പോൾ തന്നെ മറുവശത്ത് നേരെതിരിച്ച് നാം ചിന്തിക്കുന്നു. അപരനു ലാഭമുണ്ടാകുമെങ്കിൽ എനിക്കു നഷ്ടം വരും. അശുഭാപ്തി



വിശ്വാസത്തിലായിരിക്കുകയും ഒരു മാറ്റവും വരാൻ പോകുന്നില്ല എന്നു പറയുകയും ചെയ്യാൻ എളുപ്പമാണ്. എന്നാൽ അങ്ങനെ ചെയ്യുന്നപക്ഷം അത് നമ്മുടെ ഉത്തരവാദിത്വത്തിൽനിന്നുള്ള ഒഴിഞ്ഞു മാറലായിരിക്കും; നമ്മുടെ പൊതു ഭാവി അപകടത്തിലാവുകയും ചെയ്യും.

കാലഘട്ടത്തിന്റെ താളത്തിനനുസരിച്ച് നമുക്ക് നമ്മെ ഒരുക്കാം. ആദ്യം നമുക്ക് യഥാർത്ഥ സമാധാനത്തിനുവേണ്ടി പ്രയത്നിക്കാം. ഈ ലോകത്തിന്റെ ഗതി തീരുമാനിക്കാൻ ഒരു രാജ്യത്തിനോ ഒരു സംഘം രാജ്യങ്ങൾക്കോ സാധ്യമല്ല. അതിന് കലർപ്പില്ലാത്ത ഒരു അന്തർദ്ദേശീയ പങ്കാളിത്തം ആവശ്യമാണ്. ഇത് വെറുമൊരു ധാർമ്മിക സമവസ്ഥ (Moral position)യല്ല, ഒരു പ്രായോഗിക സത്യമാണ്. വ്യാജമല്ലാത്ത സംഭാഷണങ്ങളും രാജ്യങ്ങൾ തമ്മിലുള്ള ഉടമ്പടികളും ആവശ്യമാണ്. ഞാൻ വന്നിട്ടുള്ള തത്വചിന്താപരമായ പാരമ്പര്യത്തിൽ നിന്നുണ്ടായ ദൃഢവിശ്വാസം കൊണ്ടാണ് ഞാനിതു പറയുന്നത്. നമ്മുടെ യത്നങ്ങൾ ഇവിടെ നിന്നാരംഭിക്കാം; യുണൈറ്റഡ് നേഷൻസിൽനിന്ന്. സെക്യൂരിറ്റി കൗൺസിൽ ഉൾപ്പെടെ യുണൈറ്റഡ് നേഷൻസിനെ നമുക്കു നവീകരിക്കണം; കൂടുതൽ പങ്കാളിത്തമുള്ളതും ജനാധിപത്യപരവുമാക്കണം. 20-ാം നൂറ്റാണ്ടിലെ അനുപേക്ഷ്യങ്ങളെ (Imperatives) പ്രതിഫലിപ്പിക്കുന്ന സ്ഥാപനങ്ങൾ 21-ാം നൂറ്റാണ്ടിൽ പ്രയോജനപ്രദമായിരിക്കണമെന്നില്ല. അപ്രസക്തമായി പോകുമെന്ന അപകടസാദ്ധ്യതയെ അത്തരം സ്ഥാപനങ്ങൾ അഭിമുഖീകരിക്കേണ്ടിവരും. മാത്രമല്ല, പ്രതിരോധിക്കാൻ ശേഷിയുള്ള ആരുമില്ലാതെ തുടരെയുണ്ടാകുന്ന പ്രക്ഷുബ്ധാവസ്ഥകളെ നമുക്കു നേരിടേണ്ടിവരുന്നു. നമുക്കു നമ്മുടെ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവച്ച് ഭീകരതയോടും തീവ്രവാദത്തോടും പൊരുതാൻ ഒരു സംയുക്ത, അന്തർദ്ദേശീയ സംരംഭത്തെ അവരോധിക്കാം. സമാധാനവും സുസ്ഥിരതയും



ക്രമപാലനവും ശൂന്യാകാശത്തിലും സൈബർ സ്പെയ്സിലും ഉണ്ടായിരിക്കുമെന്ന് നമുക്കുറപ്പുവരുത്തണം. അന്തർദ്ദേശീയ നിയമങ്ങളും വ്യവസ്ഥകളും എല്ലാ രാജ്യങ്ങളും പാലിക്കുന്നുണ്ടെന്ന് നമുക്കുറപ്പു വരുത്തണം. യു.എൻ. സമാധാന സംരക്ഷണ സേനയിലേക്ക് സൈനികരെ സംഭാവന ചെയ്യുന്ന രാജ്യങ്ങളെ തീരുമാനങ്ങളെടുക്കുന്നിടത്ത് ഇടപെടുത്തേണ്ടതാണ്. ആഗോള നിരായുധീകരണത്തിനുള്ള ഉദ്യമം ഇരട്ടിപ്പിക്കണം. കൂടുതൽ സുസ്ഥിരതയും അന്തർഭാവങ്ങളുമുള്ള ആഗോള വികസനത്തെ നമുക്കു പിന്തുടരണം. ആഗോളീകരണം വളർച്ചയുടെ പുതിയ ധ്രുവങ്ങളെ സൃഷ്ടിച്ചു; പുതിയ വ്യവസായങ്ങൾ; പുതിയ തൊഴിൽ സ്രോതസുകൾ. അതേ സമയം ശതകോടി മനുഷ്യർ ജീവിക്കുന്നത് പട്ടിണിയുടെ മൂർച്ചയുള്ള വായ്ത്തലയിൽ. ഒരു ആഗോള സാമ്പത്തിക കൊടുങ്കാറ്റിനെ അതിജീവിക്കാൻ കെല്പില്ലാത്ത എത്ര രാജ്യങ്ങളുണ്ട്? ഇതിനൊക്കെ മാറ്റം വരുത്തുക സാദ്ധ്യമാണെന്ന്



ഇപ്പോൾ തോന്നുമ്പോലെ തോന്നലുളവായ ഒരു കാലവും ഉണ്ടായിട്ടില്ല. സാങ്കേതികവിദ്യ പല കാര്യങ്ങളും എളുപ്പമുള്ളതാക്കി. സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനുള്ള ചെലവ് കുറയുകയും ചെയ്തു. ഇനിയൊരിക്കലും നമുക്ക് ഇഷ്ടികകളെയും കുമ്മായക്കൂട്ടിനെയും മാത്രം ആശ്രയിക്കേണ്ടതായി വരികയില്ല.

*നിങ്ങൾ പ്രവർത്തിച്ചുതുടങ്ങുവിൻ, അപ്പോൾ നിങ്ങൾക്കു താങ്ങുവാൻ കഴിയാത്തവിധം പ്രചണ്ഡമായ ശക്തി നിങ്ങളിലേക്കു പ്രവഹിക്കുന്നതുകാണാം. അന്യർക്കുവേണ്ടി ചെയ്യുന്ന ഏറ്റവും ചെറിയ കാര്യം പോലും ഉൾക്കരുത്തുണർത്തുന്നു. മറ്റുള്ളവരുടെ നന്മയ്ക്കു വേണ്ടിയുള്ള നേരിയചിന്ത പോലും ഹൃദയത്തിൽ ക്രമേണ സിംഹത്തിന്റെ ബലമുണ്ടാക്കുന്നു.*

*– സ്വാമി വിവേകാനന്ദൻ*

ഫേസ്ബുക്കും ട്വിറ്ററും ലോകത്തു വ്യാപിച്ച വേഗതയോർത്താൽ, മൊബൈൽ ഫോൺ സമൂഹത്തിൽ പടർന്ന വേഗതയോർത്താൽ വികസനവും ശാക്തീകരണവും അത്രവേഗം തന്നെ വ്യാപകമാക്കാൻ കഴിയുമെന്ന് നമുക്കു വിശ്വസിക്കാം. ഓരോ രാജ്യവും വികസനവും വളർച്ചയും ത്വരിതപ്പെടുത്തുന്നതിന് അതാതു ദേശീയ തലത്തിലുള്ള നടപടികൾ എടുക്കണം; ഓരോ ഗവൺമെന്റും അവരവരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കണം. അതേസമയംതന്നെ നമുക്ക് സുതാര്യമായ ഒരു അന്തർദ്ദേശീയ കൂട്ടായ്മ ആവശ്യമാണ്. ഒരു തലത്തിൽ ഈ കൂട്ടായ്മകൊണ്ടുദ്ദേശിക്കുന്നത് നയങ്ങളുടെ മികച്ച ഏകോപിപ്പിക്കലാണ്. അങ്ങനെ ചെയ്യുമ്പോൾ ഉദ്യമങ്ങൾ പരസ്പരം ഹാനികരമാകാതെ നോക്കാനും സഹായകമാക്കാനും കഴിയും. നാം അന്തർദ്ദേശീയ വ്യാപാര കരാറുകൾക്കു രൂപം കൊടുക്കുമ്പോൾ ഓരോ രാജ്യത്തിന്റെയും താല്പര്യങ്ങളും ഉൽക്കണ്ഠകളും കണക്കിലെടുക്കാൻ ഈ

കൂട്ടായ്മയ്ക്കു കഴിയും. ലോകത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുക്കുമ്പോൾ നാം ചിന്തിക്കണം; 250 (2.5 billion) കോടി ആളുകൾ അടിസ്ഥാനശുചിത്വ സൗകര്യമില്ലാത്തവർ; 103 കോടി (1.3 billion) ജനങ്ങൾ വൈദ്യുതി ബന്ധമില്ലാത്തവർ 101 (1.1 billion) കോടി ജനങ്ങൾ കുടിവെള്ളം ലഭിക്കാത്തവർ; അതേ, നമുക്കു വേണ്ടതു കൂടുതൽ വ്യാപക വിഷയങ്ങൾ ഉൾക്കൊള്ളുന്ന സംയുക്ത, അന്തർദ്ദേശീയ ഇടപെടലാണ്. ഇന്ത്യയിൽ എന്റെ വികസന പദ്ധതി മുഖ്യമായും ഈ വിഷയങ്ങളിൽ ലക്ഷ്യമിടുന്നു. വികസന പരിപാടിയുടെ കാതലായി ദാരിദ്ര്യനിർമ്മാർജ്ജനം നിലകൊള്ളുന്നതിനാൽ പൂർണ്ണശ്രദ്ധ ആ വിഷയത്തിനു നൽകാൻ കഴിയുന്നു.

മൂന്നാമത്, കൂടുതൽ വാസയോഗ്യവും നിലനില്പുള്ളതുമായ ഭൂമിയെക്കുറിച്ച് നാം ചിന്തിക്കണം. നീലാകാശത്തെയും ശുദ്ധജലമൊഴുകുന്ന നദികളെയും തടാകങ്ങളെയും അന്യം നിന്നു പോകുന്ന മൃഗങ്ങളെയും കുറിച്ചൊക്കെ വാദപ്രതിവാദങ്ങൾ നടക്കാറുണ്ട്. മൂന്നു കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ഒന്ന്, ചുമലിലേറ്റ ഉത്തരവാദിത്വങ്ങളുടെ നിർവ്വഹണത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന വെല്ലുവിളികളെ നേരിടുന്നിടത്ത് നമുക്ക് സത്യസന്ധത ഉണ്ടായിരിക്കണം. പൊതുസ്വഭാവവും, എന്നാൽ വ്യത്യസ്ത ഉത്തരവാദിത്വങ്ങളും ഉള്ള കൂട്ടായ നടപടിക്ക് ലോകം കരാറായിക്കഴിഞ്ഞിട്ടുണ്ട്. ഈ കരാർ നടപടികൾക്കുള്ള അടിസ്ഥാനമാണ്. വികസിത രാജ്യങ്ങൾ സാങ്കേതികവിദ്യ കൈമാറ്റത്തിനും സാമ്പത്തിക സഹകരണത്തിനും കൊടുത്തിട്ടുള്ള പ്രതിജ്ഞാബദ്ധത നിറവേറ്റുന്നതും ഈ കരാർ ലക്ഷ്യമിടുന്നു. രണ്ടാമത്തേത്, ദേശീയ നടപടികൾ അത്യന്താപേക്ഷിതമാണ്. സാങ്കേതികവിദ്യ പല കാര്യങ്ങളും സാധ്യമാക്കിയിട്ടുണ്ട്. നമുക്ക് സങ്കല്പങ്ങളും പ്രതിജ്ഞാബദ്ധതയും ഉണ്ടായിരിക്കണം. സാർക് (SAARC) രാജ്യങ്ങൾക്ക് ഒരു ഉപഗ്രഹം സൗജന്യമായി



കൊടുക്കാമെന്നു പ്രഖ്യാപിച്ചതുപോലെ സാങ്കേതികവിദ്യയും കാര്യശേഷിയും പങ്കുവയ്ക്കാൻ ഇന്ത്യ തയ്യാറാണ്. മൂന്നാമത്, നാം നമ്മുടെ ജീവിതശൈലി മാറ്റേണ്ടതുണ്ട്. ഉപഭോഗം ചെയ്യപ്പെടാത്ത ഊർജ്ജമാണ് ഏറ്റവും ശുദ്ധമായ ഊർജ്ജം. വീണ്ടുവിചാരമില്ലാത്ത ഉപഭോഗത്തിന്റെ പാതയിലേക്കു പോകാതെ തന്നെ നമുക്ക് ഉയർന്ന തലത്തിലുള്ള വികസനവും അഭിവൃദ്ധിയും സുസ്ഥിതിയും നേടാൻ കഴിയും. സാമ്പത്തിക മേഖല പീഡിതമാകണമെന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല; എന്നാൽ സാമ്പത്തികമേഖല ഒരു പുതിയ സ്വഭാവം കൈവരിക്കേണ്ടിവരും.

> *സൂര്യൻ സമുദ്രത്തിൽനിന്ന് വെള്ളം കൈക്കൊള്ളുകയും മഴയായി മടക്കിക്കൊടുക്കുകയും ചെയ്യുന്നു. എടുക്കാനും കൊടുക്കാനുമുള്ള യന്ത്രമാണ് നിങ്ങൾ. കൊടുക്കുവാൻ വേണ്ടി നിങ്ങളെടുക്കുന്നു. അതുകൊണ്ട് പകരം ഒന്നും ചോദിക്കരുത്. നിങ്ങൾ എത്രകണ്ട് കൊടുക്കുന്നുവോ അത്രകണ്ട് നിങ്ങൾക്കു കിട്ടും. എത്ര വേഗം നിങ്ങൾക്ക് ഈ മുറിയിൽ നിന്ന് കാറ്റിനെ പുറം തള്ളാമോ അത്രയും വേഗം പുറത്തു നിന്ന് കാറ്റു കടന്നു വരും. അല്ല, നിങ്ങളെല്ലാ വാതിലുകളും ദ്വാരങ്ങളും അടച്ചുപൂട്ടുകയാണെങ്കിൽ ഉള്ളിലുള്ള വായു അവിടെ തന്നെ നില്ക്കും. പുറത്തുള്ളത് അകത്തു പ്രവേശിക്കുകയുമില്ല. മാത്രമല്ല അകത്തുള്ളത് കെട്ടി നിന്ന് ദുഷിച്ച് വിഷമയമാകുകയും ചെയ്യും. നദി സദാ സമുദ്രത്തിലേക്കൊഴുകിക്കൊണ്ടിരിക്കുന്നു. എങ്കിലും ആത് സദാ നിറഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നു. സമുദ്രത്തിലേയ്ക്കുള്ള വഴി തടയരുത്. അത് ചെയ്താൽ തൽക്ഷണം മരണം പിടികൂടും.*
>
> *– സ്വാമി വിവേകാനന്ദൻ*

ഇന്ത്യയിൽ പ്രകൃതിയോടുള്ള ആദരവ് ആത്മീയതയുടെ അവിഭാജ്യ ഘടകമാണ്. പ്രകൃതിയുടെ ഔദാര്യങ്ങളെ ഞങ്ങൾ വിശുദ്ധമായി കാണുന്നു. ഞങ്ങളുടെ പുരാതന പാരമ്പര്യത്തിന്റെ മൂല്യമറ്റ സമ്മാനമാണ് 'യോഗ'. മനസ്സിന്റെയും

ശരീരത്തിന്റെയും ഐക്യം, ചിന്തയുടെയും പ്രവൃത്തിയുടെയും ഐക്യം, സംയമനവും സായൂജ്യവും; മനുഷ്യനും പ്രകൃതിയും തമ്മിലുള്ള രഞ്ജിപ്പ്; ആരോഗ്യവും സുസ്ഥിതിയും സംബന്ധിച്ച് സമഗ്രമായ (Holistic) ഒരു സമീപനരീതി ഇതൊക്കെ യോഗ സാക്ഷാത്കരിക്കുന്നു. ഇതൊരു അഭ്യാസമല്ല; ലോകവും പ്രകൃതിയും നിങ്ങളും ഒന്നാണെന്നുള്ള ബോധം പ്രത്യക്ഷമാക്കലാണ്. ജീവിതശൈലി മാറ്റിക്കൊണ്ട്, അന്തർബോധം സൃഷ്ടിച്ചുകൊണ്ട് നമുക്ക് കാലാവസ്ഥാ വ്യതിയാനത്തെ കൈകാര്യം ചെയ്യാം. നമുക്കൊരു അന്തർദ്ദേശീയ 'യോഗ'ദിനം ആചരിക്കുന്നതിനുവേണ്ടിയുള്ള ഉദ്യമങ്ങൾ ആരംഭിക്കാം. അവസാനമായി, നാമൊരു ചരിത്രമുഹൂർത്തത്തിലാണ്. ഓരോ കാലഘട്ടവും നിർവ്വചിക്കപ്പെടുന്നത് അതിന്റെ സ്വഭാവം അനുസരിച്ചാണ്; ഓരോ തലമുറയും സ്മരിക്കപ്പെടുന്നത് ആ കാലഘട്ടത്തിന്റെ വെല്ലുവിളികളെ പ്രതിരോധിക്കാൻ അവർ എങ്ങനെ ഉണർന്നു പ്രവർത്തിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഇതിനൊക്കെ നമുക്ക് 80-ഓ 100-ഓ വയസ്സാകുന്നതുവരെ നാം കാത്തിരിക്കണോ എന്ന് സ്വയം ചോദിക്കാം. യുണൈറ്റഡ് നേഷൻസ് സെക്യൂരിറ്റി കൗൺസിൽ 2015 ഓടെ നവീകരിക്കുമെന്ന് നമുക്കു പ്രതിജ്ഞ ചെയ്യാം. വികസനപരിപാടികളിൽ നാമെടുത്തിരിക്കുന്ന പ്രതിജ്ഞകൾ സാക്ഷാത്കരിക്കാം. അതിലൂടെ ലോകത്തിന് പുതിയ പ്രത്യാശകളും നമ്മെക്കുറിച്ച് വിശ്വാസവും ഉണ്ടാകും. നിലനില്പ്പുള്ള ലോകത്തിനു വേണ്ടി നമുക്കൊരു പുതിയ ജലസംഭരണി ഉണ്ടാക്കാം. ഈ സഭായോഗം ഒന്നിച്ചുള്ള പ്രയാണത്തിന്റെ ആദ്യ ചുവടുകളാവട്ടെ.

നിങ്ങൾക്കു നന്ദി.

(27/9/2014)

✪



# പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രസംഗം (മാഡിസൺ സ്ക്വയർ ഗാർഡൻ, ന്യൂയോർക്ക്)



അമേരിക്കയിലെ എന്റെ പ്രിയപ്പെട്ട പ്രവാസി ഇന്ത്യൻ സഹോദരീസഹോദരന്മാരേ,

നിങ്ങളെ നേരിൽ കാണാനും സംസാരിക്കാനും ഇത്രയും അത്ഭുതകരമായ അവസരം എനിക്കു നിങ്ങൾ ഒരുക്കിത്തന്നതുകണ്ട് ഞാൻ ബഹുമാനിതനും ഒപ്പം വിനയാന്വിതനും ആയിരിക്കുന്നു. മുഹമ്മദാലിയും ജോഫ്രെയ്സറും അവരുടെ അത്ഭുതകരമായ പ്രതിഭ പ്രകടിപ്പിച്ച, ലോകത്തിലെ ഏറ്റവും പ്രസിദ്ധിയാർജ്ജിച്ച അരങ്ങിലാണ് നാം നില്ക്കുന്നത്. ന്യൂയോർക്ക് ബാസ്ക്കറ്റ്

ബോൾ, ഐസ് ഹോക്കി ടീമുകളായ നിക്സിന്റെയും റെയ്ഞ്ചേഴ്സിന്റെയും സ്വന്തം അരങ്ങാണിത്. ഉജ്ജ്വല ഗായകരും മറ്റു പ്രതിഭാശാലികളും അവരുടെ കിടയറ്റ പ്രകടനങ്ങൾ കാഴ്ചവച്ച സ്ഥലം. എന്നെ ആദരിച്ചതിലൂടെ നിങ്ങൾ ഇന്ത്യയുടെ പ്രധാനസേവകന് മഹത്വത്തിന്റെ നിമിഷങ്ങൾ പ്രദാനം ചെയ്തിരിക്കുന്നു. ഇവിടെ ഇതിനുമുമ്പ് പ്രതിഭാശാലികൾ നടത്തിയ പ്രകടനങ്ങളുമായി തട്ടിച്ചു നോക്കി ഒരു 'ചായവാല' മാത്രമായ എന്നെ വിലയിരുത്ത രുതെന്ന് ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾ ചെയ്ത അഭൂത പൂർവ്വമായ സംഘടിത പ്രവർത്തനത്തിന്റെ ഫലമായി റിക്കാർഡു സൃഷ്ടിക്കുന്ന ഒരു വൻജനാവലിയായി എത്തിച്ചേർന്ന് ഈ രംഗവേദിയിൽ നിങ്ങളെ അഭിസംബോധന ചെയ്യാനുള്ള മഹനീയാവസരം തന്നതിനും നിങ്ങൾക്കു നന്ദി. ഇതിന്റെ സംഘാടകർക്കും ഓരോ വ്യക്തികൾക്കും സന്നദ്ധ സേവകർക്കും അതിഥികൾക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി. ദയവായി എന്റെ കൃതജ്ഞത സ്വീകരിച്ചാലും. വീണ്ടും നിങ്ങൾക്കു നന്ദി.

*പടിഞ്ഞാറുനിന്ന് ഞാനെന്തു പഠിച്ചു? യൂറോപ്പിന്റേയും അമേരിക്കയുടേയും രാഷ്ട്ര ഹൃദയങ്ങൾക്കുള്ളിൽ അവിടുത്തെ മനുഷ്യന്റെ ആത്മവിശ്വാസത്തിന്റെ അദ്ഭുതശക്തി ഞാൻ ദർശിച്ചു. ഞാൻ ഒരു ഇംഗ്ലീഷു കാരനാണ്, എനിക്ക് എന്തും ചെയ്യാൻ കഴിവുണ്ട് എന്ന് ഇംഗ്ലണ്ടിലെ ഒരു കുട്ടി പറയും. ഒരു അമേരിക്കൻ കുട്ടിയും യൂറോപ്യൻ കുട്ടിയും അതുതന്നെ പറയും. ഇവിടെ നമ്മുടെ കുട്ടികൾക്ക് അങ്ങനെ പറയാൻ കഴിയുമോ? ഇല്ല. കുട്ടിയുടെ അച്ഛനു പോലും കഴിയില്ല. നമുക്ക് ആത്മവിശ്വാസം നശിച്ചിരിക്കുന്നു*

*- സ്വാമി വിവേകാനന്ദൻ*

രസകരമായ കാലഘട്ടത്തിലാണു നാം ജീവിക്കുന്നതെന്നു പറയാറുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും നിർണ്ണായകമായ കാലസന്ധിയാണ്. എന്തുകൊണ്ടെന്നാൽ



ഒരു രാജ്യമെന്ന നിലയിൽ ആഭ്യന്തരവും ബാഹ്യവുമായ വെല്ലുവിളികളെ നമുക്കു കൂട്ടായി നേരിടേണ്ടതുണ്ട്. കഴിഞ്ഞ 10 വർഷം നിർഭാഗ്യവശാൽ ദോഷകരമായി ബാധിച്ച ദശലക്ഷ ക്കണക്കിനു യുവജനങ്ങളുടെ ഉൽക്കർഷേച്ഛയെ സാക്ഷാത് കരിക്കുന്നതിന് സാമ്പത്തിക പുനരുജ്ജീവനം അത്യാവശ്യ മാണ്. ആ വർഷങ്ങളെ ഞാൻ വിലയിടിക്കുന്നില്ല. പക്ഷെ കാര്യനിർവ്വഹണത്തെ അടിസ്ഥാനമാക്കുന്ന സംസ്കാരം ഇന്ത്യയിൽ ഉറപ്പിക്കുമെന്നും അത് നല്ല ഭരണനിർവ്വഹണ ത്തിനും എല്ലാ ജനങ്ങളുടെയും സാമ്പത്തിക വളർച്ചയ്ക്കും കാരണമാകുമെന്നും ഞാൻ വാഗ്ദാനം നൽകിയിട്ടുണ്ട്. അതാണ് ഇന്ത്യൻ ജനത നമ്മുടെ പാർട്ടിക്ക് വോട്ടു മുഖേന നൽകിയ അനുജ്ഞ. ഞാൻ എന്നാൽതന്നെയും, എന്റെ ഗവൺമെന്റും എന്റെ പാർട്ടിയും അതിന് ഉത്തരവാദിത്വ മുള്ളവരും കണക്കു പറയേണ്ടവരും ആണ്. ഒഴിവുകഴിവു കളില്ല, വ്യർത്ഥ ഭാഷണങ്ങളില്ല. ചിലപ്പോൾ തെറ്റുകൾ പറ്റിയേക്കാം. സാഹചര്യങ്ങൾ ഞങ്ങളെ വീഴ്ത്തിയേക്കാം. പക്ഷെ ഞങ്ങൾ വീണ്ടെടുക്കും. വഴികൾ തിരുത്തും. വീണ്ടും മുമ്പോട്ടു പ്രയാണം ചെയ്യും. ആ യത്നത്തിൽ, പ്രയാണത്തിൽ ഞങ്ങൾക്ക് നിങ്ങളുടെ വിവേകപൂർവ്വവും ക്ഷമാപൂർവ്വവുമായ പിന്തുണ ആവശ്യമാണ്.

*ഒരു ഇംഗ്ലീഷുകാരൻ ഒരിക്കൽ വെറുമൊരു ഗുമസ്തനായിട്ടിവിടെ വന്നു. ദാരിദ്ര്യംകൊണ്ടും മറ്റു കാരണങ്ങൾകൊണ്ടും അയാൾ രണ്ടു തവണ ആത്മ ഹത്യ ചെയ്യാൻ ശ്രമിച്ചു. എന്നാലയാൾ പരാജയപ്പെട്ടു. ആയാൾക്കാത്മവിശ്വാസമുണ്ടായി. മഹത്കാര്യം ചെയ്യാൻ പിറന്നവനാണെന്ന് അയാൾ വിശ്വസിച്ചു. അയാളാണ് സാമ്രാജ്യസ്ഥാപകനായ ക്ലൈവ് പ്രഭുവായിത്തീർന്നത്.*

*- സ്വാമി വിവേകാനന്ദൻ*

ഗവൺമെന്റിന്റെ ആദ്യത്തെ നൂറു ദിവസങ്ങളിൽ, ഇന്ത്യൻ ജനതയുടെ ആത്മവിശ്വാസം ജ്വലിപ്പിക്കുന്നതിനു

വേണ്ടി ഞങ്ങൾ ധീരമായ ചില ചുവടുകൾ വച്ചു; അത് നാം ഇതുവരെ ശീലിച്ചിട്ടുള്ളതിനേക്കാളേറെ ചെയ്യാൻ കഴിയുന്നതും നേടാൻ കഴിയുന്നതും ആണ്. ജപ്പാൻ ഗവൺമെന്റിന് ഞാൻ ഉറപ്പുനൽകിയിട്ടുണ്ട്, ആ രാജ്യത്തുനിന്ന് ഇന്ത്യയിൽ ധന നിക്ഷേപത്തിനു വരുന്നവരെ ചുവന്ന പരവതാനി വിരിച്ച് സ്വീകരിക്കുമെന്ന്; ചുവപ്പുനാടയിൽ കുരുക്കി നരകിപ്പിക്കുക യില്ലെന്ന്. ഇന്ത്യയിൽ താല്പര്യം കാണിക്കുന്ന അമേരിക്കൻ നിക്ഷേപകരുടെ കാര്യത്തിലും അതുതന്നെയാണ് നാം ചെയ്യാൻ പോകുന്നത്. ആ ലക്ഷ്യം മുൻനിർത്തി നിങ്ങൾക്കു വേണ്ടി ചുവപ്പു പരവതാനികൾ ചുരുൾ നിവർത്താൻ ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇനി മുതൽ നിങ്ങൾ കാണാൻ പോകുന്ന ഇന്ത്യ ഭൂതകാലത്തു നിങ്ങൾ കണ്ട പരിമിതമായ ഇന്ത്യ ആയിരിക്കുകയില്ല. ഇന്ത്യൻ ജനത ആ വെല്ലുവിളി ഏറ്റെടുക്കുവാനും അഭിവൃദ്ധിയും ഭരണനിർവ്വഹണവും എന്ന മൂലമന്ത്രം അവർക്കു നല്കുന്ന മാറ്റത്തെ പുൽകുവാനും തയ്യാറാണ്. ലോകവ്യാപാര സമൂഹത്തിനുമുൻപിൽ നമ്മെ ഇരുണ്ട വെളിച്ചത്തിൽ നിർത്തുന്ന അഴിമതിയുടെ ദുഷിപ്പിനെ തുടച്ചു നീക്കുന്ന നിമിഷവുമാണിത്. രണ്ടു വിധത്തിലുള്ള സൂചികയിലൂടെയാണ് ഇന്ത്യ ഇനി നീങ്ങാൻ പോകുന്നത്. അഴിമതി സൂചികയും കാര്യനിർവ്വഹണ സൂചികയും. ഇന്നു നാം എവിടെയാണോ അതിലൊക്കെ മെച്ചമാണ് നാം. നാം ആരാണെന്നതിലും എന്തു ചെയ്യാനും എന്തായിത്തീരാനും കഴിയുമെന്നതിലും അഭിമാനം കൊള്ളുവാൻ കഴിയുന്നവിധം എല്ലാം ഞാൻ ചെയ്തിരിക്കും. നാം ജീവിക്കുന്ന ഈ ലോകത്ത് സാമ്പത്തികാഭിവൃദ്ധിയുടെ പുതിയ പ്രവർത്തനയന്ത്രം ആയി ത്തീരും ഇന്ത്യ. എല്ലാ ഗൗരവത്തോടും കൂടി അതു സംഭവിപ്പി ക്കുകയായിരിക്കും നമ്മുടെ ലക്ഷ്യം.

ലോകനേതാക്കളുടെ യു.എൻ. ജനറൽ അസംബ്ലിക്കു വേണ്ടിയാണ് ഞാൻ ഇവിടെ എത്തിയിരിക്കുന്നത്.



ന്യൂയോർക്കിലെ ഈ വാർഷിക വിശേഷസംഭവത്തിൽ ഭാഗഭാക്കാകുന്നതും ഒട്ടനവധി ലോകനേതാക്കളെ സമാഗമി ക്കുന്നതും ആശംസിക്കുന്നതും സൗഹൃദം പങ്കിടാൻ കഴിയു ന്നതും ഒരു മഹത്തായ അനുഭവമാണ്. ഈ ലോകത്തിലെ കുഞ്ഞുങ്ങൾക്കും വനിതകൾക്കും എല്ലാ പുരുഷന്മാർക്കും ഒരുപോലെ ആവശ്യമായ സമാധാനാന്തരീക്ഷത്തെ അസന്തുലിതമാക്കുവാൻ ചില സംഘങ്ങൾ ബദ്ധവൈര്യ ത്തോടെ ഇറങ്ങിയിട്ടുള്ളതിനാൽ ലോകം വളരെ വലിയ വിപദ് സന്ധിയിലൂടെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. നിരപരാധി കളായ മനുഷ്യരുടെയും നിസ്സഹായരായ കുഞ്ഞുങ്ങളുടെയും കൂട്ടക്കൊല ഒരു അംഗീകൃത ജീവിതരീതിയായി സ്വീകരി ക്കാൻ ലോകത്തൊരിടത്തും കഴിയുകയില്ല. മതത്തെ ആ രീതിയിൽ ദുരുപയോഗം ചെയ്യുന്നത് ദൈവേച്ഛയെ ദുരുപ യോഗം ചെയ്യുന്നതിനു തുല്യമാണ്. ക്രൂരമായ കൊലപാതക ങ്ങൾക്കും നിർബന്ധിത മതപരിവർത്തനത്തിനും എതിരെ പൊരുതാൻ ലോകരാജ്യങ്ങൾ ഒറ്റക്കെട്ടായി നില്ക്കണം. രാഷ്ട്രീയ നയോപായങ്ങളുടെ പേരിൽ ഭീകരപ്രവർത്ത കരുമായി ഏതെങ്കിലും രാജ്യം പങ്കുചേരുന്നത് ഒരു കാരണ വശാലും നീതീകരിക്കാനാവില്ല. ലോകനേതൃത്വത്തിന്റെ വിശ്വാസ്യതയെയും ഉഭയകക്ഷി ബന്ധങ്ങളെയും അസ്ഥിര പ്പെടുത്തുന്ന പ്രധാന ഘടകം ഇതാണ്. സെക്യൂരിറ്റി കൗൺസിലിൽ സ്ഥിരാംഗത്വത്തിനുള്ള അവകാശം ഇന്ത്യ നേടിക്കഴിഞ്ഞുവെന്നു ഞാൻ കരുതുന്നു. എന്നാൽ കൗൺസിലിലെ ഒരു സീറ്റിനുവേണ്ടി നാം നമ്മുടെ ആശയാ ദർശങ്ങളെ വളച്ചൊടിക്കാൻ പോകുന്നില്ല. ലോക സമ്പദ് വ്യവസ്ഥയിലും രാഷ്ട്രീയത്തിലും സാമൂഹ്യ ജീവിതത്തിലും നമ്മുടെ ഭാരതം അതിന്റെ സമ്മർദ്ദമേല്പിക്കൽ തുടരുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ത്യയിൽ കുടികൊള്ളുന്ന

വൈവിദ്ധ്യങ്ങളുടെ ശക്തിയും ധാർമ്മികതയും ലോകം കണ്ടു പഠിക്കും. അമേരിക്ക ഏറ്റവും ആധികാരികമായ ഉരുക്കുമൂശ ആയിരിക്കുമ്പോൾ തന്നെ 'വസുധൈവ കുടുംബകം' (ഈ ലോകം എല്ലാവർക്കും ഭവനമാണ്) എന്ന തത്വത്തിൽ ഇന്ത്യ വിശ്വസിക്കുകയും അത് അനുഷ്ഠിക്കുകയും ചെയ്തിരുന്നു. നിർഭയമായി വിശ്വസിക്കുകയും അനുഷ്ഠാനങ്ങൾ നടത്തുകയും ചെയ്യുന്ന ഓരോ മതത്തിനും ഇന്ത്യ സ്വദേശം തന്നെയാണ്. ഒരുപക്ഷെ ജനങ്ങളെ പ്രതികൂലമായി ബാധിച്ച ചിലതൊക്കെ ഉണ്ടായിട്ടുണ്ടായിരിക്കും. പക്ഷെ അതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങളാണ്.

*ഗുമസ്തന്മാരെ വാർത്തെടുക്കുന്ന ഒരു യന്ത്രമായിരുന്നു ഇന്നത്തെ വിദ്യാഭ്യാസമെങ്കിൽ സഹിക്കാമായിരുന്നു. ശ്രദ്ധയും വിശ്വാസവും നഷ്ടപ്പെടുകയാണിന്നതിന്റെ ഫലം. ഗീത പ്രക്ഷിപ്തമാണെന്നവർ പറയും. വേദങ്ങൾ ആരണ്യ ഗാഥകളാണെന്നും. ഇന്ത്യയ്ക്കു പുറത്തുള്ളതിന്റെയൊക്കെ വിശദാംശങ്ങളവർക്കറിയണം. തങ്ങളുടെ പൂർവ്വികരുടേതൊന്നും അവർക്കറിഞ്ഞു കൂടാതാനും. പാരമ്പര്യത്തിൽ നിന്നകന്നതും അതിൽ നിന്നകറ്റുന്നതുമായ വിദ്യാഭ്യാസം മനുഷ്യന് ഉൽക്കർഷേച്ഛ നൽകുകയില്ല. ഒരു വലിയ തറവാട്ടിലെ സന്തതിയാണെന്ന അഭിമാനബോധമുള്ള കുട്ടികൾക്ക് കൊള്ളരുതായ്മ കാണിക്കാൻ സങ്കോചമുണ്ടാകും. അതുപോലെ സ്വന്തം ദേശീയചരിത്രത്തെക്കുറിച്ചുള്ള അഭിമാനബോധമാണ് ജനങ്ങളെ അധഃപതനത്തിൽ നിന്നും തടഞ്ഞു നിർത്തുന്നത് - സ്വാമി വിവേകാനന്ദൻ*

അമേരിക്ക നയനാനന്ദകരമായ രാജ്യമായതുകൊണ്ടല്ല അത് മഹത്തായ രാജ്യമായത്. ലോകത്തിനു കിടയറ്റ നേതൃത്വം നൽകിയതുകൊണ്ട്, അതിന്റെ ജനങ്ങൾക്ക് അവസരങ്ങൾ സൃഷ്ടിച്ചതുകൊണ്ട് 'ജീവിതം, സ്വാതന്ത്ര്യം, ആനന്ദത്തെ പിന്തുടരൽ' ഇവ ആണ് ജീവിതത്തിന്റെ, ജീവന്റെ പ്രഭവസ്ഥാനം എന്ന് ശക്തമായി വിശ്വസിക്കുന്നതുകൊണ്ട് ആണ് അമേരിക്ക മഹത്തായ രാഷ്ട്രമായത്. പ്രസിഡന്റ്



ജോൺ എഫ് കെന്നഡി പറഞ്ഞ പ്രചോദനകരമായ ഈ വാക്കുകൾ ആർക്കാണു മറക്കാൻ കഴിയുന്നത്. 'രാജ്യത്തിന് നിങ്ങൾക്കുവേണ്ടി എന്തുചെയ്യാനാണു കഴിയുന്നതെന്നു ചോദിക്കരുത്. രാജ്യത്തിനുവേണ്ടി നിങ്ങൾക്കെന്തു ചെയ്യാൻ കഴിയുമെന്നു ചോദിക്കുക.' മറ്റൊരവസരത്തിൽ അദ്ദേഹം പറഞ്ഞു 'നാം ചന്ദ്രനിൽ പോകുന്നില്ലാത്തത് അതു വളരെ എളുപ്പമായതുകൊണ്ടാണ്. നാം ചന്ദ്രനിൽ പോകുന്നതു അതു വളരെ പ്രയാസമേറിയ കാര്യമായതുകൊണ്ടാണ്.' ജോൺ എഫ് കെന്നഡിയെപ്പോലുള്ള നേതാക്കൾ വസ്തുതകളെ വ്യത്യസ്തമായ കാഴ്ചപ്പാടിൽ ദർശിച്ചു. അവർ ജനങ്ങൾക്ക് സാമാന്യ സ്ഥിതിയിൽ നിന്ന് ഉയർന്നുവരാൻ പ്രചോദനം നൽകി. ഈ നാട്ടിൽ നിന്ന് ഞാൻ കൊണ്ടുപോകാനുദ്ദേശിക്കുന്നത് ഈ ദേശീയ സ്വാഭിമാനമാണ്, സംരംഭകത്വമാണ്, സാഹസികത്വമാണ്. നിങ്ങൾ എപ്പോഴെങ്കിലും ഇന്ത്യ സന്ദർശിക്കുമ്പോൾ ഇന്ത്യയിലേയ്ക്കു കൊണ്ടുവരേണ്ടതും ഈ മഹത്തായ മൂല്യങ്ങളാണ്. ലോകഭൂപടത്തിൽ ഇന്ത്യയെ പുനർനിർമ്മിക്കാനും പുനഃസ്ഥാപിക്കാനും ഉള്ള വെല്ലുവിളി ഞാൻ ഏറ്റെടുത്തത് അത് എളുപ്പമായതുകൊണ്ടല്ല; എളുപ്പമല്ലാത്തതുകൊണ്ടാണ്. എന്നാൽ എനിക്കു നിങ്ങളുടെ പിന്തുണയും സഹകരണവും ഈ പ്രക്രിയ ആവശ്യപ്പെടുന്ന സഹിഷ്ണുതയും ആവശ്യമാണ്.

*നാം പട്ടുനൂൽപുഴുപോലെയാണ്. നമ്മിൽനിന്നു തന്നെ നാം നൂലുണ്ടാക്കി അതുകൊണ്ട് കൂടുനിർമ്മിച്ച് കാലക്രമത്തിൽ അതിനുള്ളിൽ തടവുകാരാക്കപ്പെടുന്നു. നമ്മുടെ അജ്ഞതയിൽ നാം തടവുകാരെന്നുകണ്ട് കരയുകയും സഹായത്തിനുവേണ്ടി കേഴുകയും ചെയ്യുന്നു. എന്നാൽ സഹായം വെളിയിൽനിന്നു വരുന്നില്ല. നമ്മുടെ ഉള്ളിൽനിന്നു വരുന്നു. അതിന് ഞാൻ ചെയ്ത തെറ്റുകൾ ഞാൻതന്നെ തിരുത്തേണ്ടിവന്നു. അതേ ഒരു മാർഗ്ഗമുള്ളൂ. ഞാൻ കെട്ടിയ വല ഞാൻതന്നെ പൊട്ടിക്കണം. അതിനുള്ള ശക്തി എന്റെ ഉള്ളിലുണ്ട്. - സ്വാമി വിവേകാനന്ദൻ*



പ്രവാസി ഇന്ത്യക്കാരേ, നിങ്ങൾ പ്രവാസി ഇന്ത്യൻസ് എന്ന കൊടിക്കുകീഴിൽ അണിചേർന്നു നിൽക്കുന്നതിൽ എനിക്കു നിങ്ങളെക്കുറിച്ച് അഭിമാനമുണ്ട്. ഏതു ഭാഷ സംസാരിച്ചാലും പ്രഥമമായി നിങ്ങൾ ഇന്ത്യക്കാരാണല്ലോ. എന്റെ കാഴ്ചപ്പാടിൽ നിങ്ങൾ നോൺ റെസിഡന്റ് ഇന്ത്യൻസ് (NRI) അല്ല; ന്യൂ റെസ്പോൺസിബിൾ ഇന്ത്യൻസ് (NRI) ആണ്. പുതിയ ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന ഇന്ത്യൻസ് ആണ്. ഇന്ത്യയിൽ വസിക്കുന്ന ഓരോ ഇന്ത്യൻ പൗരനും പുതിയ ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന (NRI) ഇന്ത്യക്കാരനാകണം. ഈ ദേശത്ത് നിങ്ങൾ ഉത്കർഷം നേടിയത്, നിങ്ങൾ എന്താണോ, ആരാണോ അത് ആയിത്തീരാനുള്ള അവസരം ലഭ്യമായതുകൊണ്ടാണ്. കഠിനാദ്ധ്വാനം ചെയ്ത്, കുടുംബമഹിമയും സംസ്കാരവും നിലനിർത്തി, കുഞ്ഞുങ്ങളെ പരിപാലിച്ച്, നല്ല അമേരിക്കൻ പൗരന്മാരായി ആ സമൂഹത്തിന് ഉചിതമായ സംഭാവനകൾ നൽകി നിങ്ങൾ അഭ്യുന്നതി നേടുന്നു. മാതൃരാജ്യത്തിന്റെ അംബാസിഡർമാരും പ്രതിനിധികളും എന്ന നിലയിൽ നാം നിങ്ങളെക്കുറിച്ച് അഭിമാനം കൊള്ളുന്നു. വരൂ എന്നോടും മാതൃരാജ്യത്തുള്ള ജനതയോടും അണിചേരൂ.... നമുക്കു പുതിയൊരു ഭാരതം സൃഷ്ടിക്കാം.



*നമുക്ക് കഠിനമായ ജോലി ചെയ്യാം; ഇത് ഉറക്കത്തിനുള്ള സമയമല്ല. സുശോഭനമായ ഭാവിഭാരതത്തിന്റെ ആഗമനം നമ്മുടെ പ്രവൃത്തിയെ ആശ്രയിച്ചിരിക്കുന്നു. അമ്മ (ഭാരതം) നമ്മെ പ്രതീക്ഷിച്ചിരിക്കുകയാണ്; (തൽക്കാലം) ഉറങ്ങുകയാണെന്നുമാത്രം. ഉണരൂ! എഴുന്നേൽക്കൂ! ദേവി, നമ്മുടെ ഈ മാതൃഭൂമി - പുനർലബ്ധ യൗവനയായി അതാ നിത്യ സിംഹാസനത്തിൽ പൂർവ്വാധികം സമുജ്ജ്വലയായിരിക്കുന്നതു ദർശിച്ചാലും!*

*- സ്വാമി വിവേകാനന്ദൻ*

ഇന്ത്യയും അമേരിക്കയും തമ്മിൽ തന്ത്രപ്രധാന വിഷയങ്ങളിലുള്ള ബന്ധവും പങ്കാളിത്തവും സംബന്ധിച്ച് വലിയ പ്രത്യാശകളാണുള്ളത്. ഭീകരവാദത്തിന്റെ ദുഷ്ടതയ്ക്കെതിരെ യുദ്ധം ചെയ്യാനുള്ള നമ്മുടെ രാജ്യത്തിന്റെ പ്രതിജ്ഞാബദ്ധത അമേരിക്കയ്ക്ക് വാഗ്ദാനം ചെയ്യുവാനാണ് ഞാൻ ഇവിടെ എത്തിയിരിക്കുന്നത്. കീഴ്ക്കടനടപ്പില്ലാത്ത (Unprecedented) സാമ്പത്തിക സഹകരണം വാഗ്ദാനം ചെയ്യാനാണ് ഞാൻ എത്തിയിരിക്കുന്നത്. ഇന്ത്യക്കും ഇന്ത്യക്കാർക്കും സാമ്പത്തിക സ്വാതന്ത്ര്യവും അഭ്യുന്നതിയും നേടാൻ എന്തു സഹായം ലഭ്യമാക്കാൻ കഴിയുമെന്നാരായാനാണ് ഞാൻ എത്തിയിരിക്കുന്നത്. ഇവിടെ ജീവിക്കുന്ന അമേരിക്കക്കാർക്ക് ഉത്കർഷം കൊണ്ടുവരാനാണ് ഞാൻ എത്തിയിരിക്കുന്നത്. മഹത്തായ ഈ രണ്ടു രാജ്യങ്ങളുടെയും മൗലിക പ്രമാണങ്ങളെയും ധാർമ്മിക മൂല്യങ്ങളേയും മുറുകെ പിടിച്ചു കൊണ്ടുതന്നെ, രണ്ടു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക സഹകരണത്തിനും ഭീകരവാദത്തിനെതിരെയുള്ള പോരാട്ടത്തിനും എന്റെ പൂർണ്ണ സഹകരണം അമേരിക്കയും പ്രസിഡന്റ് ഒബാമയും സ്വീകരിക്കുമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു. ഈ കർത്തവ്യനിർവ്വഹണത്തിന്, ഉദ്യമത്തിന് നിങ്ങളെല്ലാം ഞങ്ങളെ സഹായിക്കുമെന്നെനിക്കുറപ്പുണ്ട്.

ജയ്ഹിന്ദ്

(28/09/2014)

✪

# നരേന്ദ്രമോദി ആസ്ത്രേലിയയിൽ ചെയ്ത പ്രസംഗം

## ക്വീൻസ് ലാൻഡിലെ പ്രീമിയർ മിസ്റ്റർ ന്യൂമാൻ ആതിഥേയനായി നടത്തിയ പ്രാതൽ സൽക്കാരവേള



നാം നില്ക്കുന്ന ഈ നാടിന് ഉടമകളായ പൂർവ്വാചാരപ്രകാരമുള്ള വയോധികരെയും അവരുടെ പൂർവ്വഗാമികളെയും നമിച്ചുകൊണ്ട് ഞാൻ ആരംഭിക്കട്ടെ.



പ്രീമിയർ ന്യൂമാൻ,

ക്വീൻസ് ലാൻഡിലെ സാമ്പത്തിക തലവന്മാരുമായുള്ള ഈ പ്രാതൽ സമ്മേളനം പ്രാപ്തമാക്കിയതിന് താങ്കൾക്കു വളരെ നന്ദി.

ഈ മഹത്തായ പ്രേക്ഷക സാന്നിദ്ധ്യംകൊണ്ട് ഞാൻ ബഹുമാനിതനായിരിക്കുന്നു, ഒപ്പം വളരെ പ്രചോദിതനുമാകുന്നു.

ഇത്രയും ഗംഭീരമായ ജി 20 കൂട്ടായ്മയ്ക്ക് ആതിഥേയത്വമരുളിയതിന് ക്വീൻസ് ലാൻഡിനെയും ബ്രിസ്ബെയ്നെയും ഞാൻ അഭിനന്ദിക്കുന്നു. എത്ര ലോകനിലവാരമുള്ള നഗരമാണു നിങ്ങളുടേതെന്ന് കഴിഞ്ഞ ഏതാനും ദിവസങ്ങളായി നിങ്ങൾ കാട്ടിക്കൊടുത്തുകൊണ്ടിരിക്കുന്നു. ക്വീൻസ് ലാൻഡിന്റെ സമ്പദ്‌വ്യവസ്ഥ ജീവസ്സുറ്റ പ്രകടനം കാഴ്ചവയ്ക്കുന്നു. വിനോദസഞ്ചാരം, പ്രകൃതിവിഭവങ്ങൾ, കാർഷികരംഗം തുടങ്ങിയ സാമ്പ്രദായിക മേഖലയുടെ കരുത്തുകൂടാതെ ആധുനിക സാങ്കേതിക വിദ്യയുടെയും സേവനത്തിന്റെയും മേഖലകളിൽ നിങ്ങൾ നടത്തിയിട്ടുള്ള മുതലിറക്കും ഈ മികച്ച സാമ്പത്തികാവസ്ഥയ്ക്കു കാരണമാകുന്നു.

നിങ്ങളുടെ നേതൃത്വത്തിനും ഗവൺമെന്റിനും ക്വീൻസ് ലാൻഡിലെ ബിസ്സിനസ്സിനും ഉള്ള ബഹുമാനസ്തുതിയാണിത്.

ഈ നാട്ടിൽ എത്തിയിരിക്കുന്നതിന് നിരവധി കാരണങ്ങളാൽ ഞാൻ സന്തുഷ്ടനാണ്.

ദേശീയ തലസ്ഥാനങ്ങൾ തമ്മിലുള്ളതിനേക്കാളുപരി സംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധത്തിന് ഞാൻ വലിയ ഊന്നൽ കൊടുത്തിട്ടുണ്ട്.

പ്രീമിയർ ന്യൂമാൻ, താങ്കളും താങ്കളുടെ ഗവൺമെന്റും ഇന്ത്യയിലെ സാമ്പത്തിക അവസരങ്ങൾ തേടിപ്പിടിക്കുവാൻ ധാരാളം ശ്രമിക്കുന്നുണ്ട്.

നിങ്ങൾ നിരവധി വ്യാപാരദൗത്യസംഘങ്ങളെ ഇന്ത്യയിലേക്ക് അയയ്ക്കുകയുണ്ടായി. ഇക്കഴിഞ്ഞ

സെപ്തംബറിൽ ഒരു ക്വീൻസ് ലാൻഡ് – ഗുജറാത്ത് ഊർജ്ജ വട്ടമേശസമ്മേളനം ഗുജറാത്തിന്റെ തലസ്ഥാനമായ ഗാന്ധി നഗറിൽ നടക്കുകയുണ്ടായല്ലോ. 2015 ജനുവരിയിൽ നടക്കുന്ന 'മുഴങ്ങുന്ന ഗുജറാത്ത്' (Vibrant Gujarat) പരിപാടിയിൽ നിങ്ങൾ പങ്കെടുക്കുന്നതിൽ സ്വാഭാവികമായും ഞാൻ സന്തുഷ്ടനാണ്. അതിൽ നിങ്ങളുടെ ആന്തരഘടനാ യോഗ്യതകൾ (Infrastructure Capabilities) പ്രദർശിപ്പിക്കപ്പെടുമല്ലോ.

> *സ്വധർമ്മം ഏതുതരത്തിൽ പെട്ടതായാലും അതിനെ നിസ്സാരമായെണ്ണരുത്. ഒരുവൻ നിർവ്വഹിക്കുന്ന സ്വധർമ്മത്തിന്റെ സ്വഭാവമനുസരിച്ച് ആരെയും അളക്കരുത്; അതെങ്ങനെ അനുഷ്ഠിക്കപ്പെടുന്നു എന്നാണു നോക്കേണ്ടത്. ഉറപ്പും അഴകുമുള്ള ഒരു ജോടി ചെരിപ്പ് വേഗത്തിൽ ഉണ്ടാക്കാൻ കഴിയുന്ന ചെരിപ്പുകുത്തി, നിത്യവും വിഡ്ഢിത്തം പ്രസംഗിക്കുന്ന പ്രഫസറേക്കാൾ ധാർമ്മികനാണ്. സകല ധർമ്മങ്ങളും പാവനമാണ്. അവികലമായ ധർമ്മനിഷ്ഠ ഈശ്വരപൂജയുടെ പരമോത്കൃഷ്ട രൂപമത്രേ. – സ്വാമി വിവേകാനന്ദൻ*

ഗുജറാത്തിനോട് പക്ഷപാതപരമല്ല നിങ്ങൾ എന്ന് എനിക്കറിയാം. കൊൽകത്തയ്ക്കും ഡൽഹിക്കും മറ്റു സ്ഥലങ്ങളിലേക്കും നിങ്ങൾ പ്രതിനിധിസംഘങ്ങളെ അയയ്ക്കാറുണ്ടല്ലോ.

ഇന്ന് ഇന്ത്യ നിങ്ങളുടെ പ്രധാന കയറ്റുമതി ലക്ഷ്യങ്ങളിൽ നാലാം സ്ഥാനത്തുണ്ട്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ക്വീൻസ് ലാൻഡ് ഉയർന്നു വരുന്നത് ഒരു മഹത്തായ മുതൽമുടക്ക് (Investment) ലക്ഷ്യം എന്ന നിലയിലാണ്.

16000 കോടി ആസ്ത്രേലിയൻ ഡോളറിന്റെ മുതൽ മുടക്ക് കൽക്കരി ഖനന മേഖലയിൽ സാധിതമാകുന്നതിന് നിങ്ങൾ ചെയ്ത പ്രയത്നം ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

ഇന്ത്യ – ആസ്ത്രേലിയ സഹകരണത്തിന് ഞാൻ ഒരു പുതിയ മാനദണ്ഡം ക്രമീകരിക്കും. അതുമൂലം ഊർജ്ജ മേഖലയിലും മറ്റ് അതിപ്രധാന വിഭവമേഖലകളിലും



ഇന്ത്യയുടെ ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള എത്ര പ്രധാന പങ്കാളികളാണ് ആസ്ത്രേലിയയും ക്വീൻസ് ലാൻഡുമെന്ന് ഞാൻ കാട്ടിക്കൊടുക്കും.

ഊർജ്ജം, ഖനിജവിഭവങ്ങൾ, കൃഷി, ഭക്ഷ്യസുരക്ഷ, വിദ്യാഭ്യാസം, ചിലമേഖലകളിലെ ആധുനിക സാങ്കേതിക വിദ്യ എന്നീ രംഗങ്ങളിലൊക്കെ ഇന്ത്യയുടെ വികസനത്തിന് പ്രധാന പങ്കാളിയാകാൻ ക്വീൻസ് ലാൻഡിനു കഴിയും.

സാമ്പത്തിക വളർച്ചയും ജനങ്ങളുടെ ഉയർന്ന ജീവിത നിലവാരവും ലക്ഷ്യമാക്കി ഞങ്ങൾ നിരവധി പരിഷ്കരണ പ്രക്രിയകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. തീവ്ര ഉൽക്കർഷേച്ഛയും അതിവേഗവും ഉള്ള പരിപാടികൾക്കാണ് ഞങ്ങൾ രൂപം കൊടുത്തിരിക്കുന്നത്.

**നയപരമായ മേഖലകളിൽ**

- റെയിൽവേ, പ്രതിരോധം, ഇൻഷ്വറൻസ് മേഖലകളിൽ നേരിട്ടുള്ള വിദേശ നിക്ഷേപത്തിന് തടസ്സം മാറത്തക്കവിധം നിയമം ലഘൂകരിച്ചു.
- നാളിതുവരെ ഗവൺമെന്റിന്റെ മറ്റൊരു ഡിപ്പാർട്ടുമെന്റു മാത്രമായിട്ടാണ് റെയിൽവേയെ കണ്ടിരുന്നത്. ആ കാഴ്ചപ്പാടു മാറ്റി മുൻപൊരിക്കലും ചെയ്തിട്ടില്ലാത്തവണ്ണം റെയിൽവേ പരിഷ്കരണത്തിന് ഒരു കമ്മിഷനെ നിയമിച്ചു.
- തൊഴിൽ പരിഷ്കരണം നടപ്പിലാക്കി.
- കൽക്കരി, പ്രകൃതി വാതകം, ഡീസൽ തുടങ്ങി ഇന്ധനങ്ങളെ ബാധിക്കുന്ന നയങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തി.

**നടപടി ക്രമങ്ങളിൽ**

- നല്ല ഭരണ നിർവ്വഹണത്തിൽനിന്നാണ് പരിവർത്തനത്തിന്റെ പ്രാരംഭം കുറിക്കപ്പെടുന്നത്. അതുകൊണ്ട് ഗവൺമെന്റിന്റെ പ്രവർത്തനരീതി ഞങ്ങൾ മാറ്റിക്കുറിച്ചു. സാധാരണ പൗരന്മാർക്കെന്നപോലെ വ്യാപാരത്തിനും ഈ മാറ്റം പ്രാധാന്യമർഹിക്കുന്നു.

- അനാവശ്യമായ നിയമങ്ങളും ചട്ടങ്ങളും നിഷ്കാസനം ചെയ്തതിലൂടെ, നടപടിക്രമങ്ങൾ ആയാസരഹിതവും ദൈർഘ്യം കുറഞ്ഞതും ആക്കിയതിലൂടെ ഗവൺമെന്റിന്റെ സുതാര്യത ഉറപ്പാക്കാൻ കഴിഞ്ഞു.
- ബിസ്സിനസ് ചെയ്യുന്നത് ക്ലേശരഹിതമാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.
- സംസ്ഥാന ഗവൺമെന്റുകളുമായി ഞങ്ങൾ പങ്കാളിത്തമുണ്ടാക്കുന്നു. അത്തരം പങ്കാളിത്തം ജില്ലകളുമായോ എന്തിന് വില്ലേജുകളുമായി പോലുമോ ഉണ്ടാക്കാൻ ഞങ്ങൾ തയ്യാറായിക്കൊണ്ടിരിക്കുന്നു.
- ഡിജിറ്റൽ ഇന്ത്യാ യത്നത്തിനു തുടക്കം കുറിച്ചു.
- സുസാദ്ധ്യതാ സങ്കേതങ്ങൾ (Facilitation cells) സജ്ജീകരിച്ചു.

**സ്ഥാപനങ്ങളെ സംബന്ധിച്ച്**

- വൈദഗ്ദ്ധ്യവികസനത്തിന് ഒരു പുതിയ ഡിപ്പാർട്ട്മെന്റ് ആരംഭിച്ചു.
- വ്യാവസായിക ഇടനാഴികൾക്കായി ഒരു പുതിയ അധികാര കേന്ദ്രം സജ്ജീകരിച്ചു.
- തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ സൂക്ഷ്മ നിരീക്ഷണം.
- ചെലവു പരിഷ്കരണ കമ്മിഷൻ രൂപീകരിച്ചു.

*പഴുത്തിരിക്കുമ്പോൾ വേണം ഇരുമ്പു തല്ലാൻ. മടിച്ചിരുന്നിട്ടു കാര്യമില്ല. അസൂയയും അഹന്തയും എന്നന്നേയ്ക്കുമായി ഉപേക്ഷിക്കുക. അപ്രതിമമായ ശക്തിയോടെ പ്രവൃത്തിപഥത്തിലേയ്ക്കു വന്ന് കരുത്തുറ്റ ജോലി ചെയ്യൂ. ശേഷമൊക്കെ ഈശ്വരൻ നോക്കിക്കൊള്ളും. – സ്വാമി വിവേകാനന്ദൻ*

**മുൻകയ്യെടുക്കൽ സംബന്ധിച്ച്**

- ഇന്ത്യയിൽ ഉല്പാദനരംഗം പുഷ്ടിപ്പെടുത്തുന്നതിനായി ഇന്ത്യയിൽ നിർമ്മിക്കുക (Make in India) യത്നം ആരംഭിച്ചു.



- ലോകനിലവാരത്തിലുള്ള ആന്തരഘടന (Infrastructure)
- 100 സ്മാർട്ട് സിറ്റികൾ; 50 സിറ്റികളിൽ മെട്രോ റയിൽ പദ്ധതികൾ; 500 നഗരങ്ങളിൽ അത്യാധുനിക മാലിന്യ നിർമ്മാർജ്ജന പദ്ധതി.
- ആർക്കും എത്തിപ്പെടാവുന്ന അകലത്തിൽ, താങ്ങാവുന്ന ചെലവിൽ ആരോഗ്യസംരക്ഷണം.
- 2019 ഓടെ എല്ലാ തലകൾക്കു മുകളിലും മേല്ക്കൂര. എല്ലാ ഭവനത്തിലും വിദ്യുത്ച്ഛക്തി.
- ശുദ്ധമായ ഊർജ്ജം; സൗരോർജ്ജത്തിന് മുൻഗണന; ഊർജ്ജരംഗത്തെ കാര്യക്ഷമത.
- ജല സംഭരണം.
- ഗംഗാനദി മാലിന്യമുക്തമാക്കൽ. അത് വിപുലമായ ഒരു നഗര നവീകരണ പദ്ധതിയും പരിസ്ഥിതി സംരക്ഷണ നടപടിയുമാണ്.

**നമ്മുടെ സഹകരണത്തിന് വിപുലമായ അവസരങ്ങൾ ഞാൻ കാണുന്നു. അവയിൽ ചിലതിനെ ഞാൻ പ്രമുഖമാക്കി കാട്ടട്ടെ.**

- ഇന്ത്യയിലേക്ക് വൻതോതിൽ ഇപ്പോൾതന്നെ നിങ്ങൾ കല്ക്കരി കയറ്റുമതി ചെയ്യുന്നുണ്ട്. ഇന്ത്യൻ വ്യവസായ മേഖല ചലനാത്മകവും വികസിതവുമായിക്കൊണ്ടിരിക്കുന്നതിനാൽ പ്രകൃതിവിഭവങ്ങളുടെ കാര്യത്തിൽ പൊതുവെ വലിയ അവസരങ്ങൾ ഞാൻ കാണുന്നു.
- ക്വീൻസ് ലാൻഡിൽ നിന്ന് പ്രകൃതിവാതക ഇറക്കുമതിയും ഞങ്ങൾക്ക് ഉടനെ ആരംഭിക്കാൻ കഴിയും.
- ഖനന സാങ്കേതികവിദ്യ, തത്സംബന്ധമായ സേവനങ്ങൾ യന്ത്രോപകരണങ്ങൾ ഖനികളുടെ സുരക്ഷിതത്വം, ഖനി ഭരണ നിർവ്വഹണം, കല്ക്കരി ശുദ്ധീകരണം, മൈനിംഗ് കൺസൾട്ടൻസി തുടങ്ങിയ വിഷയങ്ങളിൽ ഇപ്പോൾ തന്നെ നിങ്ങൾ നായകസ്ഥാനത്താണ്.

- ഇന്ത്യയിലും പങ്കാളിത്തത്തിന് ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.
- ഞങ്ങളുടെ നയങ്ങൾ സുതാര്യവും ഫലം മുൻകൂട്ടി ദർശിക്കാവുന്നതും ആക്കി മാറ്റികഴിഞ്ഞു. നടപടിക്രമങ്ങൾ വ്യക്തമായി നിർവ്വചിക്കാവുന്നതും ലളിതവും ആക്കിയിരിക്കുന്നു.
- ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ മേഖലയെ ശക്തിപ്പെടുത്തുന്നതിലും ക്വീൻസ് ലാൻഡിനു പങ്കുവഹിക്കാം. മോശമല്ലാത്ത അളവിൽ പഴങ്ങൾ, പച്ചക്കറികൾ, രാസവളം തുടങ്ങിയവ ഇപ്പോൾതന്നെ ഞങ്ങൾ ഇറക്കുമതി ചെയ്യുന്നുണ്ട്.
- നമുക്കാവശ്യം ഒരു സംയോജിത പങ്കാളിത്തമാണ്. കാർഷികാദായത്തിന്റെയും ഉല്പാദനക്ഷമതയുടെയും വർദ്ധന, കാർഷികോല്പന്ന വിതരണ ശൃംഖലയുടെ ആന്തരിക ഘടനയുടെ (Infrastructure) വികസനം, ഭക്ഷ്യ സംസ്കരണ രംഗത്തെ വികസനം എന്നിവ വച്ചുകൊണ്ടുള്ള ഒരു സംയുക്ത ഗവേഷണ പദ്ധതി. എന്റെ ഗവൺമെന്റ് വലിയ മുൻഗണന കൊടുക്കുന്ന മേഖലയാണിത്.
- അടുത്ത 5 വർഷംകൊണ്ട് ശതകോടികളാണ് ആന്തരിക ഘടനാ (Infrastructure) മേഖലയിൽ ഞങ്ങൾ മുതലിറക്കാൻ പോകുന്നത്.
- സാങ്കേതിക വിദ്യയുടെ വികസിത മേഖലകളിൽ ക്വീൻസ് ലാൻഡിനുള്ള കരുത്ത് ജൈവ സാങ്കേതിക വിദ്യ, വ്യോമയാന മേഖലകളിൽ സഹപ്രവർത്തനത്തിനുള്ള വിപുലമായ അവസരം വാഗ്ദാനം ചെയ്യുന്നു.
- വിവരസാങ്കേതിക വിദ്യ- വാർത്താവിനിമയ മേഖലകളിൽ ശക്തമായ കൂട്ടുസംരംഭങ്ങൾക്കു തുടക്കം കുറിക്കുകയും ജീവിതത്തിന്റെയും വ്യാപാരത്തിന്റെയും വികസ്വരമേഖലകളിൽ അവയുടെ പ്രയോഗം ത്വരിതപ്പെടുത്തുകയും ചെയ്യാൻ നമുക്കു കഴിയും. ഇന്ത്യൻ ഐ.ടി. കമ്പനികൾക്ക് നല്ല സാദ്ധ്യത തുറക്കപ്പെടുമെന്ന് ഞാൻ കരുതുന്നു. തിരിച്ച് ഡിജിറ്റൽ ഇന്ത്യ നിങ്ങൾക്കും ബൃഹത്തായ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു.



- ടൂറിസം മേഖലയിലെ വിജയത്തിനും ക്വീൻസ് ലാൻഡിന് ഏറെ അഭിമാനിക്കാൻ വകയുണ്ട്. കൂടുതൽ കൂടുതൽ ഇന്ത്യക്കാർ ക്വീൻസ് ലാൻഡിന്റെ അവിശ്വസനീയമായ സൗന്ദര്യത്തിലും ആതിഥ്യമര്യാദകളിലും മോഹിതരായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങളുമായി കൂട്ടുചേരാൻ ഇന്ത്യൻ സംരംഭകർക്ക് താല്പര്യമുണ്ടായിരിക്കും.
- ഇന്ത്യയിൽ ഞങ്ങൾ വിഭാവനം ചെയ്യുന്ന വാസയോഗ്യമായ ചുറുചുറുക്കുള്ള സിറ്റികളിലെ നാഗരിക സമൂഹത്തിന് ഭക്ഷണം വിളമ്പാൻ ഞങ്ങൾക്കൊപ്പം നിങ്ങൾക്കും ചേരാം. 2025 ഓടെ ലോകത്തിലെ നാഗരിക സമൂഹത്തിന്റെ 11 ശതമാനവും ഇന്ത്യയിൽ ആയിരിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.
- ഉല്പാദന പ്രക്രിയയുടെ ചക്രകേന്ദ്ര (Hub)മായി നിങ്ങൾക്ക് ഇന്ത്യയെ മാറ്റാം. ഇന്ത്യയിലേക്കു കയറ്റുമതിയും തിരിച്ച് ആസ്ത്രേലിയയിലേക്ക് ഇറക്കുമതിയും എല്ലാം ത്വരിതപ്പെടും.
- വൈദഗ്ദ്ധ്യ പോഷണം, വിദ്യാഭ്യാസം, ഗവേഷണം, വികസനം തുടങ്ങിയ മേഖലകളിൽ കൂടുതൽ അടുത്ത സഹകരണം വളർത്തണം.
- ഇന്ത്യയും അസ്ത്രേലിയയുമായി ശാസ്ത്ര, സാങ്കേതിക-വിദ്യാരംഗത്ത് വളർന്നുകൊണ്ടിരിക്കുന്ന ബന്ധം സുദൃഢമാക്കാൻ നിങ്ങളുടെ സർവ്വകലാശാലകളും ഗവേഷണ കേന്ദ്രങ്ങളും ഏറെ സംഭാവനകൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്.
- ഇന്ത്യ – ആസ്ത്രേലിയ സ്ട്രാറ്റജിക് റിസേർച്ച് ഫണ്ടിന്റെ പശ്ചാത്തലത്തിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹ-പ്രവർത്തനം ഇത് കൂടുതൽ യാഥാർത്ഥ്യമാക്കുന്നു.



- ഇന്ത്യൻ വിപണിയിലേക്ക് നിങ്ങൾ ഉറ്റുനോക്കിയിട്ടുണ്ടെന്നും ഇന്ത്യയിലെ അവസരങ്ങളെക്കുറിച്ച് നിങ്ങളിൽ അധികം പേർക്കും അവബോധമുണ്ടെന്നും എനിക്കറിയാം.
- ഇന്ത്യയിൽ ഒരു മാറ്റം നിങ്ങൾ കണ്ടുതുടങ്ങും.
- അനിശ്ചിതവും പ്രവചനാതീതവുമായ വഴികളിലൂടെ, ഉടനീളം തടസ്സപ്പെടുന്ന വീഥികളിലൂടെ അവസരങ്ങൾ ലക്ഷ്യമാക്കി നിങ്ങൾക്കു സഞ്ചരിക്കേണ്ടതായി വരില്ല.
- അവസരങ്ങളെ നിങ്ങൾക്കു പങ്കാളിത്തങ്ങളായി മാറ്റാൻ കഴിയും. മാത്രമല്ല, അത് സ്വാഗതമോതുന്നതും അനായാസം കാര്യനിർവ്വഹണം നടത്താവുന്നതുമായ പശ്ചാത്തലത്തിൽ ചെയ്യാനും കഴിയും.
- ഇന്ത്യ- ആസ്ത്രേലിയ ബന്ധം അനേക വിഷയങ്ങളടങ്ങിയിട്ടുള്ളതും സാമ്പത്തികസഹകരണം അന്തർഭവിച്ചിട്ടുള്ളതും വളരുന്ന സുരക്ഷിതത്വവും തന്ത്രപ്രാധാന്യവും ഉള്ള പങ്കാളിത്തമാണെന്നും നമ്മുടെ മേഖലയിലെ



സമാധാനത്തിനും സ്ഥിരതയ്ക്കും അഭിവൃദ്ധിക്കും അനുപേക്ഷണീയമായ, അന്തർദ്ദേശീയ ചർച്ചാവേദികളിലെ സഹകരണത്തിനും വേണ്ടിയുള്ളതാണെന്നും പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കട്ടെ.

- നിങ്ങളുടെ നിരീക്ഷണങ്ങൾ അറിയാൻ ഞാൻ ഉത്സുകനാണ്. എന്നോടൊപ്പമുള്ള സംഘം അത് പരിഗണിക്കുന്നതാണ്.
- ഈ പ്രഭാതത്തിൽ ഇവിടെയെത്തിയതിൽ നിങ്ങൾക്കെല്ലാവർക്കും ഞാൻ നന്ദി പറയുന്നു. നിങ്ങളുടെ വരുംദിവസങ്ങൾ സൃഷ്ടിപരമായിരിക്കുമെന്ന് ഞാൻ ആശംസിക്കുന്നു.

വീണ്ടും നന്ദി.

(17/11/2014)

✪

# ഹൃദയത്തിന്റെ ഭാഷയിൽ (മൻ കി ബാത്)



എന്റെ പ്രിയ ദേശവാസികളേ,

ഇന്ന് വിജയദശമിയുടെ പാവനമായ ഉത്സവമാണ്. നിങ്ങളേവർക്കും വിജയദശമിയുടെ ശുഭാശംസകൾ. ഇന്ന് ഞാൻ റേഡിയോയിലൂടെ നിങ്ങളോട് ചില മനോവിചാരങ്ങൾ പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. സംഭാഷണത്തിന്റെ ഈയൊരു രീതി ക്രമമായി ഭാവിയിലും തുടരാൻ ആഗ്രഹിക്കുന്നുണ്ട്. മാസത്തിൽ ഒന്നോ രണ്ടോ തവണ നിങ്ങളോട്



സംസാരിക്കാൻ സമയം കണ്ടെത്തുവാൻ കഴിയുമോ എന്നു ഞാൻ പരിശോധിക്കുന്നതായിരിക്കും. അങ്ങനെ സാധിച്ചാൽ, അത് ഞായറാഴ്ചകളിൽ രാവിലെ 11 മണിക്കാണെങ്കിൽ നിങ്ങൾക്ക് സൗകര്യപ്രദമായിരിക്കുമെന്നും എന്റെ മനോവിചാരങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുന്നതിൽ സാഫല്യം കൈവരിക്കുവാൻ കഴിയുന്നതിന്റെ സന്തോഷം എനിക്കു ലഭിക്കുമെന്നും ഞാൻ കരുതുന്നു. ഇന്ന് നാം ആഘോഷിക്കുന്ന വിജയദശമി, തിന്മയുടെമേൽ നന്മ നേടിയ വിജയത്തിന്റെ ഉത്സവമാണ്. എന്നാൽ ക്യൂബയിലെ ഒരു നല്ല മനുഷ്യൻ ശ്രീമാൻ ഗണേശ് വെങ്കരാദരി അയച്ച സന്ദേശത്തിലൂടെ എന്നോട് നിർദ്ദേശിച്ചത് ഈ വിജയദശമി ദിനത്തിൽ നമ്മുടെ മനസ്സിലെ പത്ത് തിന്മകളെ അവസാനിപ്പിക്കുന്നതിനുള്ള ദൃഢനിശ്ചയം നാം എടുക്കേണ്ടതുണ്ട് എന്നാണ്. ഈ ഉപദേശത്തിന് എനിക്ക് അദ്ദേഹത്തോടുള്ള കടപ്പാട് ഞാൻ പ്രകടിപ്പിച്ചുകൊള്ളട്ടെ. ഓരോരുത്തരും വിചാരിക്കുന്നുണ്ടാവാം, തങ്ങളുടെ ഉള്ളിലെ കഴിയുന്നത്ര തിന്മകളെ ഉന്മൂലനം ചെയ്ത് വിജയം പ്രാപ്തമാക്കാം എന്ന്. എന്നാൽ ഒരു രാഷ്ട്രമെന്ന നിലയ്ക്ക് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, വരൂ വിജയദശമിയുടെ ഈ പുണ്യ ദിനത്തിൽ മാലിന്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് വിജയം പ്രാപ്തമാക്കാം എന്നാണ്.

*നമ്മുടെ രാജ്യത്തിന് ഇന്നാവശ്യം ഇരുമ്പുകൊണ്ടുള്ള മാംസപേശികളും ഉരുക്കുകൊണ്ടുള്ള ഞരമ്പുകളുമാണ്. യാതൊന്നിനും നിരോധിക്കാൻ കഴിയാത്ത അതിമാനുഷമായ ഇച്ഛാശക്തി - വിശ്വമഹാരഹസ്യങ്ങളിലേക്ക് ആണ്ടിറങ്ങാൻ കഴിയുന്ന മഹത്തായ ഇച്ഛാശക്തി - ആഴിയുടെ അടിത്തട്ടോളം പോകേണ്ടിവന്നാലും മരണത്തെത്തന്നെ നേരിടേണ്ടിവന്നാലും ലക്ഷ്യം നിറവേറ്റാതെ പിൻതിരിയാത്ത ഇച്ഛാ ശക്തി - അതാണ് നമ്മുടെ ഇന്നത്തെ ആവശ്യം. - സ്വാമി വിവേകാനന്ദൻ*

ഇന്നലെ ഒക്ടോബർ 2-ന് മഹാത്മാ ഗാന്ധിയുടെ ജന്മദിനത്തിൽ സ്വച്ഛ് ഭാരത് അഭിയാൻ (മാലിന്യവിമുക്ത ഭാരത പ്രക്ഷോഭം) 125 കോടി ഭാരതീയർ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

നിങ്ങളേവരും ഈ പ്രക്ഷോഭത്തെ മുന്നോട്ട് കൊണ്ടുപോകുമെന്ന് എനിക്ക് ഉറപ്പുണ്ട്. സ്വയം മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്ന വീഡിയോ സോഷ്യൽ മീഡിയയിൽ അപ്‌ലോഡ് ചെയ്യുന്ന 9 ആളുകളെ ഞാൻ ക്ഷണിക്കുമെന്നും ഇന്നലെ സ്വച്ഛ് ഭാരത് അഭിയാനിൽ ഞാൻ പ്രഖ്യാപിച്ചിരുന്നു. നിങ്ങളും ഇതിൽ ചേരുക, നിങ്ങൾ ശുചീകരണം ചെയ്യുക. നിങ്ങൾ ഇതിനായി ആഹ്വാനം ചെയ്യാനാഗ്രഹിക്കുന്നവരെ ഇതിലേക്കു ക്ഷണിക്കുക. അവർ വേറെ 9 പേർക്ക് മാതൃകയാകട്ടെ. അങ്ങനെ ക്രമേണ ഈ രാജ്യം മുഴുവൻ ഇത്തരത്തിലുള്ള പരിസ്ഥിതി വളരട്ടെ. ഈ ഒരു പ്രക്രിയ നിങ്ങൾ മുന്നോട്ടു നയിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. നാം ഗാന്ധിജിയെക്കുറിച്ച് പറയുമ്പോൾ ഖാദിയുടെ കാര്യവും സ്വാഭാവികമായി കടന്നുവരുന്നു. നിങ്ങളുടെ കുടുംബത്തിൽ അനേകം തുണിത്തരങ്ങളും കമ്പനി ഉൽപന്നങ്ങളും ഉണ്ടാവാം. അവയിലൊന്ന് ഖാദി ഉല്പന്നമാക്കുവാൻ കഴിയില്ലേ? ഞാൻ നിങ്ങളെ പൂർണ്ണ ഖാദിധാരിയാക്കുവാൻ വേണ്ടി പറയുകയല്ല. ഞാനിത്രമാത്രമാണു പറയുന്നത്. ഏറ്റവും ചെറിയ ഒരു തുണ്ടു വസ്ത്രം, ഒരു കൈലേസ്, ഒരു തോർത്തുമുണ്ട്, തലയിണക്കവർ അല്ലെങ്കിൽ ബെഡ്ഷീറ്റ് എങ്കിലും നിങ്ങൾ ഖാദിയുടേത് വാങ്ങുമ്പോൾ ഒരു ദരിദ്രഭവനത്തിൽ ദിവാളിയുടെ ഒരു തിരി തെളിക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. ഒപ്പംതന്നെ ഒക്ടോബർ 2 മായി ബന്ധപ്പെട്ട ഖാദി വസ്ത്രങ്ങൾക്കുള്ള പ്രത്യേക വിലക്കുറവും (Discount) നിങ്ങൾക്കു കിട്ടും. ഇങ്ങനെ ഒരു ചെറിയ കാര്യം ചെയ്യുമ്പോൾ ദരിദ്രരോട് നിങ്ങൾക്ക് എത്ര നല്ല ഐക്യദാർഢ്യമാണ് ഉണ്ടാവുക എന്ന് ദർശിച്ചാലും. എന്തൊരു സാഫല്യമാണ് നിങ്ങൾക്കു ലഭിക്കുന്നത്. ഈ 125 കോടി ജനങ്ങളും ഇതുവരെ എന്തായിരുന്നു - എനിക്കു തോന്നുന്നത് എല്ലാം സർക്കാർ ചെയ്യും എന്നു കരുതിയിരിക്കുകയായിരുന്നു എന്നാണ്. പക്ഷെ നാം കണ്ടു, മുന്നോട്ടു



പോകണമെങ്കിൽ 125 കോടി ജനങ്ങളും പ്രവർത്തിക്കേണ്ടിവരും. സ്വയം തിരിച്ചറിയേണ്ടിവരും. സ്വന്തം ശക്തിയെന്തെന്ന് മനസ്സിലാക്കേണ്ടിവരും. ഞാൻ സത്യം സത്യമായി പറയുന്നു. നാം ലോകത്തിലെ അപൂർവ്വ ജനതയാണ്.

*എന്റെ സ്നേഹിതന്മാരേ, അതുകൊണ്ട് പോംവഴി ഒന്നേയുള്ളൂ. പ്രഥമവും പ്രധാനവുമായി ആ ആദ്ധ്യാത്മികത, നമ്മുടെ പൂർവ്വപിതാമഹന്മാർ പരമ്പരയായി നമുക്കു നൽകിയ അമൂല്യനിധി, മുറുകെ പിടിക്കുക. രാജാക്കന്മാരിലോ, കോട്ടകൾക്കുള്ളിൽ താമസിച്ച് പാവപ്പെട്ട യാത്രികരെ കൊള്ളയടിച്ചുപോന്ന കവർച്ചത്തലവൻമാരിലോ നിന്നല്ലാതെ അർദ്ധനഗ്നരായി കാട്ടിൽ താമസിച്ചുവന്ന മഹർഷിമാരിൽ നിന്ന് തങ്ങളുടെ കുലപാരമ്പര്യം അവകാശപ്പെടാൻ ശ്രമിച്ച രാജാധി രാജന്മാരുള്ള നാടിനെപ്പറ്റി എന്നെങ്കിലും എവിടെയെങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടോ? ഇതാണ് ആ നാട്! മറ്റു നാടുകളിൽ വലിയ പുരോഹിതൻമാർ തങ്ങളുടെ കുലോല്പത്തി ഏതെങ്കിലും ഒരു രാജാവിൽ നിന്നു കാണിക്കുവാൻ വെമ്പുന്നു. എന്നാൽ ഇവിടെയോ, രാജാധിരാജന്മാർപോലും തങ്ങളുടെ വംശപിതാക്കളായി പുരാണമഹർഷിമാരെ ചൂണ്ടിക്കാണിക്കുന്നു.*

*- സ്വാമി വിവേകാനന്ദൻ*

നിങ്ങൾക്ക് അറിയാമല്ലോ, നമ്മുടെ ശാസ്ത്രകാരന്മാർ ഏറ്റവും കുറഞ്ഞ ചെലവിൽ ചൊവ്വാഗ്രഹത്തിലെത്താനുള്ള സാങ്കേതികവിദ്യ സഫലമായി നടപ്പിലാക്കിയെന്ന്. നമ്മുടെ ശക്തിക്ക് യാതൊരു കുറവുമില്ല, നാമതു തിരിച്ചറിയുന്നില്ല എന്നു മാത്രം. നാം നിരാശ്രയരായെന്നോ, എന്റെ പ്രിയ സഹോദരീസഹോദരന്മാരേ, അങ്ങനെയൊരിക്കലുമില്ല. എനിക്ക് വിവേകാനന്ദസ്വാമികളുടെ വാക്കുകൾ ഓർമ്മ വരികയാണ്. അദ്ദേഹം ഈ കഥ അനേകം തവണ ആളുകളോടു പറഞ്ഞിട്ടുണ്ടാവണം. ഒരു സിംഹി തന്റെ 2 പിഞ്ചു കുഞ്ഞുങ്ങളേയുംകൊണ്ട് നടന്നു പോവുകയായിരുന്നു. അത് ഒരു ആട്ടിൻ കൂട്ടത്തെ കണ്ട് അവയെ വേട്ടയാടാനായി മുന്നോട്ടു കുതിച്ചു. അതിന്റെ കുഞ്ഞുങ്ങളിൽ ഒന്നും ഒപ്പം ചേർന്നു.

എന്നാൽ മറ്റേ കുഞ്ഞ് പിന്നിലായിപ്പോയി. ക്ഷീണിച്ച അതിന് ഒരു പെണ്ണാട് പാലു കൊടുത്തു സംരക്ഷിക്കാൻ തുടങ്ങി. തുടർന്ന് ആ സിംഹക്കുട്ടി ആട്ടിൻകൂട്ടത്തോടൊപ്പം വളർന്നു. അതിന്റെ ശബ്ദം, ഭക്ഷണരീതികൾ എല്ലാം ചെമ്മരിയാടു കളുടേതു പോലെയായി. അമ്മയോടൊത്തു വേട്ടയാടാൻ പോയ സിംഹക്കുട്ടിയും വളർന്നു. അത് ഒരു പൂർണ്ണ സിംഹമായി മാറി. ഒരിക്കൽ അത് ആട്ടിൻകൂട്ടത്തോടൊപ്പം വളർന്ന തന്റെ ഇരട്ടയെ കാണാനിടയായി. ആട്ടിൻ കൂട്ടത്തോടൊപ്പം മേയുന്ന, അവയെപ്പോലെ ശബ്ദിക്കുന്ന അതിനെ കണ്ട് സിംഹത്തിന് ആത്മദുഃഖവും അപമാനവും തോന്നി. അത് ആട്ടിൻകൂട്ടത്തിൽ വളർന്ന തന്റെ സഹോദ രനെ സമീപിച്ച് നീയും ഒരു സിംഹമാണെന്ന് അതിനോടു പറഞ്ഞു. അതിന് ഒരിക്കലും വിശ്വാസമായില്ല. അതു പറഞ്ഞു, നോക്കൂ എന്റെ ശബ്ദം, രീതികൾ എല്ലാം ആടിന്റേതു തന്നെ, ഞാൻ ഒരു ആടാണ്. സഹോദരനായ സിംഹം അതിനെ കൂട്ടി ഒരു കിണറിനരികിലേക്കു പോയി. രണ്ടു പേരും കിണറി ലേക്കു നോക്കി. കിണറിലെ ജലത്തിൽ ഇരുവരുടേയും പ്രതി ബിംബത്തെ കാട്ടി അമ്മയോടൊത്തു വളർന്ന സിംഹം മറ്റേതി നോടു പറഞ്ഞു – 'നോക്കൂ നീയും ഞാനും ഒരേപോലെയുള്ള വരാണ്. നീയും എന്നേപ്പോലെ സിംഹംതന്നെ'. ആട്ടിൻ കൂട്ടത്തിൽ വളർന്ന സിംഹത്തിനു കാര്യം മനസ്സിലായി. അതിനു സ്വയം ആദരവു തോന്നി. സ്വന്തം ശക്തി അതിനു മനസ്സിലായി. അത് ആടിന്റെ കരച്ചിൽ നിർത്തി, സിംഹ ത്തെപ്പോലെ ഗർജ്ജിക്കാൻ തുടങ്ങി. അതിന്റെ ഉള്ളിലെ

*വ്യാവഹാരിക ലോകത്തിലായാലും ആദ്ധ്യാത്മിക ലോകത്തിലായാലും ഭയമാണ് അധോഗതിയുടെയും ദുരിതത്തിന്റെയും സുവ്യക്തമായ കാരണം. ഭയമാണ് കഷ്ടതയുടെ മൂലം; ഭയമാണ് മരണത്തെ ക്ഷണിച്ചു വരുത്തുന്നത്; ഭയമാണ് തിന്മയ്ക്കു വളം ചേർക്കുന്നത്. ഈ ഭയത്തിന്റെ കാരണമെന്ത്? സ്വഭാവത്തെപ്പറ്റിയുള്ള അജ്ഞത, നാമോരോരുത്തരും ചക്രവർത്തികളുടെ ചക്രവർത്തിയായുള്ളവന്റെ അനന്തരാവകാശിയാണെ ന്നോർക്കുക. – സ്വാമി വിവേകാനന്ദൻ*



സ്വത്വബോധമുണർന്നു. വിവേകാനന്ദ സ്വാമികളും ഇതു തന്നെയാണ് പറഞ്ഞുകൊണ്ടിരുന്നത്. പ്രിയപ്പെട്ടവരെ 125 കോടി ഭാരതീയരിൽ അപാരമായ ശക്തിയുണ്ട്. അപാരമായ സാമർത്ഥ്യവും കഴിവുകളുമുണ്ട്. നാം നമ്മെത്തന്നെ തിരിച്ചറിയേണ്ടതുണ്ട്, നമ്മുടെ ഉള്ളിലെ ശക്തിയെക്കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്. അങ്ങിനെ ചെയ്താൽ സ്വാമി വിവേകാനന്ദൻ പറഞ്ഞതുപോലെ ആ ആത്മസമ്മാൻ (Self respect) വഹിച്ചുകൊണ്ട്, ആ സ്വയം തിരിച്ചറിയലിന്റെ വെളിച്ചത്തിൽ നാം മുന്നോട്ടു നീങ്ങും, നാം വിജയപാതയിലെത്തും, നമ്മുടെ രാഷ്ട്രം വിജയമകുടം ചൂടും, സാഫല്യം നേടും. എനിക്കറിയാം, നമ്മുടെ 125 കോടി ജനങ്ങളും സമർത്ഥരാണ്, ശക്തരാണ്, നമുക്കും വലിയ ആത്മവിശ്വാസത്തോടെ നിവർന്നു നിൽക്കുവാൻ കഴിയും. ഈ ദിനങ്ങളിൽ ഇ-മെയിൽ വഴി, സോഷ്യൽ മീഡിയയിലൂടെ, ഫേസ്ബുക്ക് ദ്വാരാ അനേകം മിത്രങ്ങൾ എനിക്കു കത്തുകൾ അയയ്ക്കുന്നുണ്ട്. ഗൗതം പാൽ എന്ന വ്യക്തി അത്തരത്തിൽ, ഭിന്നശേഷികളുള്ള കുട്ടികൾക്കുവേണ്ടി കോർപ്പറേഷനു കളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത എന്നോടു സൂചിപ്പിക്കുകയുണ്ടായി. അവരുടെ കഴിവുകൾക്കും വളരാനുള്ള അവസരം ഉണ്ടാവേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ഈ നിർദ്ദേശം എനിക്കും നല്ലതാണെന്ന് തോന്നുന്നു. കാരണം എനിക്കും ഇത്തരത്തിലുള്ള ചിന്തകളും അനുഭവങ്ങളും ഉണ്ട്. 2011-ൽ ഞാൻ ഗുജറാത്ത് മുഖ്യ മന്ത്രിയായിരുന്ന അവസരത്തിൽ ഏഥൻസിലെ സ്പെഷ്യൽ ഒളിംപിക്സിൽ പങ്കെടുത്ത് വിജയിച്ചുവന്ന ഗുജറാത്തുകാരായ കുട്ടികളെ, പ്രത്യേകിച്ചു ഭിന്നശേഷിയുള്ളവരെ എന്റെ വീട്ടിൽ



ക്ഷണിച്ചുവരുത്തി 2 മണിക്കൂർ ഞാൻ അവർക്കൊപ്പം ചെലവഴിച്ചു. അത് എന്റെ ജീവിതത്തിലെ വൈകാരികവും അവിസ്മരണീയവുമായ വേളയായിരുന്നു. കാരണം ഞാൻ കരുതുന്നു, ഏതെങ്കിലും കുടുംബത്തിൽ ഭിന്നശേഷിയുള്ള ഒരു കുട്ടിയുണ്ടെങ്കിൽ അതിനെക്കുറിച്ചുള്ള ഉത്തരവാദിത്വം ആ കുട്ടിയുടെ മാതാപിതാക്കൾക്കു മാത്രമല്ല, സമൂഹം മുഴുവന്റേതുമാണ്. ഈശ്വരൻ ഒരുപക്ഷെ ആ കുടുംബത്തെ കൂടുതലായി സ്നേഹിക്കുന്നുണ്ടാവും. എന്നാൽ ആ കുട്ടി മുഴുവൻ രാഷ്ട്രത്തിന്റെയും ബാധ്യതയും ഉത്തരവാദിത്വവുമാണ്. അവസാനം ഇത്രമാത്രം വൈകാരികബന്ധം എനിക്കവരോടുണ്ടായതിന്റെ പശ്ചാത്തലത്തിൽ ഞാൻ ഗുജറാത്തിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കുവേണ്ടി പ്രത്യേക ഒളിംപിക്സ് നടത്താറുണ്ടായിരുന്നു. ആയിരക്കണക്കിനു കുട്ടികളും അവരുടെ മാതാപിതാക്കളും അതിൽ പങ്കെടുക്കാൻ എത്താറുണ്ടായിരുന്നു. ഞാനും മുടക്കം വരാതെ അതിൽ പങ്കെടുത്തിരുന്നു. അങ്ങനെ വിശ്വാസത്തിന്റേതായ ഒരന്തരീക്ഷം



രൂപപ്പെട്ടു വന്നു. അതിനാൽതന്നെ ഗൗതംപാലിന്റെ ഈ നിർദ്ദേശം എനിക്കു വളരെ നല്ലതാണെന്നു തോന്നുന്നു. അതു നിങ്ങളുമായി പങ്കുവയ്ക്കുന്നു.

> *നമുക്കു വേണ്ടത് വീര്യമാണ്, സ്വാതന്ത്ര്യപ്രേമമാണ്, സ്വാശ്രയപ്രവണതയാണ്, അചഞ്ചലമായ സഹിഷ്ണുതയാണ്, കർമ്മകുശലതയാണ്. നൂറുപേർ പോരിൽ നിലംപതിച്ചാലും ശരി കൊടി ഏറ്റു വാങ്ങിക്കൊണ്ടു മുന്നേറുക. ആര് തോറ്റാലും ശരി, ദൈവം സത്യമാണ്. വീഴുന്നവൻ കൊടി മുന്നോട്ടുകൊണ്ടു പോകുവാൻ വീഴാത്തവനെ ഏല്പിക്കട്ടെ. അത് നിലംപതിക്കരുത്.*
>
> *– സ്വാമി വിവേകാനന്ദൻ*

എനിക്കു മറ്റൊരുകഥ ഓർമ്മ വരുകയാണ്. ഒരു വഴിയാത്രക്കാരൻ വഴിയരികിലിരുന്ന് വരുകയും പോകുകയും ചെയ്യുന്നവരോട് തനിക്കു പോകേണ്ട സ്ഥലത്തേക്കുള്ള വഴി ചോദിക്കാൻ തുടങ്ങി. ഒന്ന്, രണ്ട്, മൂന്ന്... അങ്ങനെ അനേകരോടു ചോദിച്ചു. ആരും അയാളെ പരിഗണിച്ചില്ല. അവസാനം അയാൾ എണീറ്റു നിന്നു. അയാളുടെ അരികിൽ മറ്റൊരാൾ ഇരിക്കുന്നുണ്ടായിരുന്നു. യാത്രക്കാരൻ യാത്രയ്ക്കൊരുങ്ങി എണീറ്റപ്പോൾ അയാളും എണീറ്റു നിന്നു. എന്നിട്ടു പറഞ്ഞു 'സഹോദരാ നിങ്ങൾക്കു പോകാനുള്ള സ്ഥലത്തേക്കുള്ള വഴി ഇവിടെ നിന്നാണു തുടങ്ങുന്നത്. ഇക്കാണുന്ന വഴിയേ പോയാലും'. യാത്രക്കാരൻ ചോദിച്ചു. 'ഇത്ര സമയവും ഞാൻ വഴി ചോദിച്ചിട്ടും നിങ്ങൾ എന്റെ അരികിലിരുന്നിട്ടു കൂടി, ഇതുവരെ നിങ്ങൾ എനിക്കു വഴി പറഞ്ഞു തരാതിരുന്നത് എന്തുകൊണ്ടാണ്?' രണ്ടാമൻ മറുപടി പറഞ്ഞു, 'നിങ്ങൾ പോകാൻ വേണ്ടിയാണ് വഴി ചോദിച്ചതെന്ന് എനിക്കു വിശ്വാസമുണ്ടായിരുന്നില്ല. വെറുതെ അറിഞ്ഞിരിക്കാൻവേണ്ടി മാത്രമായിരുന്നു ചോദിച്ചത് എന്നാണ് ഞാൻ കരുതിയത്, കാരണം നിങ്ങൾ ഇരിക്കുകയായിരുന്നു. അവസാനം യാത്ര പുറപ്പെടാൻ തയ്യാറായി എണീറ്റപ്പോൾ മനസ്സിലായി, ഈ മനുഷ്യൻ യഥാർത്ഥത്തിൽ



ലക്ഷ്യത്തിലെത്തുവാൻ വേണ്ടിത്തന്നെയാണ് വഴിചോദിച്ചതെന്ന്. ഇയാൾക്കു വഴി പറഞ്ഞു കൊടുക്കേണ്ടതുണ്ട് എന്ന്.’

പ്രിയ ദേശവാസികളെ, നാം മുന്നേറുവാനുള്ള ദൃഢനിശ്ചയം എടുക്കാത്തിടത്തോളം, അതിനായി സ്വയം മുന്നിട്ടിറങ്ങാത്തിടത്തോളം കാലം വഴികാട്ടികളായി ആരും മുന്നോട്ടു വരികയില്ല, വിരൽത്തുമ്പിൽ പിടിച്ച് മുന്നോട്ടു നയിക്കുവാൻ ആരുമുണ്ടാവില്ല. യാത്രയുടെ ആരംഭം കുറിക്കേണ്ടത് നാം തന്നെയാണ്, മാർഗ്ഗദർശകർ നമുക്കു മുമ്പേ നടന്നുകൊള്ളും. എനിക്കു വിശ്വാസമുണ്ട്, 125 കോടി ഭാരതീയരും തീർച്ചയായും മുന്നേറാൻ സമർത്ഥരാണ്, മുന്നേറുകതന്നെ ചെയ്യും.

*ഒരു മുറിയിൽ നൂറ്റാണ്ടുകളായി ഇരുട്ടാണെന്ന് വിചാരിക്കുക. നാം ആ മുറിയിൽ കടന്നുചെന്ന് ഓ - ഇരുട്ട് ഇരുട്ട് എന്നു നിലവിളിച്ചതുകൊണ്ട് ഇരുട്ടു പോകുമോ? വെളിച്ചം കൊണ്ടുവരിക, ഇരുട്ടു തനിയെ മറഞ്ഞുകൊള്ളും. മനുഷ്യപരിഷ്കരണത്തിന്റെ രഹസ്യമാണിത്. - സ്വാമി വിവേകാനന്ദൻ*



കുറച്ചു ദിവസങ്ങളായി വളരെ രസകരമായ ചില നിർദ്ദേശങ്ങൾ ആളുകൾ അയച്ചുകൊണ്ടേയിരിക്കുന്നു. എനിക്കറിയാം എപ്പോൾ എങ്ങനെ ലഭിച്ചാലും ഈ ഉപദേശ-നിർദ്ദേശങ്ങളോടും സക്രിയമായ ഒരു നിലപാട് ആവശ്യമാണ്. രാഷ്ട്രം എല്ലാവരുടെയും കൂടിയാണ്, സർക്കാരിന്റേതു മാത്രമല്ല, പൗരന്മാരുടേതാണ്. പൗരന്മാർ ഒന്നിച്ചു നില്ക്കേണ്ടത് വളരെ അത്യാവശ്യമാണ്. എന്നോടു കുറച്ചുപേർ പറഞ്ഞു. ഒരു കുടിൽ വ്യവസായം ആരംഭിക്കുമ്പോൾ അതിന്റെ രജിസ്ട്രേഷൻ നടപടികൾ കൂടുതൽ എളുപ്പത്തിലാക്കണമെന്ന്. ഞാൻ തീർച്ചയായും സർക്കാരിന് അതിനുവേണ്ട നിർദ്ദേശങ്ങൾ നൽകും. കുറച്ചാളുകൾ എനിക്കെഴുതി - കുട്ടികൾക്ക് 5-ാം ക്ലാസ് മുതൽതന്നെ സ്കിൽ ഡവലപ്മെന്റ് പഠിപ്പിക്കേണ്ടതുണ്ട് എന്ന്. എങ്കിൽ മാത്രമേ ഓരോരുത്തരും തങ്ങളുടെ ശേഷിയും സാമർത്ഥ്യവും തിരിച്ചറിയുകയുള്ളൂ. വളരെയേറെ നല്ല നിർദ്ദേശങ്ങൾ അവർ മുന്നോട്ടു വച്ചിട്ടുണ്ട്. യുവാക്കൾക്കും അവരുടെ വിദ്യാഭ്യാസത്തിന്റെ ഭാഗമായി തന്നെ വൈദഗ്ദ്ധ്യ വികസനത്തിനുള്ള പരിശീലനം ലഭ്യമാക്കേണ്ടതുണ്ടെന്നും അവർ നിർദ്ദേശിച്ചിരിക്കുന്നു. ഓരോ നൂറു മീറ്ററിനുള്ളിലും ചവറ്റുകുട്ടയും ശുചിത്വത്തിനുവേണ്ട സംവിധാനങ്ങളും ഉണ്ടാവണമെന്ന് ആരോ ഒരാൾ എനിക്കെഴുതി. വേറെ ചിലർ പോളിത്തീൻ ബാഗുകൾ നിരോധിക്കണമെന്ന ആവശ്യം മുന്നോട്ടു വച്ചിട്ടുണ്ട്. അനേകം ഉപദേശങ്ങളും നിർദ്ദേശങ്ങളും ആളുകൾ എനിക്കയച്ചുകൊണ്ടേയിരിക്കുന്നു. ഞാൻ നിങ്ങളോട് വാഗ്ദാനം ചെയ്യുന്നു - ദേശവാസികൾ എനിക്കു തന്നെയും പ്രചോദനമാകാനുതകുന്ന എന്തെങ്കിലും സൃഷ്ടിപരമായ കാര്യങ്ങൾ, സംഭവങ്ങൾ തെളിവു സഹിതം എനിക്കയച്ചു തരികയാണെങ്കിൽ ‘മൻകീബാത്’ എന്ന ഈ പ്രഭാഷണ പരമ്പരയിലൂടെ ഞാൻ അവ മുഴുവൻ ദേശവാസികളുടെയും ശ്രദ്ധയിലേക്കു

കൊണ്ടുവരുന്നതായിരിക്കും. നിങ്ങളുമായി സംസാരിക്കുന്നതിനുള്ള ഉദ്ദേശ്യം ഒന്നു മാത്രമാണ് - വരൂ നമുക്കൊന്നിച്ച് നമ്മുടെ ഭാരതമാതാവിന് സേവനം ചെയ്യാം, നമ്മുടെ ദേശത്തെ പുതിയ ഔന്നത്യങ്ങളിലേക്ക് ഉയർത്തിക്കൊണ്ടുപോകാം. നിങ്ങൾ ഒരു ചുവടു മുന്നോട്ടു വച്ചാൽ രാഷ്ട്രം 125 കോടി ചുവടുകൾ മുമ്പോട്ടു പോകും. അതിനു പ്രാരംഭം കുറിച്ചുകൊണ്ട് വിജയദശമിയുടെ ഈ പാവനദിനത്തിൽ നമ്മുടെ മനസ്സിലെ സർവ്വ തിന്മകളെയും പരാജയപ്പെടുത്തി നന്മകൾ ചെയ്യുന്നതിനുള്ള തീരുമാനത്തിൽ നമുക്ക് എത്തിച്ചേരാം. ഇന്ന് അതിന്റെ ശുഭാരംഭമാണ് കുറിക്കപ്പെടുന്നത്. മനസ്സിലുയരുന്ന ആശയങ്ങളും വിചാരങ്ങളും ഭാവിയിലും നിങ്ങളുമായി പങ്കുവയ്ക്കുന്നതാണ്. ഇന്നെന്റെ മനസ്സിലുള്ള കാര്യങ്ങളൊക്കെയും ഞാൻ നിങ്ങളോടു പറഞ്ഞുകഴിഞ്ഞു. ഇനിയും നാം തമ്മിൽ സംസാരത്തിലൂടെ കണ്ടുമുട്ടുന്നത് ഒരു ഞായറാഴ്ച 11 മണിക്കുതന്നെയായിരിക്കും. നമ്മുടെ യാത്ര തുടർന്നുകൊണ്ടേയിരിക്കുമെന്നും നിങ്ങളുടെ സ്നേഹം നിലനില്ക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ വാക്കുകൾ കേട്ടിട്ട് നിങ്ങൾ എന്നോട് എന്തെങ്കിലും പറയാനാഗ്രഹിക്കുന്നു എങ്കിൽ എനിക്ക് അയച്ചു തരിക, അത് വളരെ സന്തോഷകരമായിരിക്കും. നിങ്ങളുമായുള്ള ഈ സംഭാഷണം എനിക്കു വളരെ ഇഷ്ടമായി. റേഡിയോ എന്ന സരള മാധ്യമത്തിലൂടെ ദൂരദൂരങ്ങളിലേക്ക് ദരിദ്ര നാരായണന്മാരുടെ ഭവനങ്ങളിലേക്ക് എനിക്ക് എത്താൻ കഴിയും, കാരണം എന്റെയും എന്റെ രാജ്യത്തിന്റെയും ശക്തി ദരിദ്രരുടെ കുടിലുകളിലാണ്, രാഷ്ട്രത്തിന്റെ ശക്തി ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്. എന്റെ രാജ്യത്തിന്റെ ശക്തി അമ്മമാരിലും സോദരിമാരിലും യുവാക്കളിലുമാണുള്ളത്, എന്റെ ദേശത്തിന്റെ ശക്തി കർഷകരിലാണ്. നിങ്ങളുടെ വിശ്വാസത്തിലും വിശ്വസ്തതയിലും



രാജ്യം മുന്നോട്ടു പോകും. ഞാനെന്റെ വിശ്വാസം വ്യക്തമാക്കുകയാണ്, നിങ്ങളുടെ ശക്തിയിൽ എനിക്കു വിശ്വാസമുണ്ട്, അതിനാൽ തന്നെ ഭാരതത്തിന്റെ ഭാവിയിലും ഞാൻ വിശ്വസിക്കുന്നു.

നിങ്ങൾക്കു ഞാൻ കൃതജ്ഞത അർപ്പിക്കുന്നു. ഇതിനായി നിങ്ങൾ സമയം കണ്ടെത്തി. ഒരിക്കൽകൂടി നന്ദി. (3/10/2014)

*ഒരാൾ സദാ ചീത്തവാക്കുകൾ കേൾക്കുകയും ചീത്ത വിചാരങ്ങൾ ചിന്തിക്കുകയും ചീത്തപ്രവൃത്തികൾ ചെയ്യുകയുമാണെങ്കിൽ അവന്റെ മനസ്സ് ദൂഷിച്ച സംസ്കാരങ്ങൾ കൊണ്ടുനിറയും. അവനറിയാതെതന്നെ അവന്റെ വിചാരങ്ങളെയും പ്രവൃത്തിയെയും അത് ബാധിക്കും. ഈ ദൂഷിച്ച സംസ്കാരങ്ങൾ സദാ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലം തിന്മയാണ്. അവനൊരു ദുഷ്ട മനുഷ്യനായിത്തീരുന്നു. അവന് അങ്ങനെ ആവാതെവയ്യ. അവനിലുള്ള ഈ സംസ്കാരങ്ങളുടെ ആകെത്തുക ദുഷ്കൃത്യങ്ങൾ ചെയ്യുവാനുള്ള പ്രബലമായ പ്രേരണാശക്തിയെ സൃഷ്ടിക്കുന്നു. അവന്റെ സംസ്കാരങ്ങളുടെ കയ്യിൽ അവൻ ഒരു യന്ത്രം പോലെയാണ്. തിന്മചെയ്യാൻ അവൻ നിർബന്ധിതനാകുന്നു. - സ്വാമി വിവേകാനന്ദൻ*

✪